www.malankaralibrary.com

SINCE 1976

# ഐക്യദീപം
AIKYADEEPAM

വില 10 രൂപ ജൂൺ 2023




"പുസ്തകം തുറക്കൂ, മിഴി തുറക്കട്ടെ"

www.malankaralibrary.com


PUSHPAGIRI
MEDICAL COLLEGE HOSPITAL



Dr. MURALI
GASTRO & HPB SURGEON
MS, MCh, MNAMS, DNB, FACS, FEBS, FRCS

HPB &
GASTRO SURGERY



- Minimal access surgery
- Pancreatico duodenectomy, Frey's procedure
- Hepatectomy - adult and pediatric
- Esophagectomy, Gastrectomy
- Hemicolectomy, Anterior resection surgery
- Complex redo and retroperitoneal tumour surgery
- Portal hypertensive surgery
- Fundoplication surgery
- Thoracoscopic surgery
- Hepatico-jejunostomy, Radical Cholecystectomy
- Bariatric surgery
- Gastro Onco surgery
- Kasai procedure

Book an appointment
+91 469 27000 20/22

www.malankaralibrary.com

# ഐക്യദീപം
aikyadeepam

പുസ്തകം 54 ലക്കം 6 2023 ജൂൺ


| രക്ഷാധികാരി | ചീഫ് എഡിറ്റർ | മാനേജർ | പ്രസാധകൻ | സർക്കുലേഷൻ മാനേജർ | ഓഫീസ് സ്റ്റാഫ് |
|---|---|---|---|---|---|
| മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ | ഫാ. വർഗ്ഗീസ് ചാമക്കാലായിൽ | ഫാ. മാത്യു പുനക്കുളം | തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്ക്കോപ്പാ | ഫാ. സിറിൾ പട്ടശ്ശേരിൽ | ചിന്നു എൽസ ഐസക് |

ഉപദേശക സമിതി

ഫാ. ഡോ. തോമസ്കുട്ടി പതിനെട്ടിൽ, ഫാ. ഡോ. തോമസ് പാറയ്ക്കൽ, റവ. സി. അലീന എസ്.ഐ.സി., റവ. സി. റാണി മരിയ ഒ.എസ്.എസ്.
ലൈജു കോശി മാത്യു, ജയിസ് കോഴിമണ്ണിൽ, വർഗ്ഗീസ് ഐസക് തെക്കേടത്ത്


## ഉള്ളടക്കം
contents


4 എഡിറ്റോറിയൽ

5 ഇടയശബ്ദം



ഫാ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി




ജയശ്രീ കിഷോർ



ഫാ. എബ്രഹാം ഇരിമ്പിനിക്കൽ



ഫാ. സ്റ്റാൻലി തെങ്ങുവേലിൽ



ജയ മാത്യൂസ്



മാത്യൂസ് പാണ്ടിശ്ശേരിൽ

**സ്ഥിരം പംക്തികൾ**

30. സുറിയാനി സഭാ പാരമ്പര്യം
ഫാ. ഡോ. ജോസഫ് കളരിപ്പറമ്പിൽ

35. ജാലകം
മെർലിൻ റ്റി. മാത്യു

37. ഹോമിയോപ്പതി
സി.ഡോ.ഐറിൻ SIC

40. സുറിയാനി ഭാഷാ പഠനം
ഫാ. ഡോ. രാജു പറക്കോട്ട്

42. ആരോഗ്യം
ഡോ. മിഥുൻ എം.

44. ബാലദീപം
ഡോ. ബാബു ഫിലിപ്പ്

48. മല്പാനോട് ചോദിക്കാം



Annual Subscription Rs.120.00 Single Copy Rs. 10.00 Overseas: $40.00 or 2750
Bank Details : Chief Editor, Aikyadeepam, Union Bank, Tiruvalla 689 101
A/c No. 110110100023901. IFSC. UBIN0811017. SWIFT CODE: ANDBINBB

Printed at: Rashtra Deepika Ltd., Vadavathoor

Designed by : Greeshma Designs, Kottayam. Ph: 9447304348. E-mail: gdesignktm@gmail.com

All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly,
St. John's Metropolitan Cathedral, Tiruvalla - 689 101. Phone: 0469-2600626 E-mail: aikyadeepamtvla@gmail.com

www.malankaralibrary.com

# Editorial

# എഡിറ്റോറിയൽ



ഫാ. വർഗ്ഗീസ് ചാമക്കാലായിൽ
ചീഫ് എഡിറ്റർ


"ചില പുസ്തകങ്ങൾ
രുചിച്ചു നോക്കേണ്ടവയാണ്..
ചിലത് വിഴുങ്ങേണ്ടതും...
അപൂർവ്വം ചിലത്
ചവച്ചരച്ച് ദഹിപ്പിക്കേണ്ടതും"
ഫ്രാൻസിസ് ബേക്കൺ

വായനയുടെ ലോകം നമുക്ക് മുന്നിൽ പുതിയ വാതിലുകൾ തുറക്കും. അടഞ്ഞ വാതിലുകളിലേക്ക് നോക്കി സങ്കടപ്പെടാതെ തുറന്നു കിടക്കുന്ന വാതിലുകൾ അന്വേഷിക്കാം. ചിലപ്പോൾ വായന ഒരു വേദനസംഹാരിയാണ്... മറ്റു ചിലപ്പോൾ അത് നിന്നെ തന്നെ ഉണർത്തുന്ന, ജീവിക്കുവാൻ പ്രേരിപ്പിക്കുന്ന, പ്രോത്സാഹിപ്പിക്കുന്ന ഒരു നല്ല സഹയാത്രികൻ ആവാം. അക്ഷരങ്ങൾക്ക് ജീവനുണ്ട്... അക്ഷരങ്ങൾ വാക്കുകളാകുമ്പോൾ... അവ ഹൃദയത്തിന്റെ സ്വരം ആകുന്നു. "ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോട് കൂടെ ആയിരുന്നു" എന്ന് പറഞ്ഞു തുടങ്ങുന്ന യോഹന്നാൻ ശ്ലീഹായുടെ സുവിശേഷം, മനുഷ്യ ജന്മം എടുത്ത പുത്രൻ പിതാവിന്റെ വാക്കും സ്വരവും ആയിരുന്നു എന്ന് പഠിപ്പിക്കുന്നു. ദൈവ സ്വരം മനുഷ്യൻ കേട്ടത് ബൈബിൾ വചനങ്ങളിലൂടെയാണ്... ബൈബിൾ വായിക്കുമ്പോൾ നാം ദൈവത്തിന്റെ സ്വരം കേൾക്കുന്നു. വചന വായനയിലൂടെ ദൈവസ്വരം തിരിച്ചറിയുവാൻ നാം ഇന്ന് പരാജയപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കേണ്ട സമയമാണ്. വ്യക്തിപരമായും ഭവനങ്ങളിലും ഉള്ള വേദവായന തീരെ ഇല്ലാതാകുന്നുണ്ടോ?. അവിടെ ദൈവ സ്വരം നിലയ്ക്കുന്നു... മനുഷ്യൻ വഴിയറിയാതെ ഉഴലുന്നു. ഏറ്റം വിശുദ്ധമായ വചനവായന മുതൽ പുസ്തകവായന വരെ ഇവിടെ ചർച്ച ചെയ്യപ്പെടുന്നു.

ഓരോ മനസ്സും വായിച്ച് അറിയേണ്ട പുസ്തകങ്ങളാണ്. ഓരോ ഹൃദയവും എഴുതപ്പെടാൻ കൊതിക്കുന്ന പുസ്തകങ്ങളാണ്. വികാരങ്ങൾക്ക് ജീവൻ കൊടുക്കുവാൻ വാക്കുകൾക്ക് കഴിയും. വാക്കുകൾ ആണ് സ്നേഹത്തിന് ജീവൻ കൊടുക്കുന്നത്... അവ ആത്മാർഥമാണെങ്കിൽ മറ്റൊരാളിന്റ ഹൃദയം പോലും കീഴടക്കാൻ സാധിക്കും. ആത്മാർത്ഥം അല്ലെങ്കിൽ അത് ആഴത്തിൽ മുറിപ്പെടുത്തുവാനും ഇടയാകും. വായന മരിക്കുമ്പോൾ മനുഷ്യജീവിതത്തിന് നിലവാര തകർച്ച സംഭവിക്കുന്നു. ഭാവനകളും സങ്കല്പങ്ങളും കുറഞ്ഞ് ജാതിചിന്തകളും ചേരിതിരിവും പകയും മറ്റും മനുഷ്യ മനസ്സിനെ കീഴ്പ്പെടുത്തുന്നു. വായനയിലൂടെ നിന്റെ ഹൃദയം വിശാലമാകട്ടെ...വരൂ തുറന്നു കിടക്കുന്ന ഈ വാതിലിലൂടെ നമുക്ക് പ്രവേശിക്കാം... പുതിയ താഴ്‌വരകളിലേക്ക് കൈകോർത്ത് യാത്രയാകാം...അക്ഷരങ്ങളല്ലേ നമ്മുടെ കൂട്ടുകാർ.



www.malankaralibrary.com



മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
(മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്)

# ഇടയശബ്ദം

# ചൊട്ടയിലെ ശീലം ചുടല വരെ

"പുസ്തകം തുറക്കൂ, മിഴി തുറക്കട്ടെ" എന്ന ചിന്തയോടെ ഈ ലക്കം ഐക്യദീപം വായനക്കാരുടെ ശ്രദ്ധ പിടിച്ചു പറ്റുകയാണ്. വായനശീലം നന്നേ കുറഞ്ഞു വരുന്നു എന്നു മാത്രമല്ല അതുവഴി സംഭവിക്കുന്ന സാംസ്കാരിക ധാർമ്മികശോഷണം, നാം മനസ്സിലാക്കുന്നതിലും ശോചനീയമാണ്. ആധുനിക സാമൂഹിക മാദ്ധ്യമങ്ങൾ സാധാരണക്കാരുടെ വായനശീലത്തെയും വിചിന്തന കഴിവുകളെയും നന്നായി തളർത്തിയിട്ടുണ്ട്. ഭാഷ എന്നത് സംവദിക്കുന്നതിനു മാത്രമുള്ളതല്ല; സ്ഥായിയായ ചിന്താദീപങ്ങൾ മനസ്സുകളിൽ കൊളുത്തുന്നതിനും അതിലൂടെ ജീവിതത്തെയും പ്രപഞ്ചത്തെയും സഹജീവികളെയും കാണുന്നതിനുമുള്ള ഉപാധി കൂടിയാണ്. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ മാത്രം ഒതുങ്ങുകയല്ല ചെയ്യേണ്ടത്. അതിന്റെ അപ്പുറം മനുഷ്യത്വത്തിന്റെയും ധാർമ്മികതയുടെയും ആദ്ധ്യാത്മികതയുടെയും തലങ്ങളിലേക്കു യാത്രചെയ്യുകയാണ് വേണ്ടത്. ഗൗരവമുള്ളതും ഘനമുള്ളതും ഈടുറ്റതുമായ ഗ്രന്ഥങ്ങൾ നാം എത്ര കണ്ടു വായിക്കുന്നു. പുസ്തകം നമുക്കു പല ലോകങ്ങളെയാണ് പരിചയപ്പെടുത്തുന്നത്. താൻ പോരിമ കൊണ്ട് നിറഞ്ഞ ഒരു ലോകത്ത് മറ്റൊന്നിനെയും അറിയേണ്ടതില്ലെന്നും തനിക്കെല്ലാം അറിയാം എന്നും നടിക്കുന്നു. വളർച്ച മുരടിക്കുന്നു എന്നു മാത്രമല്ല, മനുഷ്യൻ തന്റെ കിരാത, മൃഗീയ ഭാവങ്ങളിലേക്കു കൂപ്പുകുത്തുകയും ചെയ്യുന്നു. വായനശീലം ചെറുപ്പം മുതൽ വളർത്തി എടുക്കണം. അറിവും വിജ്ഞാനവും ആത്മനിറവും പകർന്നു തരുവാൻ വായനയ്ക്കേ കഴിയൂ. മനസ്സിനു കുളിർമ നൽകുവാനും ക്രിയാത്മകമായവയെ കണ്ടെത്തുവാനും പൊതുസമൂഹത്തിനു സ്ഥായിയായ സംഭാവനകൾ നൽകുവാനും വായനകൊണ്ടു കഴിയുന്നു. അക്ഷരങ്ങൾ നിസ്സാരമെന്നു തോന്നിയാലും അവ വാക്കുകളും ആശയങ്ങളുമായി രൂപം പ്രാപിക്കുമ്പോൾ എന്തൊക്കെയാണ് സംഭവിക്കുക. അതെ, അത് വായിക്കുന്ന ഓരോ മനസ്സിലും ഉണ്ടാകുന്ന ഭാവഭേദങ്ങൾ വ്യത്യസ്തങ്ങളാണ്.

"ചൊട്ടയിലെ ശീലം ചുടല വരെ" എന്നാണല്ലോ പ്രമാണം. ഏതുശീലവും നിലനിൽക്കുവാൻ കുഞ്ഞുപ്രായം മുതൽ ശ്രദ്ധ കൊടുക്കണം. വായനയുടെ കാര്യത്തിലും അങ്ങനെതന്നെ. ഇളംപ്രായത്തിൽ വായനശീലം വളർത്തിയെടുക്കുവാൻ ശ്രദ്ധിക്കണം. "പത്രംപോലും വായിക്കാതായ ഒരു തലമുറ ചാനലുകളുടെ കാഴ്ചക്കാരായി മാറി" എന്നും പത്രങ്ങൾക്കുണ്ടാക്കാനായ സാംസ്കാരികാന്തരീക്ഷം ചാനലുകൾക്കു സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല എന്നും മറ്റുമുള്ള ഗൗരവമായ നിരീക്ഷണങ്ങൾ ഉണ്ട്. ഇന്ന് സാമൂഹികമാദ്ധ്യമങ്ങളിൽ ഉപയോഗിക്കപ്പെടുന്ന ഭാഷയും

> വായനശീലം ചെറുപ്പം മുതൽ വളർത്തി എടുക്കണം. അറിവും വിജ്ഞാനവും ആത്മനിറവും പകർന്നു തരുവാൻ വായനയ്ക്കേ കഴിയൂ. മനസ്സിനു കുളിർമ നൽകുവാനും ക്രിയാത്മകമായവയെ കണ്ടെത്തുവാനും പൊതുസമൂഹത്തിനു സ്ഥായിയായ സംഭാവനകൾ നൽകുവാനും വായനകൊണ്ടു കഴിയുന്നു.

www.malankaralibrary.com





നമ്മെ ഭാരപ്പെടുത്തുന്നു. ആരോ പറഞ്ഞതുപോലെ ചന്തയിലെ സംസ്കാരവും ഭാഷാപ്രയോഗങ്ങളും. നമ്മുടെ സമൂഹം ഉന്നതമായ ചിന്തകൊണ്ടും ഭാഷാപ്രയോഗം കൊണ്ടും സമ്പന്നമാകണം. സമ്പന്നമായ ഒരു സംസ്കാരത്തിനു മാത്രമെ എന്തെങ്കിലും പൊതുസമൂഹത്തിനു വേണ്ടി ചെയ്യാൻ കഴിയൂ. "വായിച്ചാൽ വളരും ഇല്ലെങ്കിൽ വളയും" എന്ന പ്രയോഗം ഏറെ ശ്രദ്ധേയമാണ്. ഒരു തലമുറ നന്മയിലും സാംസ്കാരികപാരമ്പര്യങ്ങളിലും വളർന്നു വരുവാൻ ഇടയാകും.

ചെറുപ്പകാലം മുതൽ വായനശീലം വളർത്തി എടുക്കണം. ഇഷ്ടമുള്ള പുസ്തകങ്ങൾ, മാസികകൾ, കവിതകൾ തുടങ്ങിയവ വായിച്ച് അഭ്യസിക്കണം. മാതാപിതാക്കളും അദ്ധ്യാപകരും ഇതു പ്രോത്സാഹിപ്പിക്കണം. വായനയോടൊപ്പം ഗൗരവമുള്ള ആശയങ്ങളും പദപ്രയോഗങ്ങളും എഴുതിവയ്ക്കുന്നതും അത് ആവശ്യ സന്ദർഭങ്ങളിൽ ഉപയോഗിക്കാൻ ശ്രമിക്കുന്നതും നല്ല കാര്യമാണ്. സഭാമക്കൾ എന്ന നിലയിൽ നാം പൊതുസമൂഹത്തിൽ നന്മയും സ്ഥായിയായ മൂല്യങ്ങളും നിലനിർത്താൻ യത്നിക്കേണ്ടവരാണ്. നാം ജനിച്ചു വീണ മണ്ണിന്റെ സംസ്കാരത്തെ ഉയർത്തിപ്പിടിക്കുവാൻ നമുക്കു വലിയ ഉത്തരവാദിത്വമുണ്ട്. ഈ പംക്തിയിലെ എഴുത്തുകൾ അതിനു സഹായകരമാകട്ടെ എന്ന് ആശംസിക്കുന്നു.

നമ്മുടെ നാടിനെ ഏറെ നടുക്കിയ സംഭവമായിരുന്നല്ലോ മുന്നൂറോളം മനുഷ്യജീവിതങ്ങളെ കവർന്നെടുക്കുകയും ആയിരത്തോളം ആളുകളെ പല രീതിയിൽ പരുക്കേൽപ്പിക്കുകയും ചെയ്ത ബാലസോറിലെ തീവണ്ടികളുടെ കൂട്ടിയിടി. എത്ര ദാരുണമായ അവസ്ഥയാണ്. മനുഷ്യജീവനെയും അതു പൊലിയുമ്പോൾ കാണിക്കുന്ന അനാദരവും എല്ലാം നമുക്കു വേദനയായി മാറുന്നു. ഭാരതം അഭ്യസ്തവിദ്യയ്ക്കും കമ്പ്യൂട്ടർ പരിജ്ഞാനത്തിലും മുടിചൂടാമന്നനായി നിൽക്കുമ്പോഴാണ് ഇപ്രകാരമുള്ള ഈ അപകടം. മനുഷ്യജീവിതം കൊണ്ട് പന്താടുവാൻ ആരും ശ്രമിക്കരുത്. നമ്മുടെ മാർപ്പാപ്പ ഉൾപ്പെടെയുള്ള ലോകനേതാക്കൾ ഈ വലിയ ആപത്തിൽ അനുശോചിച്ചു. എന്താണ് സംഭവിച്ചതെന്നു ശരിയായി മനസ്സിലാക്കി അവയ്ക്കു പിഴവു വരാത്ത മറുസമീപനങ്ങളാണ് ആവശ്യം. മറവിയുടെ മാറാല പിടിച്ചിരിക്കുന്ന നമ്മുടെ ഓർമ്മകളിൽ ഇവ മായാതെ മറയാതെ നിൽക്കണം. എത്രയെത്ര പ്രതീക്ഷകളാണ് തൂത്തെറിയപ്പെട്ടത്. ഇതുപോലെ തന്നെയാണ് വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ പൊലിയുന്ന ജീവിതങ്ങൾ. പരിസ്ഥിതി സംരക്ഷണവും ആവാസവ്യവസ്ഥിതിയും ശരിയായ ദിശാബോധത്തിൽ നീങ്ങണം. മനുഷ്യർ അതിവസിക്കുന്നിടങ്ങളിലേക്ക് എന്തുകൊണ്ട് വന്യമൃഗങ്ങൾ കടന്നുവരുന്നു. കേരളത്തിന്റെ പ്രത്യേകതയിൽ പച്ചപ്പുകൊണ്ടും മരങ്ങൾകൊണ്ടും വനപ്രദേശം പോലെ ജനവാസമേഖലയും തീർന്നിട്ടുണ്ടെന്ന് പറയേണ്ടി വരും. വന്യജീവികൾക്ക് മനുഷ്യർ ഉപജീവനത്തിനുവേണ്ടി വളർത്തുന്ന മൃഗങ്ങൾ, കൃഷികൾ ഇവ മാത്രമെ ഭക്ഷിക്കാനുള്ളോ എന്ന് വനപാലകർ പഠനം നടത്തേണ്ടതാണ്. മൃഗങ്ങൾ മനുഷ്യരുടെ ആവാസപ്രദേശത്തേക്കു വരുന്നത് മനസ്സിലാക്കി ഉത്തമമായ, ഫലദായകമായ മറ്റു കാര്യങ്ങൾ നടപ്പാക്കണം. വന്യമൃഗങ്ങൾ ക്രമാതീതമായി വർദ്ധിക്കാതിരിക്കുവാനുള്ള നിയന്ത്രണരീതികൾ നടപ്പാക്കണം. മൃഗങ്ങൾക്കുള്ള ഭക്ഷ്യവസ്തുക്കളും ജീവികളും കാട്ടിൽ തന്നെ ഉണ്ടെന്ന് ഉറപ്പാക്കണം. അധികാരികൾക്കു മാത്രമെ ഈ കാര്യങ്ങളിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുവാൻ കഴിയൂ. ഇനിയും ഒരു ഹിംസ്രജന്തുവും മനുഷ്യനെ വേട്ടയാടാതിരിക്കട്ടെ. മനുഷ്യന്റെ വില അമൂല്യമാണ്. ജനവാസമേഖലയിൽ വന്യജീവികൾ കടന്നുവരാതിരിക്കുവാനുള്ള നടപടികൾ അത്യാവശ്യമാണ്. കേരളത്തിലെ കണക്കനുസരിച്ച് വനമേഖല വർദ്ധിച്ചതെയുള്ളൂ എന്നു മനസ്സിലാക്കുന്നു. വനം നല്ലതാണ്. പ്രപഞ്ചം ദൈവസൃഷ്ടിയാണ്. എന്നാൽ മനുഷ്യനെ തീർത്തും അവഗണിച്ച് അവന്റെ ജീവനും സ്വത്തിനും ഒരു വിലയുമില്ലാത്ത അവസ്ഥാവിശേഷം ഉണ്ടാവരുത്.

www.malankaralibrary.com



ഈ മെയ് 3-ാം തീയതി മണിപ്പൂർ എന്ന സുന്ദര സംസ്ഥാനത്തെ കലാപ ഭൂമിയാക്കി ജീവനും സ്വത്തും ആരാധനാലയങ്ങളും നശിപ്പിച്ച ഭീകരാവസ്ഥ ഇനിയും എത്രപേർ ശരിയായി മനസ്സിലാക്കി. മനുഷ്യർ തമ്മിലും ഗോത്രങ്ങൾ തമ്മിലും കലഹങ്ങളും അസ്വാരസ്യങ്ങളും ഉണ്ടാവാറുണ്ട്. അത് അവർ തന്നെ പരിഹരിക്കുന്ന രീതികളും കാണുന്നു. എന്നാൽ ബോധപൂർവ്വമായ തുടച്ചുനീക്കലുകളെ എങ്ങനെയാണ് സങ്കോചമില്ലാതെ ഗൗനിക്കാതിരിക്കുന്നതും സമാധാനം പുനർസ്ഥാപിക്കുവാൻ വേണ്ടത്ര ചടുതിയിൽ നടപടികൾ എടുക്കാത്തതും. എന്താണ് ഭാരതത്തിന്റെ സംഭാവന – ഈ മഹത്തായ നാടിന്റെ സാംസ്കാരിക പൈതൃകങ്ങൾ ഏതാനും ചില മനുഷ്യരുടെ ഇംഗിതത്തിനനുസരിച്ച് ഇല്ലാതാവാൻ അനുവദിക്കണമോ? മനുഷ്യർ വേട്ടയാടപ്പെടരുത്. പിറന്നുവീണ മണ്ണിൽ അന്യതാബോധം ആർക്കും ഉണ്ടാവാൻ അനുവദിക്കരുത്. ഭാരതത്തെ സംബന്ധിച്ച് ഈ നാടിന്റെ യശസ്സിനും അഭിവൃദ്ധിക്കും അഖണ്ഡതയ്ക്കും ഏറ്റം കൂടുതൽ സംഭാവനകൾ നൽകിയിട്ടുള്ള ഒരു ഗണമാണിവിടുത്തെ ക്രൈസ്തവർ. ഭരണഘടന എന്ന വിശുദ്ധ പുസ്തകം ഉറപ്പു നൽകുന്ന മതസ്വാതന്ത്ര്യവും ദൈവവിശ്വാസവും പുലർത്തികൊണ്ട് സേവനം മാത്രം ചെയ്യുന്ന ഈ ജനവിഭാഗത്തിന്റെ മേൽ എന്തിനാണി ക്രൂരമായ, അന്യായമായ തേർവാഴ്ച. ഹിന്ദുവും മുസൽമാനും ക്രിസ്ത്യാനിയും എല്ലാം ദൈവസൃഷ്ടികൾ തന്നെ. നാം പരസ്പരം കടിച്ചു കീറി നശിക്കരുത്. സുബോധമുള്ള പൗരന്മാരായി തീരണം.

ഈ അടുത്ത കാലത്തായി നമ്മുടെ സ്ഥാപനങ്ങളെയും സഭാനേതൃത്വത്തെയും പ്രത്യേകിച്ചും വൈദിക-സന്യാസിനി ജീവിതാന്തസ്സിലുള്ളവരെയും നിസ്സാരമായ കാര്യങ്ങൾക്കുപോലും തെരഞ്ഞുപിടിച്ച് ആക്രമിക്കുന്നതും സ്ഥാപനങ്ങളെ നശിപ്പിക്കുന്നതും പ്രവൃത്തിപ്പിക്കുവാൻ അനുവദിക്കാത്ത മാതിരി സംഘടിതവും ഗൂഢവുമായ നീക്കങ്ങളിൽ ചില തത്പരകക്ഷികൾ രാഷ്ട്രീയം കലർത്തി ഇടപെടുന്നത് നാം കാണുന്നു. പൊതു മാദ്ധ്യമങ്ങൾ എന്തിനാണ് പ്രാധാന്യം കൊടുക്കുന്നതെന്നു നാം സംശയിച്ചു പോകും. ലഹരി മാഫിയായും സ്വർണ്ണകടത്തു വ്യാപാരവും തകൃതിയായി നടക്കുമ്പോഴും തുലോം അപ്രസക്തമായ ചില കാര്യങ്ങൾ മാത്രം പൊതുജനത്തിന്റെ വിചിന്തനത്തിനു പാത്രമാക്കാൻ ശ്രമിക്കുന്ന സ്ഥാപിത താത്പര്യങ്ങളും കിരാതകൂട്ടുകെട്ടുകളും. ഈ സമൂഹത്തിൽ ധർമ്മവും നന്മയും നിലനിൽക്കാൻ അനുവദിക്കാത്ത മാതിരി ഉള്ള ഈ അവിശുദ്ധ കൂട്ടുകെട്ട്, അതിനു കുടപിടിക്കുന്ന രാഷ്ട്രീയ ചിന്തകൾ ഇതൊന്നിലും ഗൗരവമായ ചിന്ത പുലർത്താത്ത പൊതുജനം. കേരളത്തിന്റെ അവസ്ഥ ഏറെ ദയനീയമാണ്. ക്രൈസ്തവരായ നമ്മുടെ സംഭാവനകൾ വലുതായിരുന്നു എന്ന് ഓരോ ദിവസം തെളിയിക്കുന്ന കാര്യങ്ങളാണ് ഉണ്ടാവുന്നത്. വേദനയുണ്ടെങ്കിലും "പണത്തിനു മീതെ പരുന്തും പറക്കും" എന്നത് ഉണ്ടാവണം. നന്മ ചെയ്യുന്നതിലും നമുക്കുള്ളവ പങ്കുവയ്ക്കുന്നതിലും അമാന്തിക്കരുത്. നമ്മെ കൊണ്ടു തീരുന്ന ഒന്നല്ല ക്രൈസ്തവ സ്വപ്നം. അതു യുഗാന്തം വരെയാണ്. ധൈര്യമായിരിക്കൂ. ശത്രുവിനെ തോൽപ്പിക്കൂ. നന്മ വിളങ്ങട്ടെ.

## ഓർമ്മപെരുന്നാൾ

ജൂൺ 4



**ഗീവർഗീസ് മാർ തിമോത്തിയോസ് (2019)**

ജൂൺ 27



**പുണ്യശ്ലോകനായ യാക്കോബ് മാർ തെയോഫിലോസ് (1956)**


www.malankaralibrary.com

# വേദഗ്രന്ഥപാരായണം ചില ചിന്തകൾ



ഫാ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി

ബൈബിൾ വായിക്കുകയെന്നത് ക്രൈസ്തവരുടെ പരിശുദ്ധമായ പാരമ്പര്യമാണ്. ക്രൈസ്തവരുടേതെന്ന് പറയുമ്പോൾ ആ മതത്തിൽ ഉൾപ്പെട്ടിരിക്കുന്ന വിവിധ ഗ്രൂപ്പുകളെയാണ് ഉദ്ദേശിക്കുന്നത്. കത്തോലിക്കരുടെയിടയിൽ ബൈബിൾ വായനയ്ക്ക് പ്രാധാന്യം കൊടുക്കാതിരുന്ന ഒരു കാലഘട്ടമുണ്ട്, ബൈബിൾ വായന ദൈനംദിന ഭക്തകൃത്യങ്ങളിൽ ഇടം പിടിക്കാതിരുന്ന ഒരു കാലം. പ്രോട്ടസ്റ്റന്റ് വിപ്ളവത്തിനുശേഷം ഈ പ്രവണത കൂടുതൽ ശക്തി പ്രാപിച്ചു എന്നാണ് കഴിഞ്ഞ ചില നൂറ്റാണ്ടുകളിലെ ചരിത്രം സാക്ഷിക്കുന്നത്. സാധാരണക്കാർക്ക് വായിക്കാനുള്ളതല്ല വേദപുസ്തകം, അവർ തെറ്റിദ്ധാരണയിൽ പതിക്കാനെ വേദപുസ്തകവായന സഹായിക്കുകയുള്ളൂ എന്ന് തെറ്റിദ്ധരിച്ചിരുന്ന ഒരു കാലം. എന്നാൽ ആ കാലം കടന്നുപോയി. വിശേഷിച്ചും രണ്ടാം വത്തിക്കാൻ സുന്നഹദോസിനുശേഷം ഇന്ന് സ്ഥിതി വളരെ വ്യത്യസ്തമാണ്. ബൈബിളിന്റെ ഒരു കോപ്പിയെങ്കിലും ഇല്ലാത്ത കത്തോലിക്കാഭവനങ്ങൾ ഇന്ന് കേരളത്തിൽ ഉണ്ടെന്നു തോന്നുന്നില്ല. മിക്കവാറും എല്ലാ വ്യക്തികളും തന്നെ വ്യക്തിപരമായി ഓരോ കോപ്പി സൂക്ഷിക്കുന്ന രീതിയാണ് ഇന്ന് നടപ്പിൽ വന്നുകൊണ്ടിരിക്കുന്നത്. അഭ്യസ്തവിദ്യർ പലരും മലയാളം ബൈബിളിനോടൊപ്പം ഒരു ഇംഗ്ലീഷ് കോപ്പി കൂടെ സൂക്ഷിക്കുന്നുണ്ട്. ബൈബിൾ പരസ്യമായി കൊണ്ടു നടക്കുന്നതിൽ ലജ്ജിച്ചിരുന്ന പലരും പരസ്യസമ്മേളനങ്ങളിൽ അതു വായിക്കാൻ മത്സരിക്കുന്നു. ഇത് ബൈബിളിന്റെ കാലമാണ് കത്തോലിക്കാസഭയിൽ. സഭയോടു ബന്ധപ്പെട്ടതും വിശ്വാസപരവുമായ മറ്റുവിഷയങ്ങളെക്കാൾ ബൈബിളിനെപ്പറ്റി കൂടുതൽ ആഴത്തിൽ അറിയാൻ ഇന്ന് അനേകർ മുന്നോട്ടു വരുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ വേദഗ്രന്ഥ പാരായണത്തെപ്പറ്റി നാം അറിഞ്ഞിരിക്കേണ്ട പ്രധാനപ്പെട്ട ചില കാര്യങ്ങളാണ് താഴെ കുറിക്കുന്നത്.



www.malankaralibrary.com



**ദൈവവചനമെന്നാൽ ദൈവം സംസാരിച്ചതും സംസാരിക്കുന്നതുമായ വചനമെന്നർത്ഥം. ആദ്യം, ദൈവം സംസാരിച്ചത് എന്നതുകൊണ്ട് എന്താണുദ്ദേശിക്കുന്നതെന്നു നോക്കാം. നാം വാക്കുകളിലൂടെ ആശയങ്ങൾ, സന്ദേശങ്ങൾ, അഭിപ്രായങ്ങൾ മുതലായവ മറ്റുള്ളവരെ അറിയിക്കുന്നു. ഈ സാധ്യത മനുഷ്യനു മാത്രമുള്ളതാണ്.**

## ശീർഷകത്തിൽ നിന്ന് ആരംഭിക്കാം

വേദഗ്രന്ഥ പാരായണം എന്നാണ് ശീർഷകം കൊടുത്തിരിക്കുന്നത്. എന്താണിതിന്റെ അർത്ഥം? ബൈബിൾ വായനയെന്നു പറയാതെ വേദഗ്രന്ഥപാരായണം എന്നു പറയുന്നതിൽ എന്തെങ്കിലും പ്രാധാന്യമുണ്ടോ? ഒന്നാമത്തെ പ്രാധാന്യം ഭാരതത്തിന്റെ തനിമയാർന്ന പാരമ്പര്യത്തോടും ആധ്യാത്മികതയോടും ഈ പ്രയോഗം നീതി പുലർത്തുന്നുവെന്നതാണ്. ഇവിടെ ഹൈന്ദവ പാരമ്പര്യത്തിൽ വേദഗ്രന്ഥങ്ങൾ വായിക്കുകയെന്നതല്ല പാരായണം ചെയ്യുന്നു എന്നാണ് പറയുക. എന്താണ് പാരായണം? പാരം എന്നാൽ അപ്പുറം, അക്കരെ എന്നൊക്കെ അർത്ഥം പറയാം. അയണം എന്നാൽ യാത്രയെന്നാണർത്ഥം. പാരായണം എന്നാൽ അക്കരെയ്ക്കുള്ള യാത്രയെന്നാണർത്ഥം. അതായത് ഭൗതികതയിൽ നിന്ന് ആത്മീയതയിലേയ്ക്കുള്ള യാത്രയാണ് പാരായണം. അത്തരം ഒരു യാത്ര, ഒരു രൂപാന്തരീകരണം നടക്കുന്നില്ലെങ്കിൽ ബൈബിൾ പാരായണം അർത്ഥമില്ലാത്ത അധരവ്യായാമമായിപ്പോകും എന്നാണ് ഇവിടെ അന്തർലീനമായ അർത്ഥം. ഒരുക്കത്തോടെ, ശ്രദ്ധാപൂർവ്വം, ആധ്യാത്മികതയിലേയ്ക്കുള്ള യാത്രയെന്ന നിലയിൽ വായിക്കുന്നതാണ് പാരായണം.



## വായിക്കുന്നത് ദൈവവചനമാണ്

ദൈവവചനമെന്നാൽ ദൈവം സംസാരിച്ചതും സംസാരിക്കുന്നതുമായ വചനമെന്നർത്ഥം. ആദ്യം, ദൈവം സംസാരിച്ചത് എന്നതുകൊണ്ട് എന്താണുദ്ദേശിക്കുന്നതെന്നു നോക്കാം. നാം വാക്കുകളിലൂടെ ആശയങ്ങൾ, സന്ദേശങ്ങൾ, അഭിപ്രായങ്ങൾ മുതലായവ മറ്റുള്ളവരെ അറിയിക്കുന്നു. ഈ സാധ്യത മനുഷ്യനു മാത്രമുള്ളതാണ്. ദൈവം അനേകം മനുഷ്യേതര ജീവികളെ സൃഷ്ടിച്ചിട്ടുണ്ടെങ്കിലും അവയ്ക്കൊന്നുമില്ലാത്ത സവിശേഷതയാണ് വാക്കുകൾ (പറയപ്പെടുന്നവയും എഴുതപ്പെടുന്നവയും) ഉപയോഗിച്ച് ആശയവിനിമയം ചെയ്യാൻ സാധിക്കുകയെന്നത്. മനുഷ്യന്റെ അത്ഭുതാവഹമായ പുരോഗതിക്ക് പിന്നിൽ പ്രവർത്തിക്കുന്ന ശക്തിയും മനുഷ്യനുമാത്രമുള്ളതുമാണ് ഈ കഴിവ്. മനുഷ്യന് ആശയങ്ങൾ മെനയാൻ കഴിയുന്നു, അവ വിനിമയം ചെയ്യാൻ കഴിയുന്നു. ദൈവം മാധ്യമങ്ങൾ ഉപയോഗിച്ചല്ല ആശയവിനിമയം ചെയ്യുന്നത്. അതിന്റെ ആവശ്യം ദൈവത്തിന് ഇല്ല. നേരിട്ട് മനുഷ്യഹൃദയത്തിൽ തന്റെ പദ്ധതികൾ അറിയിക്കാൻ ദൈവത്തിനു കഴിയും. എന്നാൽ മനുഷ്യന് അതുഗ്രഹിക്കാൻ കഴിയണമെങ്കിൽ മനുഷ്യന് ആശയവിനിമയമാർഗ്ഗമായ വാക്കുകൾ ആവശ്യമാണ്. അതിനാൽ മാധ്യമങ്ങൾ കൂടാതെ ആശയവിനിമയം ചെയ്യാൻ കഴിയുന്ന ദൈവം മനുഷ്യന്റെ ആശയവിനിമയമാർഗ്ഗമായ വാക്കുകൾ വഴി മനുഷ്യനുമായി സംസാരിക്കുന്നു. അങ്ങനെ, മനുഷ്യവാക്കുകളിൽ ദൈവം സംസാരിച്ചതാണ് വേദപുസ്തകം. വിവിധ സാഹചര്യങ്ങളിൽ വ്യത്യസ്തലക്ഷ്യങ്ങളോടെ വിവിധകാലഘട്ടങ്ങളിൽ വ്യത്യസ്ത വ്യക്തികളിലൂടെ ദൈവം സംസാരിച്ചതാണ് ബൈബിൾ. അതിനാൽ ബൈബിൾ വായിക്കുന്നവൻ മനുഷ്യന്റെ വാക്കുകളാണു വായിക്കുന്നതെങ്കിലും ഗ്രഹിക്കുന്ന സന്ദേശം ദൈവത്തിന്റെ സന്ദേശമാണ്. ദൈവം വെളിപ്പെടുത്തിയതുമാത്രമല്ല വേദപുസ്തകത്തിന്റെ ഉള്ളടക്കം

www.malankaralibrary.com


ഇന്നും വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നതുമാണ്. ബൈബിൾ വായിക്കുന്നവനോടു വായനയുടെ വർത്തമാനകാലത്തിൽ ദൈവം സംസാരിക്കുന്നു. വായിക്കുന്നവന്റെ ജീവിത സാഹചര്യത്തിൽ എത്തിച്ചേരുന്നതാണ് ദൈവവചനം. അതുതന്നെയാണ് ബൈബിൾ ദൈവവചനമാണെന്നു പറയുമ്പോൾ ഉദ്ദേശിക്കുന്നത്. ദൈവം ദൈവമാകയാൽ എന്നും വർത്തമാനകാലത്തിൽ വസിക്കുന്നവനാണ്. അതിനാൽത്തന്നെ ദൈവത്തിന്റെ സന്ദേശങ്ങൾക്ക് പ്രസക്തി ഒരിക്കലും ഇല്ലാതാകുന്നില്ല. പഴയനിയമത്തിലെ നേതാക്കന്മാരോട് സഹസ്രാബ്ദങ്ങൾക്ക് മുമ്പു സംസാരിച്ചത് ഇന്ന് നമ്മോടും സംസാരിച്ചുകൊണ്ടിരിക്കുന്നു. ദൈവം സംസാരിച്ചതിന്റെ ചരിത്രമല്ല ബൈബിൾ. ദൈവം സംസാരിക്കുന്നതിന്റെ ശബ്ദമാണത്. അത് എക്കാലത്തും കേൾക്കപ്പെടുന്ന ദൈവവചനമാണ്.

## ഉള്ളടക്കത്തിൽ

ബൈബിൾ ഇന്ന് ഒരു മതവിഭാഗത്തിന്റെ വിശുദ്ധഗ്രന്ഥമായി സ്വീകരിക്കപ്പെട്ടിരിക്കുന്നതിനാൽ അതിന് ലഭിക്കാവുന്ന പ്രചാരവും പ്രശസ്തിയും ലഭിക്കാതെ പോകുന്നുവെന്ന സത്യം വേദനയോടെ നാം സമ്മതിക്കേണ്ടിയിരിക്കുന്നു. ഷേക്സ്പിയറിന്റെയും കീറ്റ്സിന്റെയും മറ്റും രചനകളെപ്പറ്റി ശാസ്ത്രീയ പഠനം പ്രോത്സാഹിപ്പിക്കുന്ന യൂണിവേഴ്സിറ്റികൾ ബൈബിളിന്റെ ശാസ്ത്രീയ പഠനം പ്രോത്സാഹിപ്പിക്കാറില്ല. കാരണം യൂണിവേഴ്സിറ്റികൾ ഒരു തരം വ്യാജ സെക്കുലറിസത്തിന്റെ പിടിയിലാണ്. ആ സ്ഥിതിക്കു ക്രിസ്ത്യാനികളുടെ മതഗ്രന്ഥത്തിന്റെ പഠനം അവർ എങ്ങനെ പ്രോത്സാഹിപ്പിക്കും. പക്ഷേ ചിലസത്യങ്ങൾ ഓർക്കേണ്ടതുണ്ട്. ബൈബിളിന്റെ സ്വാധീനമില്ലാതെ, ക്രൈസ്തവ സംസ്ക്കാരത്തിന്റെ പശ്ചാത്തലമില്ലാതെ ഷേക്സ്പിയർ ഉണ്ടാകുമായിരുന്നോ? ഹൈന്ദവധാർമ്മികതയുടെ പശ്ചാത്തലം വിസ്മരിച്ചാൽ ശാകുന്തളം എഴുതാൻ കഴിയുന്ന ഒരു കാളിദാസനെപ്പറ്റി ചിന്തിക്കാൻ കഴിയുമോ?

ഏതാണ്ട് രണ്ടായിരത്തി അഞ്ഞൂറുവർഷങ്ങൾക്കു മുമ്പെഴുതപ്പെട്ട ഉത്തമഗീതങ്ങൾ അദ്ഭുതത്തോടെയല്ലാതെ വിലമതിക്കാനാകുമോ? സങ്കീർത്തനങ്ങളിലൂടെ വെളിപ്പെടുന്ന ദൈവവിശ്വാസവും, ദൈവാശ്രയവും മറ്റേത് രചനയോടാണ് തുലനം ചെയ്യാൻ കഴിയുക. എന്താണ് സങ്കീർത്തന കർത്താക്കളുടെ ദൈവസങ്കല്പം. ജീവിതഭാരം കൊണ്ട് നിരാശയുടെ ആഴത്തിൽ പതിച്ചുകൊണ്ടിരിക്കുമ്പോഴും ദൈവത്തിൽ ആശ്രയിച്ചു കൊണ്ട് കരകയറുന്ന സങ്കീർത്തകൻ ആർക്കാണ് മാതൃകയാകാത്തത്. ജീവിതം മിഥ്യയെന്ന് നിരാശയോടെ ചിന്തിക്കുന്ന ആധുനികമനുഷ്യന് സഭാപ്രസംഗിയിൽ ഒരു സുഹൃത്തിനെ കാണാനാകില്ലേ. ഉന്നതമായ സാഹിത്യഗുണവും അനുപമമായ വിശ്വാസവും അനിഷേധ്യമായ പ്രത്യാശയും ഇഴചേർന്നു രൂപപ്പെട്ട അതുല്യനിധിയല്ലേ, ബൈബിൾ? വെറുതേ വായിച്ചാൽ അത് കുരങ്ങിന്റെ കൈയ്യിൽ കിട്ടിയ പൊതിയ്ക്കാ തേങ്ങ പോലെയായിരിക്കും. അത് പാരായണം ചെയ്യുന്നവൻ ആധ്യാത്മികതയുടെ സുന്ദരലോകത്തിൽ എത്തിച്ചേർന്ന അനുഭവം ആസ്വദിക്കും.

## ഒരു പ്രോഗ്രാം ഷെഡ്യൂൾ ഉണ്ടാകട്ടെ

വേദപാരായണത്തിൽ താത്പര്യമുള്ളവർ അനേകരാണ്. എന്നാൽ അവരിൽ പലരും പറയാറുള്ള ഒരു പരാതി ദൈനംദിന ജീവിതത്തിലെ തിരക്കുകൾക്കിടയിൽ അതിനുസമയം ലഭിക്കുന്നില്ല എന്നതാണ്. സമയം കിട്ടാതിരിക്കാൻ കാരണമുണ്ട്. ഒരു സാധാര



ണ കുടുംബസ്ഥന്റെയോ കുടുംബസ്ഥയുടെയോ ജീവിതം പ്രവർത്തനനിരതമാണ്. പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കുന്നതല്ല, ഇങ്ങോട്ടു വന്നു ശല്യപ്പെടുത്തുന്നതാണ്. എപ്പോഴും എന്തെങ്കിലും ചെയ്യാനുണ്ടാകും. അങ്ങനെ ചെയ്യുന്നതെല്ലാം നല്ല കാര്യങ്ങളുമായിരിക്കും. ഒരു രോഗിയെ സന്ദർശിക്കുക, വളരെ നാളായി കാണാൻ സാധിക്കാതിരുന്ന ബന്ധുവിനെ പോയി കാണുക, ഒരാളിന്റെ ഉദ്യോഗ വിഷയത്തിൽ സഹായിക്കുക – ഇങ്ങനെ പലതും; ഇക്കൂട്ടത്തിൽ വേദപാരായണം മുടങ്ങിപ്പോകുന്ന അവസ്ഥ. തന്റെ സമയം നല്ല കാര്യങ്ങൾക്കാണല്ലോ ഉപയോഗിച്ചത് എന്ന ചിന്തയിൽ നിന്ന് ലഭിക്കുന്ന ഒരു തരം സംതൃപ്തി. ഇതെല്ലാം നല്ലതുതന്നെ, എന്നാൽ ദൈവവചനം പാരായണം ചെയ്യാതിരുന്നതിന്റെ കുറവ് ഈ നല്ല കാര്യങ്ങളൊന്നും നികത്തുകയില്ലെന്ന കാര്യം സൗകര്യപൂർവ്വം വിസ്മരിക്കപ്പെടുന്നു.

www.malankaralibrary.com


ഇവിടെ എന്താണൊരു പരിഹാരം?

ഒരു ടൈംടേബിൾ ഉണ്ടാകുകയാണ്, ഏകപരിഹാരം അത് ഏറ്റവും അധികം സ്വതന്ത്രമാകാൻ കഴിയുന്ന ഒരു സമയം കണ്ടെത്തി അത് വേദപാരായണത്തിനായി മാറ്റി വയ്ക്കുക. അനുപേക്ഷണീയമായ എന്തെങ്കിലും പ്രശ്നം ആവിർഭവിക്കുന്നില്ലെങ്കിൽ നീക്കിവച്ച സമയം വേദപാരായണത്തിനായിത്തന്നെ ഉപയോഗിക്കുക.

## വേദപാരായണം ദൈവവുമായുള്ള ഡയലോഗ്

ദൈവത്തോടു സംസാരിക്കുകയും ദൈവം സംസാരിക്കുന്നത് ഹൃദയപൂർവ്വം ശ്രദ്ധിക്കുകയും ചെയ്യുന്ന മനുഷ്യ - ദൈവ സംഭാഷണമാണ് വേദപാരായണം. ഇത്തരമൊരു ഡയലോഗ് വഴി മനുഷ്യൻ ദൈവത്തിലേയ്ക്ക് വളരുന്നു. അങ്ങനെ ആ സംഭാഷണ പാരായണം (അക്കരെക്കുള്ള യാത്ര) ആയി പരിണമിക്കുന്നു. ഇത്തരം ഡയലോഗ് എന്ന ലക്ഷ്യത്തോടെയാണ് വേദഗ്രന്ഥം സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നത്. യഹൂദ പാരമ്പര്യത്തിലും ബൈബിൾ പാരായണത്തിലെ ഈ ഡയലോഗ് എന്ന അംശത്തിന് പ്രാധാന്യം കൊടുത്തിരിക്കുന്നു. ബൈബിളിലെ (പഴയ നിയമത്തിലെ) ഏറ്റവും പ്രധാനപ്പെട്ടതും എല്ലാവിഭാഗം യഹൂദരും ദൈവവചനമായി അംഗീകരിക്കുന്നതുമായ ഭാഗം തോറ എന്നറിയപ്പെടുന്ന ആദ്യത്തെ അഞ്ചു പുസ്തകങ്ങളാണ്. അവ പഞ്ചഗ്രന്ഥി എന്ന് അറിയപ്പെടുന്നു. ഈ അഞ്ചുപുസ്തകങ്ങളിലൂടെ ദൈവം മനുഷ്യനോടു സംസാരിക്കുന്നു. ഇതിന്റെ മാതൃകയിൽ സങ്കീർത്തനങ്ങൾ അഞ്ചുപുസ്തകങ്ങളായി തിരിച്ചിരിക്കുന്ന യഹൂദർ ബൈബിളിലെ മറ്റുഭാഗങ്ങളിൽ നിന്ന് തെരഞ്ഞെടുക്കുന്ന ഭാഗം വായിച്ചശേഷം സങ്കീർത്തനത്തിൽ നിന്ന് ഒരു ഭാഗം വായിച്ചിട്ടു മാത്രമേ വായന അവസാനിപ്പിക്കുകയുള്ളൂ. അതായത് ദൈവം സംസാരിച്ചതുകേട്ട ശേഷം ദൈവത്തോടു സംസാരിച്ച് തന്റെ സംഭാഷണം ഒരു പാരായണമാക്കിയശേഷമാണ് അവസാനിപ്പിക്കുന്നത്. സങ്കീർത്തനങ്ങൾ പ്രാർത്ഥനകളാണല്ലോ, ദൈവത്തോടു മനുഷ്യൻ ചെയ്യുന്ന സംഭാഷണം. ക്രൈസ്തവപാരമ്പര്യത്തിലും ഈ ക്രമം നിലനിൽക്കുന്നുണ്ട്. കേരള ക്രൈസ്തവകുടുംബങ്ങളിൽ സന്ധ്യാപ്രാർത്ഥനയോടൊപ്പം ബൈബിൾ പാരായണം നിർബന്ധമായിരുന്നു. സങ്കീർത്തനം കൂടെ ഉൾപ്പെടുത്തിയാണ് ബൈബിൾ പാരായണം അവസാനിപ്പിച്ചിരുന്നത്.

## ബൈബിൾ തിരുത്തലിന്റെ സന്ദേശം

സ്വയംതിരുത്തുന്നതിനും നമ്മുടെ നിയന്ത്രണത്തിലുള്ളവരെ തിരുത്തുന്നതിനും നല്ലൊരു സോഴ്സ് ബുക്കാണ് ബൈബിൾ. കാരണമെന്തെന്നോ? സ്ഥലകാല സാഹചര്യസ്പർശമില്ലാതെ കുറേ തത്ത്വങ്ങളുടെ സമാഹാരമല്ല, ബൈബിൾ. ഓരോ സാഹചര്യങ്ങളിലും വ്യക്തികളെയും സമൂഹങ്ങളെയും തന്റെ തെരഞ്ഞെടുക്കപ്പെട്ടവരിലൂടെ ദൈവം എങ്ങനെ തിരുത്തി പൂർണതയിലേയ്ക്കു കൊണ്ടുവന്നു എന്നു വിവരിക്കുന്ന ഗ്രന്ഥമാണിത്. ഒരുപക്ഷേ, സാഹചര്യത്തോട് അധികം ബന്ധമില്ലെന്ന് വിശേഷിപ്പിക്കാവുന്നവ ബൈബിളിലെ ജ്ഞാനഗ്രന്ഥങ്ങൾ മാത്രമാണ്. പക്ഷേ, അവ ജ്ഞാനത്തിന്റെ കലവറയാണ്, ഏതു സാഹചര്യത്തിലും ഉപയോഗിക്കാവുന്നവ. ബൈബിൾ തന്നെ അതിനെപ്പറ്റി സാക്ഷിക്കുന്നത് ഇങ്ങനെയാണ്:

വിശുദ്ധ ലിഖിതമെല്ലാം ദൈവനിവേശിതമാണ്. അവ പ്രബോധനത്തിനും തെറ്റുതിരുത്തലിനും നീതിയിലുള്ള പരിശീലനത്തിനും, ശാസനത്തിനും ഉപകരിക്കുന്നു. ഇതുവഴി ദൈവഭക്തനായ മനുഷ്യൻ പൂർണത കൈവരിക്കുകയും എല്ലാ നല്ല പ്രവൃത്തികളും ചെയ്യുന്നതിന് പര്യാപ്തനാകുകയും ചെയ്യുന്നു (2 തിമോത്തി 3:16–17).

## ചില വാക്യങ്ങൾ ഹൃദ്യസ്ഥമാക്കുക

ബൈബിൾ മുഴുവൻ ദൈവവചനമാകയാൽ എല്ലാം ഹൃദിസ്ഥമാക്കാൻ സാധിക്കുമെങ്കിൽ വളരെ നല്ലത്. സഭാപിതാക്കന്മാരിൽ ചിലർ സുവിശേഷങ്ങൾ മുഴുവനും ഹൃദിസ്ഥമാക്കിയിരുന്നുവെന്ന് ചിന്തിക്കാൻ തോന്നുന്ന രീതിയിൽ ദീർഘമായ ഉദ്ധരണികളാണ് തങ്ങളുടെ രചനകളിലും പ്രസംഗങ്ങളിലും ഉപയോഗിച്ചിട്ടുള്ളത്. ഒരുപക്ഷേ, ബൈബിൾ നഷ്ടപ്പെട്ടുപോയാലും പിതാക്കന്മാരുടെ രചനകളിൽ നിന്ന് അതു വീണ്ടെടുക്കാൻ കഴിയുമെന്ന് ചിലർ വിശ്വസിച്ചിരുന്നു. വചനം ഹൃദിസ്ഥമാക്കുന്ന ഈ പാരമ്പര്യം ഇന്നും തുടരേണ്ടതാണ്. പുതിയനിയമത്തിൽ നിന്ന് യേശുവിന്റെ വചനവും അപ്പസ്തോലന്മാരുടെ ഉപദേശങ്ങളും ഇന്നത്തെ ജീവിതസാഹചര്യത്തിൽ എടുത്തുപയോഗിക്കാൻ തക്കവിധം ഹൃദിസ്ഥമാക്കുന്നതു നല്ലതാണ്. അതുപോലെ, സങ്കീർത്തനങ്ങളിലെ ചില പ്രാർത്ഥനകളും സുഭാഷിതങ്ങളിലെ ചില ചൊല്ലുകളും നമ്മെ ജ്ഞാനമുള്ളവരാക്കും. ഏതു സാഹചര്യങ്ങളിലും പ്രസംഗത്തിനും ജ്ഞാനോപദേശത്തിനും തെറ്റുതിരുത്തലിനും ഇവ ഉപയോഗിക്കാവുന്നതാണ്. രാഷ്ട്രീയക്കാർപോലും ബൈബിളിലെ വാക്യങ്ങൾ ഇപ്രകാരം ഉദ്ധരിച്ച് തങ്ങളുടെ പ്രസംഗങ്ങൾ അർത്ഥസംപുഷ്ടമാക്കുന്നു.

അനുദിന ബൈബിൾ പാരായണം ഒരു ശീലമാക്കുക; അതു നിങ്ങളുടെ വ്യക്തിത്വം വളർത്തുകയും സമ്പന്നമാക്കുകയും, ചെയ്യും. അതുദൈവവചനമാണ്. അതിലൂടെ ദൈവം പുരാതനമനുഷ്യരോടു സംസാരിച്ചതുപോലെ ആധുനിക മനുഷ്യരോടും സംസാരിക്കുന്നു. അതിലൂടെ മനുഷ്യൻ ദൈവത്തോടു സംസാരിക്കുകയും ദൈവാനുഗ്രഹം പ്രാപിക്കുകയും ചെയ്യുന്നു.

www.malankaralibrary.com





# നശിക്കാത്ത വേരുകൾ

**പുസ്തകങ്ങൾ അന്നും, ഇന്നും നമുക്ക് ഗൃഹാതുര ഓർമ്മകളുടെ വെളിപ്പെടുത്തലുകൾ ആണ്. ജ്ഞാന, വിജ്ഞാന സമ്പാദന ത്തിനു മാത്രമല്ല വിനോദത്തിനും, മാനസികോല്ലാസത്തിനും വായന ജീവിതത്തിന്റെ ഒരു അവിഭാജ്യ ഘട കമാണ്. ഏത് തരത്തിലുള്ള പുസ്തകങ്ങളായാലും, ക്ലാസ്സിക്കു കൾ മുതൽ പൈങ്കിളി വരെ ഏതും എന്തുമാകട്ടെ ...**



ജയശ്രീ കിഷോർ

എന്താണ് വായനദിനം? വായനയ്ക്ക് ഒരു ദിവസമോ? വായിക്കുക... വായിച്ചു വളരുക...അറിയുക... ചിന്തിക്കുക...അത് സ്മരിക്കാൻ ഒരു ദിനം ആവശ്യമോ? എന്നാൽ കേരള ഗ്രന്ഥശാലാ സ്ഥാപകനായ പി.എൻ. പണിക്കരുടെ ചരമദിനമാണ് വായനദിനമായി ആചരിക്കുന്നത്. വായിച്ചു വളരുക എന്ന സന്ദേശം ജനങ്ങളിലെത്തിച്ച പി.എൻ. പണിക്കരെ ഓർമ്മിക്കാനും അദ്ദേഹം തുടങ്ങിവച്ച കർമ്മ പരിപാടികളുടെ ശൃംഖല സുശക്തമായി വ്യാപകമാക്കുവാനും "വായന ഒരു ശീലമാക്കണം" എന്ന അദ്ദേഹത്തിന്റെ ആശയം പ്രാവർത്തികമാക്കുവാനും ആണ് ജൂൺ 19 വായനദിനമായി നാം കൊണ്ടാടുന്നത്. എങ്കിലും പി.എൻ. പണിക്കർ എന്ന പ്രതിഭയെ പലപ്പോഴും നാം വിസ്മരിക്കുന്നു എന്നു മാത്രം!! ഈ വർഷം അദ്ദേഹത്തെ ഓർമ്മിച്ചുകൊണ്ട് പി. എൻ. പണിക്കർ എന്ന പ്രതിഭയുടെ ഓർമ്മയ്ക്ക് മുൻപിൽ പുഷ്പങ്ങളർപ്പിച്ച് നമുക്കും വായന ഒരു ശീലമാക്കാം.

പുസ്തകങ്ങൾ അന്നും, ഇന്നും നമുക്ക് ഗൃഹാതുര ഓർമ്മകളുടെ വെളിപ്പെടുത്തലുകൾ ആണ്. ജ്ഞാന, വിജ്ഞാന സമ്പാദനത്തിനു മാത്രമല്ല വിനോദത്തിനും, മാനസികോല്ലാസത്തിനും വായന ജീവിതത്തിന്റെ ഒരു അവിഭാജ്യ ഘടകമാണ്. ഏത് തരത്തിലുള്ള പുസ്തകങ്ങളായാലും, ക്ലാസ്സിക്കുകൾ മുതൽ

www.malankaralibrary.com



**മലാല യൂസഫ്സായ് പറഞ്ഞതുപോലെ "Let us remember, Our book, one child and one teacher can change the world – എത്ര അർത്ഥവത്താണ് ഈ വരികൾ. ലോകം കുതിച്ചുയരുകയാണ് മാധ്യമങ്ങളുടെ വിനിമയ അത്ഭുത ലോകത്തേയ്ക്ക്... എന്നാൽ വായനയാണ് അവയുടെ വേരുകൾ. ആ വേരുകൾ നാം മറക്കാതിരിക്കുക. നമ്മളിലും കുഞ്ഞുങ്ങളിലും അവ പടരട്ടെ...പടർന്ന് പന്തലിച്ച് അവ വൻ വൃക്ഷങ്ങളാകട്ടെ.**



പൈങ്കിളി വരെ ഏതും എന്തുമാകട്ടെ പലവിധ ആപ്പുകൾ വഴി ഡൗൺലോഡ് ചെയ്യാം. ഗൂഗിളും, ഇന്റർനെറ്റും നമ്മെ ഏതു വിധത്തിലും സഹായിക്കും. പണ്ടത്തെപ്പോലെ വായനശാലകൾ തിരഞ്ഞു പോകണ്ട. പണം മുടക്കി പുസ്തകങ്ങൾ വാങ്ങണ്ട. പുസ്തകങ്ങൾ വായിക്കുവാൻ നേരമില്ലെങ്കിലും ഡൗൺലോഡ് ചെയ്ത് കേൾക്കാം. ആസ്വദിക്കാം. എന്നാലും ഇന്നത്തെ തലമുറ ദൃശ്യമാധ്യമങ്ങളെയാണ് കൂടുതൽ ആശ്രയിക്കുന്നത് അവയിൽ കുടുങ്ങിപ്പോകുന്നു. ദൃശ്യങ്ങൾ നമ്മെ ചിന്തിപ്പിക്കുന്നില്ല. നമ്മിലെ ഭാവനയെ ഉണർത്തുന്നില്ല. അവ ഒരു ഫ്രെയിമിൽ ഒതുങ്ങി നിൽക്കുന്നു. ഉദാഹരണത്തിന് "ആകാശം" എന്ന ഒരു വാക്ക് നാം വായിച്ചാൽ നമ്മുടെ ചിന്തയിൽ എത്ര എത്ര ആകാശങ്ങൾ മിന്നിമറയും. തെളിഞ്ഞ ആകാശം, കാർ നിറഞ്ഞ ആകാശം, പല വർണ്ണങ്ങൾ ചിന്നിച്ചിതറിയ ആകാശം, മഴവില്ല് ഉള്ള ആകാശം അങ്ങനെ എന്തെല്ലാം – പാടം എന്നാലോ? ഞാറു വിളഞ്ഞ പാടം, കൊയ്യുന്ന പാടം, വിതയ്ക്കുന്ന.... കുട്ടികൾ കളിക്കുന്ന.... എന്തെല്ലാം.... എന്തെല്ലാം... ഇങ്ങനെ ഏതു പദവും നമുക്ക് ഉദാഹരണത്തിന് എടുക്കാം. അതുകൊണ്ടാവാം കുഞ്ഞുണ്ണി മാഷ് പറഞ്ഞത് "വായിച്ചു വളർന്നാൽ വിളയും വായിക്കാതെ വളർന്നാൽ വളയും" എന്ന്. ദൃശ്യങ്ങൾ വേറെ ആരുടെയോ ചിന്തയാണ്.... ഭാവനയാണ്...എന്നാൽ പുസ്തകങ്ങൾ എഴുതി തീരുന്നതുവരെ മാത്രമേ എഴുത്തുകാരന് സ്വന്തമുള്ളൂ. ബാക്കി വ്യാഖ്യാനങ്ങൾ ...കണ്ടെത്തലുകൾ എല്ലാം സഹൃദയർക്ക് സ്വന്തം... വായനക്കാരന്റെ ഭാവനയ്ക്കും, ചിന്തയ്ക്കും അനുസരിച്ച് വ്യാഖ്യാനിക്കാം.

കുട്ടികളിൽ അക്ഷരങ്ങളെ അറിയുന്നതിനു മുൻപേ മടിയിലിരുത്തി ചിത്രകഥാ പുസ്തകം കാണിച്ച് വായിച്ചു കൊടുക്കാം. കഥകൾ പറഞ്ഞു കൊടുക്കാം. ക്രമേണ വളരും തോറും അവർ വായനയുടെ വിസ്മയലോകത്തേയ്ക്ക് ചിറകടിച്ചുയരും...

## ഉപകാരസ്മരണ



**ഒരു വിശ്വാസി**

www.malankaralibrary.com




# വർഗീയ രാഷ്ട്രീയ ഫാക്ടറിയിൽ നിർമ്മിക്കുന്ന ഏകാധിപത്യം



**ഫാ. എബ്രഹാം ഇരിമ്പിനിക്കൽ**
(സെക്രട്ടറി, കെസിബിസി മീഡിയ കമ്മീഷൻ)

ഇന്ത്യൻ ജനാധിപത്യമിപ്പോൾ ചുറ്റിത്തിരിയുന്നത് വർഗീയ അജണ്ടകളിലാണ്. വേദകാലത്തെ ശാസ്ത്രം വിദേശികൾ മോഷ്ടിച്ചു വിമാനവും റോക്കറ്റും നിർമ്മിച്ചതാണെന്ന് പറയുന്ന ഐ.എസ്.ആർ.ഓ. സയന്റിസ്റ്റ്, ബലാത്സംഗം ചെയ്യപ്പെട്ട പെണ്ണിന്റെ ചൊവ്വാദോഷം കണ്ടെത്താൻ പറയുന്ന അലഹബാദ് ഹൈക്കോടതി, രാജ്യത്തിനു മെഡൽ നേട്ടം സമ്മാനിച്ചവരുടെ മാനവും ശരീരവും തെരുവിൽ വലിച്ചിഴയ്ക്കുന്ന 'ബാഹുബലി'. ഇതൊക്കെയാണ് ഇന്ദ്രപ്രസ്ഥത്തിൽ വേവിക്കുന്ന രാഷ്ട്രീയം. ഹിന്ദി പറയുന്ന തൈര് പാക്കറ്റ്, ജീവനും ജീവിതവും കൈയേറുന്ന അദാനിയോട് എതിരിട്ട് നക്സൽ ആകുന്ന തീരദേശവാസി, സംസ്കാരത്തിന്റെയും ഭാഷയുടെയും മതത്തിന്റെയും ഏകശിലാരൂപത്തിന്റെ നിർമിതി ചിലരെ മികച്ച പൗരന്മാരും മറ്റു ചിലരെ രണ്ടാംകിട പൗരന്മാരുമാക്കുന്നു. വർത്തമാനകാലവും ചരിത്രവും ഏതോ അടുക്കളയിൽ വേവിച്ചെടുക്കുന്ന ഉല്പ്പന്നമാകുന്നതിന്റെ സാക്ഷികളാണ് നാം. ബോധപൂർവ്വം നടക്കുന്ന ഈ പരിണാമപ്രക്രിയയുടെ ഇരയാണ് മണിപ്പൂർ കലാപം. പൗരനെ നക്സൽ ആക്കുന്ന രാസപ്രവർത്തനം അപകടകരമായ വേഗത്തിൽ നമ്മുടെ ദേശീയ സങ്കല്പത്തെ അട്ടിമറിക്കും.

www.malankaralibrary.com


2023 മെയ് 28 വരെ ഗോത്രവർഗ്ഗക്കാർ എന്ന് വിളിച്ചിരുന്ന കുക്കികളെ 2023 മെയ് 29 ലെ പത്രങ്ങൾ വിളിച്ചത് തീവ്രവാദികൾ എന്നാണ്. എത്ര പെട്ടെന്നാണ് ഒരു ജനസമൂഹം മുഖ്യധാരയിൽ നിന്ന് തീവ്രവാദികളായി ലേബൽ ചാർത്തപ്പെടുകയും നിർദയം തുടച്ചുനീക്കപ്പെടുന്ന കൂട്ടരായി മാറുകയും ചെയ്യുന്നത്. ഇഷ്ടമല്ലാത്ത ഒരു ജനതയെ ഇത്ര നിർദ്ദയം ഇല്ലാതാക്കാൻ എടുത്ത തീരുമാനങ്ങൾ ആരുടെ ബുദ്ധിയിൽ പിറന്നതാണ്. ആരു തന്നെയായാലും അവർക്ക് താമരപ്പൂക്കൾ കൊണ്ട് ഒരു മാല ചാർത്തി അണിയിക്കുകയാണ് നമ്മുടെ പത്രങ്ങൾ. വർഗീയ കോർപ്പറേറ്റുകളുടെ നറേറ്റീവ് അപ്പാടെ നിഷ്കളങ്കമായി വിഴുങ്ങി അവതരിപ്പിച്ചു പ്രായമുള്ള പല മലയാളപത്രങ്ങളും.

മെയ് 3 നാണ് മണിപ്പൂരിൽ കലാപം ആരംഭിക്കുന്നത്. ഇതിനോടകം കൊല്ലപ്പെട്ടവരുടെ കണക്കുകൾ പുറംലോകം അറിയാതിരിക്കാൻ വേണ്ട എല്ലാ മുൻകരുതലുകളും സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇന്റർനെറ്റ് ലഭ്യത മണിപ്പൂരിൽ ഇല്ല എന്ന് ഉറപ്പാക്കിയ ശേഷം അവിടെ സംഭവിക്കുന്ന കാര്യങ്ങൾ ഒന്നും തന്നെ ആരും അറിയുന്നില്ല. 10000 ൽ അധികം പേരെ മാറ്റിപ്പാർപ്പിച്ചു എന്ന് പറയപ്പെടുന്നു, അതിലുമെത്രയോ ഭീകരമാണ് സത്യം.

മണിപ്പൂരിലെ ഭൂരിപക്ഷ സമുദായമായ മേയ്ത്തി വിഭാഗത്തിന് പട്ടികവർഗ്ഗ പദവി നൽകാനുള്ള നീക്കമാണ് പ്രതിഷേധത്തിനും വംശീയ കലാപത്തിനും കാരണമായി മാറിയത് എന്ന് പറയുന്നു. മേയ്ത്തി വിഭാഗത്തിന് പട്ടികവർഗ്ഗ പദവി നൽകണമെന്ന ആവശ്യത്തിൽ സംസ്ഥാന സർക്കാർ നാലാഴ്ചയ്ക്കുള്ളിൽ കേന്ദ്രസർക്കാരിന് ശുപാർശ നൽകണമെന്ന് ഹൈക്കോടതി ചീഫ് ജസ്റ്റിസ് എംപി മുരളീധരൻ ഉത്തരവിറക്കി. അതിനെതിരെ സംസ്ഥാനത്തെ 36 പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ സംഘടനയായ സ്റ്റുഡന്റ് യൂണിയൻ നടത്തിയ സമാധാനപൂർണ്ണമായ സമരമാണ് മണിപ്പൂരിനെ അശാന്തം ആക്കിയ സംഘർഷങ്ങളുടെ തുടക്കം. ഇമ്ഫൽ താഴ്വരയിലാണ് രാജ്യത്തെ 53% ത്തോളം വരുന്ന വിഭാഗം തിങ്ങിപ്പാർക്കുന്നത്. കുക്കി, നാഗാ തുടങ്ങിയ പ്രധാന ഗോത്രങ്ങൾ അടക്കം 36 ഗോത്രവർഗ്ഗങ്ങൾ മലനിരകളിലും കഴിയുന്നു. ഈ ഗോത്രവർഗ്ഗങ്ങൾക്ക് പട്ടികവർഗ്ഗ പദവിയുണ്ട് പട്ടികവർഗ്ഗ പദവി ആവശ്യപ്പെട്ട് 2012 ലാണ് മേയ്ത്തെ വിഭാഗം കോടതിയെ സമീപിച്ചത്. പത്തുവർഷത്തിനുശേഷം 2023 മാർച്ചിൽ മേയ്ത്തെ വിഭാഗത്തെ പട്ടികവർഗ്ഗ സംവരണത്തിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കാമെന്ന് സർക്കാരിനോട് ഹൈക്കോടതി ആവശ്യപ്പെടുന്നു. ഹൈക്കോടതി വിധി വസ്തുതാപരമായി തെറ്റാണെന്ന് ഇതുമായി ബന്ധപ്പെട്ട കേസ് പരിഗണിച്ച ചീഫ് ജസ്റ്റിസ് ചന്ദ്രചൂഡ് പ്രഖ്യാപിച്ചു. മണിപ്പൂരിലെ തീക്കളിക്ക് കാരണമായി മാറിയത് ഹൈക്കോടതി ഉത്തരവാണെന്ന് ഏറെ ദൗർഭാഗ്യകരമായി പലരും ചൂണ്ടിക്കാട്ടി. ഇങ്ങനെയിരിക്കെയാണ് പ്രതിഷേധിക്കുന്ന ഒരു വിഭാഗം പെട്ടെന്ന് തീവ്രവാദികളായി മാറുന്നത്. ഇനി തീവ്രവാദികളെ കൊല്ലുന്നത് രാജ്യസുരക്ഷയുടെ ഭാഗമാണ്. അതിനു വേണ്ടി കേന്ദ്രസേനയെ ആയുധങ്ങൾ നൽകി അയക്കുന്നതിൽ എന്ത് തെറ്റാണ് ഉള്ളത്. പക്ഷേ കൊല്ലപ്പെടുന്നവരെല്ലാം ഒരു മതവിഭാഗത്തിന്റെ ഭാഗമായി നിലകൊള്ളുന്നവരാണ് എന്നതാണോ അവർ നേരിടുന്ന പ്രധാന പ്രശ്നം എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെയും അവരുടെ കുടിലുകളും മാത്രമല്ല അവരുടെ ആരാധനാലയങ്ങളും തുടച്ചുനീക്കുന്നത് ഈ സംശയം ബലപ്പെടുത്തുന്നു.

നമ്മുടെ ജനാധിപത്യ രാജ്യത്തിന്റെ ചർച്ചകളിലെ മുൻഗണനകൾ ഇവിടുത്തെ ദളിതന്റെയോ ആദിവാസിയുടെയോ ഗോത്ര വിഭാഗക്കാരന്റെയോ പട്ടിണിക്കാരന്റെയോ പ്രതിസന്ധികൾ അല്ല പകരം മതപരം മാത്രമാണ് എന്ന് നിരന്തരം ബോധ്യപ്പെടുത്താൻ ശ്രമിക്കുന്ന പത്രങ്ങൾ അവയുടെ ധർമ്മം മറന്നുപോകുന്നുണ്ട്. ആദിവാസികൾക്ക് വേണ്ടി നിലകൊണ്ട സ്റ്റാൻ സ്വാമി അർബൻ നക്സലുകളിൽ ഒരാളായി മാത്രം പരിഗണിക്കപ്പെട്ട്, കുടിവെള്ളം പോലും നിഷേധിക്കപ്പെട്ട് കൊല്ലപ്പെട്ടിട്ട് കാലമധികം കഴിഞ്ഞിട്ടില്ല. ഇന്ത്യാ മഹാരാജ്യത്ത് ഇന്ന് പൗരന്മാർ അധികമില്ല ഉള്ളതൊക്കെ മതപരമായ ഐഡന്റിറ്റിയുടെ പേരിൽ വിഷമിക്കുന്നവരോ വിഷമിപ്പിക്കാൻ പരിശ്രമിക്കുന്നവരോ മാത്രമായി പരിമിതപ്പെടുന്നത് ഇന്ത്യ ജനാധിപത്യ രാജ്യത്തിൽ നിന്ന് മാറി മതാധിപത്യ രാജ്യത്തിലേക്ക് പരിണമിക്കുന്നതിന്റെ ചൂണ്ടുപലകയാണോ? ഈ രാജ്യത്തെ മഹാഭൂരിപക്ഷം വരുന്ന മനുഷ്യരും നന്മയുള്ളവർ ആയതുകൊണ്ട് മാത്രമാണ് ഇവിടെ അരുതാത്തത് ഒന്നും നടക്കാത്തത്.

പക്ഷെ അധികാരം നിലനിർത്തണമെന്നും സ്ഥിരമായി അത് സ്വന്തം കൈകളിൽ ആവണം എന്നും ആഗ്രഹിക്കുന്ന മുതലാളിത്ത സർവാധിപത്യത്തിന്റെ കാലത്ത് മതമെന്നത് അധികാരം നിലനിർത്താനുള്ള ഒരു രാഷ്ട്രീയ ഉപാധി മാത്രമായി അധഃപതിക്കുകയും അതിലെ ആത്മീയത പൂർണമായും ഒഴിവാക്കപ്പെടുകയും ചെയ്യുന്നത് ഭയപ്പെടുത്തുന്നതാണ്. അധികാരം നേടുന്ന ഇടങ്ങളിൽ എല്ലാം അന്നുവരെ നിലനിന്നിരുന്ന പാർലമെന്ററി ജനാധിപത്യ ബോധത്തെ തുടച്ചുനീക്കുന്നതും പകരം മതബോധം നിരന്തര ചർച്ചയ്ക്ക് വിഷയം ആവുകയും ചെയ്യുന്നത് സംശയത്തോടു കൂടി നോക്കിക്കാണേണ്ട കാര്യമാണ്. കൊല്ലപ്പെട്ട കുക്കികൾ വെറും തീവ്രവാദികളും ഭീകരരും മാത്രമാണ് എന്ന് പറഞ്ഞ മുഖ്യമന്ത്രിയുടെ വെളിപ്പെടുത്തൽ എല്ലാ അർത്ഥത്തിലും ഈ രാജ്യത്തെ ഞെട്ടിപ്പിക്കണം.

www.malankaralibrary.com


മണിപ്പൂരിൽ സംഭവിക്കുന്ന വംശീയ ഉന്മൂലനത്തിന്റെ നേർചിത്രം അറിയാൻ ഇന്ത്യയിലെ പൗരന്മാർക്ക് അവകാശമുണ്ട്. ഒരു വന്യമൃഗത്തിന് നാട്ടിൽ ഇറങ്ങുമ്പോൾ കിട്ടുന്ന ശരാശരി പരിഗണന എങ്കിലും ഗോത്ര വിഭാഗക്കാർക്ക് ഇന്ത്യാമഹാരാജ്യത്തിലെ ഒരു സംസ്ഥാനത്ത് ലഭിക്കുന്നില്ല എന്നു വരുന്നത് എത്ര സങ്കടകരമാണ്.നമ്മുടെ നാട്ടിലെ സാംസ്കാരിക മത സാമൂഹിക മാധ്യമ രംഗത്തെ പ്രവർത്തകർക്ക് ഗോത്ര വർഗ്ഗക്കാരായ മണിപ്പൂരിലെ കുക്കികളുടെ ദുരന്തം പരിഗണനാപട്ടികയിൽ വരാത്തത് അതിലേറെ ഞെട്ടിപ്പിക്കുന്ന കാര്യമാണ്.

ഭരിക്കുന്നവന്റെ അപ്രീതിക്ക് പാത്രമാകുന്നവർ പെട്ടെന്ന് പൗരൻ എന്ന സ്ഥാനത്തു നിന്നും തീവ്രവാദി എന്ന പേരിൽ കൊല്ലപ്പെടേണ്ട ഒരുവനായി പരിണമിക്കുന്നത് ഇത്ര ലളിതമാണ് എന്ന് മനസ്സിലാക്കി തരാൻ മണിപ്പൂർ മുഖ്യമന്ത്രിക്ക് കഴിഞ്ഞു. നാസികൾ ജൂതന്മാരെ കൊല്ലാൻ ഉപയോഗിച്ച അതേ രാഷ്ട്രീയമാണ് ഇവിടെയും പ്രയോഗിക്കപ്പെടുന്നത്. ലോകത്ത് എല്ലായിടത്തുമുള്ള മതതീവ്രവാദികൾ പ്രയോഗിക്കുന്നതും ഇതേ ആയുധമാണ്. നിരന്തരമായി പറയുന്ന കള്ളം സത്യമാണെന്ന് വിശ്വസിക്കുന്ന ജനതയെ സൃഷ്ടിച്ചെടുക്കാൻ സകലമാധ്യമങ്ങളെയും വിലയ്ക്കെടുക്കാൻ അധികാരത്തിനു കഴിയുന്നു. കൂറ്റൻ ലാഭം നേടാൻ ഉപയോഗിക്കാവുന്ന ഇടങ്ങളിൽ നിന്ന് മനുഷ്യരെ, പൗരന്മാരെ തുടച്ചുനീക്കുന്നതിന് ഏതുതരം തന്ത്രവും അധികാരശക്തികൾ ഉപയോഗിക്കും എന്നത് നിരന്തരമായി നമ്മുടെ മഹാരാജ്യം കണ്ടുശീലിച്ചുവരുന്ന ചില കാഴ്ചകളിൽ ഏറ്റവും അവസാനത്തേതാണ് മണിപ്പൂർ കലാപവും അവിടെ നടക്കുന്ന വംശീയ വേട്ടയും.

വിസമ്മതങ്ങളുടെ ഇടങ്ങളെ പൂർണമായി ഒഴിവാക്കുന്ന ഒരു ജനാധിപത്യ പാർലമെന്റിന്റെ സൃഷ്ടിയാണ് അധികാരം സ്വപ്നം കാണുന്നതെങ്കിൽ; അവിടെനിന്ന് ആളുകളെ ഒറ്റയ്ക്ക് ഒറ്റയ്ക്ക് ഒഴിപ്പിച്ച് എടുക്കുന്നതിലും എത്രയോ എളുപ്പമാണ് ഇഷ്ടക്കാർ മാത്രം വസിക്കുന്ന ഒരു കൂടാരം പണിയുന്നത്.

പുതിയകാലത്തെ ഇന്ത്യൻ ജനാധിപത്യത്തിന് ചില നിറങ്ങളോട് മാത്രമാണ് പ്രിയം. ചില നിറങ്ങൾ തുടച്ചു മാറ്റപ്പെടേണ്ടതാണ്. നിറങ്ങൾക്ക് ഇടയിലും വലിപ്പച്ചെറുപ്പങ്ങളുണ്ട്. അത്തരമൊരു പൂർവ്വകാലം ഈ മഹാരാജ്യത്ത് പലയിടങ്ങളിലും നിലനിന്നിരുന്നു എന്നത് ഒരു മഹാകാര്യമായി പരിഗണിക്കപ്പെടുന്ന ആളുകളുടെ അധികാര വിനിമയം നമ്മളെ എവിടെക്കൊണ്ടെത്തിക്കും എന്ന് കാത്തിരുന്നു കാണാം. കാരണം 2000 രൂപയുടെ നോട്ടിന്റെ ആയുസ്സ് പോലും ഒരു പൗരന്റെ ഐഡന്റിറ്റിക്ക് ഇല്ല എന്നത് പുതിയ ഇന്ത്യയിൽ വാർത്തയല്ല.

ഇന്നലെ വരെ ഗോത്രവർഗ്ഗക്കാരന്റെ ആനുകൂല്യങ്ങളിലും അവകാശങ്ങളിലും സംരക്ഷിക്കപ്പെട്ടിരുന്ന ഒരു ജനത എത്ര പെട്ടെന്നാണ് ഇന്ന് തീവ്രവാദികളുടെ സംഘമെന്ന് മുദ്ര ചാർത്തി കേന്ദ്രസേനയാൽ തുടച്ചുമാറ്റപ്പെടേണ്ട ഇരകളായി അധഃപതിച്ചത്. ●

## എം.സി.എ. കർമ്മപദ്ധതി ഉദ്ഘാടനം



മലങ്കര കാത്തലിക് അസോസിയേഷൻ തിരുവല്ല അതിരൂപത കർമ്മപരിപാടികളുടെ (ലൂമെൻ 2023) ഉദ്ഘാടന കർമ്മം റാന്നി ചെത്തോങ്കര ക്രിസ്തുരാജ മലങ്കര കത്തോലിക്ക പള്ളിയിൽ വച്ച് റാന്നി എം.എൽ.എ. നിർവഹിച്ചു. എം.സി.എ. തിരുവല്ല അതിരൂപത പ്രസിഡന്റ് ഷിബു മാത്യു ചുങ്കത്തിൽ അധ്യക്ഷനായിരുന്ന പ്രസ്തുത പരിപാടിയിൽ തിരുവല്ല അതിരൂപത അധ്യക്ഷൻ മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത അനുഗ്രഹ പ്രഭാഷണം നടത്തി. എം.സി.എ. സഭാതല പ്രസിഡന്റ് അഡ്വ. എബ്രഹാം പട്ട്യാനി മുഖ്യപ്രഭാഷണം നടത്തി. അതിരൂപത ഭാരവാഹികൾ, വൈദികർ എന്നിവർ പ്രസംഗിച്ചു. ഈ പരിപാടിയോടനുബന്ധിച്ച് എം.സി.എ. സഭാതല ഭാരവാഹികളെയും എം.സി.എ. തിരുവല്ല അതിരൂപത 2020-22 വർഷത്തെ ഭാരവാഹികളെയും ആദരിച്ചു.

www.malankaralibrary.com





# എന്റെ ഗുരുനാഥൻ

ഭാരതീയ സംസ്കൃതിയിൽ ഏറ്റവും സമുന്നതമേത് എന്നതിനു ലഭിക്കുന്ന ഒരേയൊരു പ്രത്യുത്തരമാണ് 'ഗുരു'.

"ന ഗുരോരധികം തത്വം, ന ഗുരോമധികം തപ" (ഗുരുവിനേക്കാൾ വലിയൊരു തത്വമില്ല, ഗുരുവിനേക്കാൾ വലിയൊരു തപസ്സുമില്ല) എന്നാണ് ഗീത പറയുന്നത്. ഗുരു എന്ന പദത്തിന് വലിയത് എന്നാണർത്ഥം. ലഘുവായതിനെ വലിയതായിത്തീർക്കുന്നതും ഗുരുതന്നെ.

1973 ഫെബ്രുവരി മാസത്തിൽ പായിപ്പാട് സെന്റ് ജോർജ് മലങ്കര കത്തോലിക്കാ ദൈവാലയത്തിലെ പ്രഥമ വികാരിയായി വന്ന ജോർജ് ചുണ്ടേവാലേലച്ചൻ എന്ന അമാനുഷിക വ്യക്തി, ഏതൊരാളെയും എന്നപോലെ കേവലം ബാലനായിരുന്ന എനിക്കും ആരാധനയോടെ ആ ദൈവീക മനുഷ്യനെ അടുത്തറിയാൻ ഇടയായി. അന്നു മുതൽ, 2019 ജൂൺ 4 ന് ദൈവസന്നിധിയിലേക്ക് ചേർക്കപ്പെട്ട നിമിഷം വരെ കേവലം 10 വയസ്സുകാരനിൽ നിന്നും 56 വയസ്സിലെത്തിയ എന്നിൽ ഏറ്റവും സമുന്നത വ്യക്തിത്വത്തിന്റെ സ്വാധീനമെന്നത് എന്റെ ഗുരുനാഥനായ മാർ തിമോത്തിയോസ് പിതാവ് എന്നതിന് രണ്ടാമതൊന്ന് ആലോചിക്കേണ്ടി വന്നിട്ടില്ല. അന്നും ഇന്നും എന്റെ മാർഗ്ഗദർശിയും മാർഗ്ഗദീപവും അഭി. പിതാവു തന്നെ.

ബാല്യത്തിന്റെ പരിമിതികളിൽ ഞങ്ങളെ ചേർത്തു നിർത്തിയ ഉത്തമ വികാരിയച്ചൻ, സെമിനാരിയിലേക്ക് എന്നെ സ്വീകരിച്ച എന്റെ റെക്ടറച്ചൻ. വൈദിക പരിശീലന കാലത്തുടനീളം എന്റെ 'mentor' ആയി വൈദികപട്ടാഭിഷേകത്തിലൂടെ എന്നെ പൗരോഹിത്യത്തിലേക്ക് ഉയർത്തി, എന്നെ ഞാനാക്കിത്തീർത്ത ശ്രേഷ്ഠാചാര്യൻ.

വൈദികനായി ഓരോ ഇടവകയിലൂടെ എന്റെ ശുശ്രൂഷ നിർവഹിക്കുമ്പോഴും എന്റെ മുമ്പിൽ തെളിഞ്ഞു നിന്ന മാതൃകയും പ്രചോദനവും എന്നെ രൂപപ്പെടുത്തിയ ഗുരുനാഥൻ തന്നെ. ആ വ്യക്തിത്വത്തിന്റെ സമീപത്തുപോലും എത്തിച്ചേരുവാൻ ഈ ആയുസ്സിൽ എനിക്കാവില്ല എങ്കിലും വന്ദ്യ പിതാവിന്റെ കബറിന്റെ കാവൽക്കാരനായിരുന്ന് ശുശ്രൂഷ ചെയ്യുമ്പോൾ ഞാൻ മൗനമായി ഗുരുനാഥനോട് മാദ്ധ്യസ്ഥം അപേക്ഷിക്കാറുണ്ട്.

ആർഷമായ അനുശാസനങ്ങളിൽ അത്യന്തം ശ്രദ്ധേയങ്ങളാണ്. "മാതൃ ദേവോഭവ", പിതൃ ദേവോഭവ', "ആചാര്യ ദേവോ ഭവ" എന്നിവ. ഇവയിൽ ആദ്യത്തെ രണ്ടെണ്ണം സൃഷ്ടിപരവും ഒടുവിലത്തേത് പുഷ്ടിപരവുമാണ്. ഇവ മൂന്നും ഒരു യഥാർത്ഥ ഗുരുവിൽ സമന്വയിക്കുന്നു. ആ ഗുരുവിനെ ലഭിച്ച ഒരു ശിഷ്യൻ എന്ന നിലയിൽ ഞാനെന്നും ദൈവത്തിന് നന്ദിയർപ്പിക്കുന്നു.



**ഫാ. മാത്യു പുനക്കുളം**
(വികാരി, സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ)

www.malankaralibrary.com






# വായനയും മാനസിക രൂപീകരണവും



**ഫാ. സ്റ്റാൻലി തെങ്ങുവേലിൽ**

'A game of Thrones' ന്റെ രചയിതാവായ ജോർജ് ആർ.ആർ. മാർട്ടിന്റെ വാക്കുകളാണ് മേലുദ്ധരിച്ചത്. "വായനശീലം ഉള്ള ഒരു വ്യക്തി മരിക്കുന്നതിന് മുൻപ് ആയിരം ജീവിതങ്ങൾ ജീവിക്കുന്നു. ഒരിക്കലും വായിക്കാത്ത മനുഷ്യൻ ജീവിക്കുന്നത് ഒരേയൊരു ജീവിതവും". ആധുനിക സാങ്കേതിക വിദ്യ അനുദിനം വികസിക്കുന്ന ഈ കാലഘട്ടത്തിൽ വായനാശീലം ഗണ്യമായി നഷ്ടപ്പെടുന്ന സാഹചര്യമാണ് നമുക്ക് മുന്നിലുള്ളത്. വായനശാലകളും ശീലങ്ങളും അന്യംനിന്നുപോകുന്ന സാഹചര്യത്തിൽ എങ്ങനെയാണ് നഷ്ടപ്പെട്ടുപോയ ഈ നല്ല ശീലം തിരികെ കൊണ്ടുവരുവാൻ നമുക്ക് സാധിക്കുക?

വായനശീലം ആരംഭിക്കുമ്പോൾ നാം ആദ്യം ചിന്തിക്കേണ്ടത് ഞാൻ എന്താണ് വായിക്കേണ്ടത്? ഒരുപാട് തലങ്ങളിലുള്ള കോടാനുകോടി പുസ്തകങ്ങൾ നമുക്ക് മുമ്പിലുണ്ട്. അത് കഥകളാകാം, കവിതകളാകാം, കല്പ്പിത കഥ, ജീവചരിത്രം, ടെക്നോളജിയെ സംബന്ധിച്ചുള്ള പുസ്തകങ്ങൾ, സ്വയരൂപീകരണ സഹായികളായ പുസ്തകങ്ങൾ, ശാസ്ത്രസംബന്ധമായ പുസ്തകങ്ങൾ, ചരിത്ര പുസ്തകങ്ങൾ തുടങ്ങി നമുക്ക് മുന്നിൽ ധാരാളം സാധ്യതകൾ തുറന്നു കിടപ്പുണ്ട്. ഇവിടെയാണ് എന്റെ താൽപര്യം, അഭിരുചി ഒക്കെ നാം തിരിച്ചറിയേണ്ടത്. ഉദാഹരണത്തിന് യാത്ര ചെയ്യാൻ താൽപ്പര്യമുള്ളവർ സ്വഭാവികമായും യാത്രാവിവരണങ്ങൾ വായിക്കുവാൻ ആഗ്രഹിക്കും. ശരീര ആരോഗ്യം ശ്രദ്ധിക്കുന്നവർ ആരോഗ്യപരമായ പുസ്തകങ്ങൾക്ക് പ്രാധാന്യം

www.malankaralibrary.com



"A reader lives a thousand lives before he dies.
The man who never reads lives only one"
- George R.R. Martin



നല്കും. നിങ്ങളുടെ വായനയുടെ മേഖലകളെ തിരിച്ചറിയുമ്പോൾ അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന എഴുത്തുകാരെ തിരഞ്ഞു പിടിക്കുന്നത് ഉപകാരപ്രദമാണ്. നിങ്ങൾക്ക് അനുഗമിക്കാൻ സാധിക്കുന്ന പുസ്തകം ഒരുപക്ഷേ ലോകത്തിലെ തന്നെ best sellers ൽ ഒന്നാണെങ്കിൽ പോലും അതിനെ മാറ്റിവച്ച് നിങ്ങൾക്ക് വായിക്കുവാൻ സാധിക്കുന്ന ലളിതമായ പുസ്തകങ്ങളിൽ നിന്ന് വായനശീലം ആരംഭിക്കണം.

"Ones you learn to read you will be forever free" - Frederick Douglass ന്റെ പ്രശസ്തമായ വായനയെക്കുറിച്ചുള്ള ഒരു ചിന്തയാണ് മേലുദ്ധരിച്ചത്. വായന അക്ഷരങ്ങളുടെ ലോകത്തേക്കുള്ള വാതിൽ തുറക്കും എന്ന് നമുക്കറിയാം. എങ്ങനെയാണ് നമുക്ക് വായനശീലം സൃഷ്ടിച്ചെടുക്കുവാൻ സാധിക്കുക?

**1. Start with simple books**

വായിച്ചാൽ മനസ്സിലാക്കുവാൻ എളുപ്പത്തിൽ സാധിക്കുന്ന പുസ്തകങ്ങൾ വായിക്കുവാൻ പരിശ്രമിക്കുക. വായിക്കുന്ന പുസ്തകങ്ങളുടെ ഉള്ളടക്കം മറ്റുള്ളവരോട് ആശയവിനിമയം ചെയ്യുമ്പോൾ ഉപയോഗിക്കുവാൻ ശ്രദ്ധിക്കുക. അത് നമ്മുടെ തലച്ചോറിൽ രേഖപ്പെടുത്തി വയ്ക്കുവാൻ സഹായിക്കും.

**2. Be Consistent in reading**

വായിക്കുവാൻ തിരഞ്ഞെടുക്കുന്ന പുസ്തകങ്ങൾ ഓരോ ദിവസവും കൃത്യമായി നിശ്ചയിച്ച സമയം ഉപയോഗിച്ച് വായിക്കുവാൻ ശ്രദ്ധിക്കണം. ഒരു ശീലം ആരംഭിക്കുവാൻ ആഗ്രഹിക്കുമ്പോൾ അതിനായി ആവശ്യമുള്ള സമയം മാറ്റിവയ്ക്കുകയും തടസ്സങ്ങളെ അതിജീവിക്കുകയും ചെയ്യണം.

**3. Seperate your self from your phones**

വ്യക്തിപരമായി എനിക്ക് നിങ്ങളുടെ ജീവിതശൈലി അറിയില്ലെങ്കിലും നിങ്ങളുടെ വായനശീലത്തെ തൃപ്തിപ്പെടുത്തുന്ന സോഷ്യൽ മീഡിയാസിനെ eg. facebook, twitter, whatsapp, youtube, Reddit തുടങ്ങിയവയെ ഉപേക്ഷിക്കുവാൻ തയ്യാറാകണം. പുസ്തകങ്ങൾ തുറക്കുമ്പോൾ ഇന്റർനെറ്റുമായുള്ള നിങ്ങളുടെ ബന്ധം വിച്ഛേദിക്കപ്പെടണം. വായനയുടെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുവാൻ ഈ താല്ക്കാലികമായ അകൽച്ചയ്ക്ക് സാധിക്കും.

**4. Stop reading books that are not inspiring you**

നിങ്ങൾക്ക് താല്പ്പര്യമുള്ള, നിങ്ങളെ സ്വാധീനിക്കുന്ന പുസ്തകങ്ങൾ വായിക്കുന്ന അതേസമയം നിങ്ങളെ പ്രോത്സാഹിപ്പിക്കുന്ന പുസ്തകങ്ങൾ വായിക്കുവാൻ നിങ്ങളെടുക്കും എന്നതിൽ സംശയമില്ല. പക്ഷേ നിങ്ങളെ സ്വാധീനിക്കുവാൻ ശക്തിയുള്ള, സാധ്യതയുള്ള പുസ്തകങ്ങൾ നിങ്ങളുടെ ജീവിതം തന്നെ മാറ്റി മറിക്കുവാൻ സാധിക്കും. നിങ്ങളെ സ്വാധീനിക്കുന്ന നിഷ്ക്രിയ വായന പൂർണമായി ഒഴിവാക്കുക.

**5. Carry a book whereever you go**

വായനയിൽ താല്പ്പര്യം സൃഷ്ടിക്കുവാൻ ആവശ്യമായ പുസ്തകങ്ങൾ എപ്പോഴും കൂടെ കൂട്ടുക. അതോടൊപ്പം വ്യത്യസ്തങ്ങളായ പുസ്തകങ്ങളെയും കൂടെ കൂട്ടണം. താല്പ്പര്യം നഷ്ടപ്പെടുമ്പോൾ മറ്റു പുസ്തകങ്ങൾ കൂടെയുണ്ടാവുന്നത് ഉചിതമാണ്.

**6. Anchor your reading time to a current habit**

James Clear ന്റെ 'Atomic habits' എന്ന പുസ്തകം ന്യൂയോർക്ക് ടൈംസിന്റെ best sellers ൽ ഒന്നാണ്. ചെറിയ വ്യത്യാസങ്ങളിലൂടെ അവിസ്മരണീയമായ മാറ്റങ്ങൾ സാധ്യമാകും എന്നതാണ് പുസ്തകത്തിന്റെ ഇതിവൃത്തം. പുതിയ ശീലങ്ങൾ സൃഷ്ടിക്കുവാൻ നിലവിലെ ശീലങ്ങളോട് ചേർത്തുവയ്ക്കുന്നത് ഉചിതം ആയിരിക്കും എന്ന് James Clear പങ്കുവയ്ക്കുന്ന പ്രധാന ആശയങ്ങളിലൊന്ന്. ഉദാഹരണത്തിന് എല്ലാ ദിവസം 8 മണിക്ക് പ്രഭാതഭക്ഷണം കഴിക്കുന്ന വ്യക്തി അതിനോട് ചേർന്ന് പ്രഭാത ഭക്ഷണത്തിന് മുമ്പോ പിമ്പോ അര മണിക്കൂർ പുസ്തകം വായിക്കുന്നത് വായനാശീലം ആഴപ്പെടുവാൻ കാരണമായേക്കും. പുതിയ ശീലങ്ങൾ നിലവിലെ ശീലങ്ങളോട് ചേർത്തുവയ്ക്കുമ്പോൾ അവയ്ക്കു സ്ഥായീഭാവം ഉണ്ടാകുമെന്ന് ചുരുക്കം.

**ഉപസംഹാരം**

'വായന' നിങ്ങളെ മഹാനായ വ്യക്തി ആക്കുകയില്ല. പക്ഷേ നിങ്ങളെ ഒരു നല്ല വ്യക്തിത്വത്തിന് ഉടമകളാക്കും. വായനയിലൂടെ അറിവ് നേടുന്നത് കൊണ്ട് മാത്രമല്ല മറിച്ച് ആരോ ഒരാൾ അദ്ധ്വാനിച്ച് എഴുതിയ വരികളെ നിങ്ങൾ കണ്ണ് തുറന്ന് ധ്യാനിച്ചു. അത് നിങ്ങളുടെ ഹൃദയത്തിലും ബുദ്ധിയിലും ജീവിതത്തിലും മാറ്റങ്ങൾ ഉണ്ടാക്കും. വായനയിലൂടെ നമുക്ക് കുറച്ചുകൂടി നല്ല മനുഷ്യരാകാം.

www.malankaralibrary.com



# അക്ഷര സുഗന്ധമറിയാതെ

**ജൂൺ 19 വായനദിനമായി കേരളം ആചരിക്കുന്നു**



**ജയ മാത്യൂസ്**
**സെന്റ് തോമസ് HSS,**
**ഇരുവെള്ളിപ്ര**
**പ്രിൻസിപ്പാൾ**

മലയാളി വായനയെപ്പറ്റി ഏറെ ചർച്ച ചെയ്യുന്ന, വായനാശീലങ്ങൾക്കു തുടക്കമിടാൻ പ്രേരിപ്പിക്കുന്ന നാളുകളാണ് വായനവാരമായി ആഘോഷിക്കുന്നത്. ഗ്രന്ഥശാലാപ്രസ്ഥാനത്തിന് പ്രചാരം നൽകിയ പി.എൻ. പണിക്കരുടെ ഓർമ്മദിനമാണ് ജൂൺ 19. അന്ന് വായനദിനമായി കേരളം ആചരിച്ചു തുടങ്ങി.

2023 ലെ വായനാദിനവും വാരാചരണവും അടുത്തു വരുമ്പോൾ മലയാളിയുടെ ഇന്നത്തെ വായനാശീലത്തെ പറ്റി ആലോചിക്കാം. വിരൽ തുമ്പിൽ വിവരങ്ങൾ അനർഗളമായി ലഭിക്കുന്ന കാലത്താണ് നാം. സാമൂഹ്യമാധ്യമങ്ങളിലെ മലയാളിയുടെ സാന്നിധ്യം വളരെ വിപുലമാണ്. നയനാനന്ദകരമായ കാഴ്ചകളുടെ അത്ഭുതലോകവും ശ്രുതിമാധുര്യമുള്ളതും ചടുലതാളമുള്ളതുമായ ഗാനങ്ങളും നമ്മുടെ സമൂഹത്തെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്.

10 വർഷങ്ങൾക്കു മുൻപു തന്നെ നാം മൊബൈൽ ഫോണിന്റെയും കമ്പ്യൂട്ടറുകളുടെയും ലോകത്തേക്ക് കടന്നു കഴിഞ്ഞിരുന്നു. രസകരമായ കാഴ്ചകളുടെ മതിഭ്രമം നമ്മെ ബാധിച്ചപ്പോൾ നമ്മുടെ കൈകളിൽ നിന്നും ഊർന്നു വീണത് പത്രം, മാസികകൾ, പുസ്തകങ്ങൾ ഇവയാണ്. പുലർച്ചെ തന്നെ പത്രത്തിനായി കാത്തിരിക്കുന്ന ഒരു തലമുറ നമുക്ക് ഉണ്ടായിരുന്നു. ഇന്ന് ഒരുപക്ഷേ മുതിർന്നവർ പത്ര ബോക്സുകളിൽ നിന്നോ, വരാന്തകളിൽ നിന്നോ പത്രം എടുത്തു വായിച്ചില്ല

www.malankaralibrary.com



**10 വർഷങ്ങൾക്കു മുൻപു തന്നെ നാം മൊബൈൽ ഫോണിന്റെയും കമ്പ്യൂട്ടറുകളുടെയും ലോകത്തേക്ക് കടന്നു കഴിഞ്ഞിരുന്നു. രസകരമായ കാഴ്ചകളുടെ മതിഭ്രമം നമ്മെ ബാധിച്ചപ്പോൾ നമ്മുടെ കൈകളിൽ നിന്നും ഊർന്നു വീണത് പത്രം, മാസികകൾ, പുസ്തകങ്ങൾ ഇവയാണ്.**



# വളരാം നമുക്ക് വായനയിലൂടെ

എങ്കിൽ ആരും ശ്രദ്ധിക്കാനില്ലാതെ അത് അവിടെ തന്നെ കിടന്നു പോകും. ബാലരമയും ബോബനും മോളിയും അമർചിത്ര കഥകളും വായിക്കാതെ; കഴിഞ്ഞ നാളുകളിലെ ബാല്യം കടന്നു പോയിട്ടില്ല. എല്ലാ വീടുകളിലും ഇവ വാങ്ങാനുള്ള പണം ഉണ്ടായിരുന്നില്ല. എങ്കിലും കൂട്ടുകാർ പരസ്പരം കൈമാറി ഇവ എല്ലാവരുടെയും കൈകളിൽ എത്തിയിരുന്നു. പഠനം മെച്ചപ്പെട്ട നിലയിൽ പൂർത്തിയാക്കാൻ സാധിക്കാതെ പോയിട്ടുള്ളവരും ഈ വായനയുടെ കാര്യത്തിൽ അമാന്തം കാട്ടിയിരുന്നില്ല. അതിനാൽ പ്രൈമറി ക്ലാസുകൾ മുതൽ തന്നെ തെറ്റുകൂടാതെ വായിക്കാനും എഴുതാനും പഠിച്ചു മുൻതലമുറ.

കാലം മാറിയതോടെ അക്ഷരങ്ങളുടെ സുഗന്ധം അറിയുന്ന വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞു. ബോധനരീതികളിലേക്ക് വിവിധ ആശയങ്ങൾ എത്തുകയും പരിഷ്കാരങ്ങൾ വരുത്തുകയും ചെയ്തപ്പോൾ അക്ഷരങ്ങൾ ആവർത്തിച്ചു പഠിപ്പിക്കുന്ന ചൊൽവഴികളും എഴുത്തുവഴികളും മാറി. എന്തിനേറെ അക്ഷരമാല പുസ്തകങ്ങളിൽ നിന്നു പോലും പടിയിറങ്ങി. ശിശു സൗഹൃദ പഠന രീതികൾ പ്രചാരത്തിലായി, ഏവർക്കും സ്വീകാര്യമായി. പഴയ ആശാൻ പള്ളിക്കൂടങ്ങളിൽ നിന്നും ചൂരൽ കഷായത്തിന്റെ നോവോടെ ആഴമായി ദൃഢപ്പെടുത്തിയ അക്ഷരശീലങ്ങൾ വഴിമാറി. വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ നിശ്ചയിക്കുമ്പോൾ അക്ഷരപരിചയം അത്ര കണ്ട് വിലയിരുത്തപ്പെടുന്നില്ല. ചെറിയ ക്ലാസുകളിൽ അക്ഷരത്തെറ്റ് തെറ്റായി കാണാതെ കുട്ടികളുടെ ആശയങ്ങൾക്ക് ഊന്നൽ നൽകി തുടങ്ങിയതും അക്ഷരങ്ങളെപറ്റി ശരിയായ ബോധ്യം നേടിയെടുക്കാൻ ഉള്ള വഴികളടച്ചു. ഇതിന്റെ അനന്തരഫലമാണ് വായനയോട് താല്പര്യം ഉള്ള കുട്ടികൾ കുറഞ്ഞതും.

പുതിയ കാലത്തെ വിദ്യാർത്ഥികളെ നേരിട്ടറിയുന്ന ഒരാൾ എന്ന നിലയിൽ പത്താം ക്ലാസിൽ ഉയർന്ന സ്കോർ നേടി ഹയർ സെക്കന്ററിയിൽ എത്തുന്നവർ പോലും വായനയോടും എഴുത്തിനോടും അത്ര നല്ല ആഭിമുഖ്യം പുലർത്തുന്നവരല്ല. ലൈബ്രറി സംവിധാനം സ്കൂളുകളിൽ ഉണ്ടെങ്കിലും അത് നന്നായി പ്രയോജനപ്പെടുത്തുന്ന കുട്ടികളുടെ എണ്ണം കുറവാണ്. പ്രത്യേകിച്ച് സയൻസ്, കൊമേഴ്സ് വിദ്യാർത്ഥികൾ.

പത്ര മാധ്യമങ്ങൾ, സ്കൂൾതലത്തിലെ വിവിധ പാഠ്യേതര പ്രവർത്തനങ്ങൾ ഇവയെല്ലാം വായനയെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ സ്കൂളുകളിൽ ആവിഷ്കരിക്കുന്നുണ്ട്. എങ്കിലും അവയെ താല്പര്യത്തോടെ സ്വീകരിക്കുന്ന കുട്ടികളുടെ എണ്ണം ഇന്ന് കുറവാണ്.

ചരിത്രബോധവും മാനവികതയുടെ വളർച്ചയും ചിന്താശേഷിയും മനസ്സിലാക്കാനും മൂല്യബോധമുള്ള തലമുറയെ രൂപപ്പെടുത്തുവാനും അറിവിന്റെ ചെപ്പു തുറക്കാനും ഭാവനയും സ്വപ്നവും ജീവിതാവബോധവും വളർത്താനും ഉപകരിക്കുന്നത് വായനയാണ്.

അതിനാൽ പുതുതലമുറയെ വായനയിലേക്ക് തിരിച്ചു കൊണ്ടുവരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. അതിന് നൂതന വഴികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു വിദ്യാഭ്യാസ നിലവാരം വിലയിരുത്തുമ്പോൾ എണ്ണത്തേക്കാൾ ഉപരി ഗുണമേന്മയ്ക്ക് തന്നെ പ്രാധാന്യം കൊടുക്കുന്ന കണക്കെടുപ്പുകൾ ആണ് ശ്രദ്ധിക്കേണ്ടത്. അവിടെ മാത്രമേ ശരിയായ കണ്ടെത്തലുകൾ ഉണ്ടാവൂ. ഭാഷയെ സ്നേഹിക്കുന്ന, എഴുത്തിനെ സ്നേഹിക്കുന്ന, പദമഹിമകൾ തിരിച്ചറിയുന്ന തലമുറകൾ നമുക്ക് ഉണ്ടാവണം. വിദ്യാഭ്യാസ നയങ്ങളിലും പാഠ്യപദ്ധതി പരിഷ്കാരങ്ങളിലും ലക്ഷ്യം വയ്ക്കേണ്ടതും ആസൂത്രണം നടത്തേണ്ടതും വായനയിലൂടെ അറിവു നേടുന്ന തലമുറയെ രൂപപ്പെടുത്താൻ ആണ്

www.malankaralibrary.com





# ജീവിതസായാഹ്നം



മാത്യൂസ്
പാണ്ടിശ്ശേരിൽ

പ്രഭാതം പോലെ തന്നെ മനോഹരമാണ് പ്രദോഷവും. കാലം എല്ലാവരെയും പാകപ്പെടുത്തും. ജീവിതത്തെ ഒരു ദിനംപോലെ കണക്കാക്കിയാൽ - പ്രഭാതവും, മദ്ധ്യാഹ്നവും പ്രദോഷവും അതിന്റെ മൂന്നു മുഖങ്ങളാണ്. ഇതിൽ പ്രഭാതത്തിനും പ്രദോഷത്തിനും ഏറെ സമാനതകളുള്ളതുപോലെ ബാല്യത്തിനും വാർദ്ധക്യത്തിനും ചേർച്ചകളുണ്ട്. ഒരു ശിശു മുത്തച്ഛനോട്:- മുത്തച്ഛാ, എന്റെ കൈയ്യിൽനിന്നും സ്പൂൺ ഇടയ്ക്കിടെ താഴെ വീഴുമ്പോൾ എന്നെ എല്ലാവരും ശകാരിക്കുന്നു.

മുത്തച്ഛൻ :- എനിക്കും.

കുട്ടി:- ചിലപ്പോഴൊക്കെ ഞാനറിയാതെ കിടക്കയിൽ മൂത്രമൊഴിച്ചു പോകുന്നു.

മുത്തച്ഛൻ:- ഞാനും ഇങ്ങനെ പോകുന്നു. അവരുടെ സമാനതകൾ.

ആഴത്തിൽ വേരോടുന്ന മരങ്ങളെ ഉയരത്തിൽ വളരൂ. അല്ലെങ്കിൽ പ്രായമാകും, വളരില്ല. വൃദ്ധരും അതുപോലെയാണ്. "നരച്ചമുടി മഹത്വത്തിന്റെ കിരീടമാണ്. സുകൃത പൂർണമായ ജീവിതം കൊണ്ടാണ് അതുകൈവരുന്നത്" - ബൈബിൾ

www.malankaralibrary.com



**വാർദ്ധക്യത്തെ ആസ്വാദ്യകരമാക്കാൻ ഒരു കാര്യത്തിലും അനാവശ്യമായി ഇടപെടരുത്. ആദരവും പരിഗണനയും പ്രായഭേദമെന്യേ എല്ലാവരും അർഹിക്കുന്നുവെന്നറിയണം. കുറ്റപ്പെടുത്തലുകളും, താരതമ്യപ്പെടുത്തലും ഒട്ടും വേണ്ട. ഓരോരുത്തരും അവരവരുടെ കടമകൾ ചെയ്യണം.**

ഔദ്യോഗിക ജീവിതത്തിൽ നിന്നു വിരമിച്ചു വരുന്നവരുടെ ശ്രദ്ധയ്ക്ക്:- The rest of your years can be the best or worst of your years. It all depends upon your attitude, how you look at it.

അരങ്ങിൽ നിറഞ്ഞുനിന്നിരുന്ന നിങ്ങൾ ഇനി താഴെയിറങ്ങി മുൻസീറ്റിലിരുന്ന് കാഴ്ചക്കാരനാകാം. അത് അത്ര മോശം കാര്യമൊന്നുമല്ല. ഇനിയും കണക്കുകൂട്ടി സ്വരൂപിക്കേണ്ട, ആരെയും വിലയിരുത്തുകയും വിധിക്കുകയും വേണ്ട. മറിച്ച് ശാന്തതയോടെ ഓരോ നിമിഷവും ദൈവകൃപ ആസ്വദിച്ച്, ലഭിച്ച നന്മകൾക്ക് നന്ദി പറഞ്ഞ്, കണ്ണീർ വാർത്ത്, പുഞ്ചിരിച്ച് അങ്ങനെ പൊയ്ക്കൊണ്ടിരിക്കാം. ആന്റണി ഡിമല്ലൊ എഴുതി - ഫുട്ബോൾ ഫൈനൽ കളി കാണാൻ ഒരാൾ ഈശോയോടൊപ്പം പോയി ഗ്യാലറിയിൽ ഇരുന്ന് കളി ആസ്വദിക്കുകയാണ്. ഇരു ടീമുകളും ഗോളടിക്കുമ്പോൾ കർത്താവ് കയ്യടിച്ച് ആർത്തു വിളിച്ച് പ്രോത്സാഹിപ്പിക്കുകയാണ്. ഇതു കണ്ട ചങ്ങാതി കർത്താവിനോട് - സത്യത്തിൽ അങ്ങ് ഏതു ടീമിനൊപ്പമാണ് മറുപടി - ഞാൻ ഒരു ടീമിന്റെയും കൂടെയല്ല. I am just enjoying the game. കളി ആസ്വദിക്കുക മാത്രമാണ്. ഇതാണ് വാർദ്ധക്യത്തിൽ വേണ്ടുന്ന ഏറ്റവും കൃപ നിറഞ്ഞ അവസ്ഥ. ജീവിതത്തിന്റെ ഈ കേളിയിൽ ഒന്നിലും മിഴിയടയ്ക്കാതെ, ഒന്നിന്റെയും പിന്നാലെ പരക്കം പായാതെ ജീവിതം ആസ്വദിക്കാം. ഫസ്റ്റാകാനും ബെസ്റ്റാകാനും പണ്ടു നടത്തിയ ശ്രമങ്ങളെ നർമം തുളുമ്പുന്ന കണ്ണുകളിൽ കുസൃതിയോടെ നോക്കിക്കാണാം. ഒടുവിൽ, ജീവിതം ദാ, ഇത്രയൊക്കെയേ ഉള്ളുവെന്നു മനസ്സിലാക്കി ശാന്തി നിറഞ്ഞ മനസ്സിനുടമയാകാം. അക്കിത്തത്തിന്റെ കവിതയിലെ പൂജാരി പറയുമ്പോലെ:-

"എന്റെയല്ലെന്റെയല്ലീ മഹാക്ഷേത്രവും
എന്റെയല്ലെന്റെയല്ലാനയമ്പാരിയും."

ഈ മഹാക്ഷേത്രവും ആനയും അമ്പാരിയുമൊന്നും എന്റേതല്ല. ഞാൻ സമ്പാദിച്ച വസ്തുവകകൾ, സ്ഥാനമാനങ്ങൾ ഒന്നും എന്റേതല്ല. ഞാൻ വെറും ഒരു സഞ്ചാരി മാത്രം. ഇങ്ങനെ നമ്മുടെ ഹൃദയത്തിൽ നേരത്തെ കുറിച്ചുവയ്ക്കാം. അപ്പോൾ നെഗറ്റീവ് ചിന്തകളുടെ ഭാരം പേറേണ്ടി വരില്ല.

"ഞാനില്ലാത്ത ഒരു കാലം ഭൂമിയിലുണ്ടായിരുന്നു
ഇങ്ങനെ - അങ്ങനെ ഒരു കാലം ഉണ്ടാവുകയും ചെയ്യും."

(അക്കിത്തം)

ജീവിതത്തിൽ ഓർത്തിരിക്കേണ്ട പലതുമുള്ളതുപോലെ അത്യന്താപേക്ഷിതമാണ് മറക്കേണ്ട പലതും. രണ്ടിന്റേയും സന്തുലനം ഒഴിച്ചുകൂടാനാവാത്തതാണ്. വാർദ്ധക്യമായവർ രണ്ടുതരമുണ്ട്.

1. ജീവിത നന്മകൾ അംഗീകരിച്ച് സംതൃപ്തിയോടെ കഴിയുന്നവർ.

2. അവഗണനയും അവശതയുമായി എപ്പോഴും ഏതിനും പരാതി പറഞ്ഞുകൊണ്ടിരിക്കുന്നവർ.

"Half empty/half full approch to life". ഗ്ലാസിലെ നിറഞ്ഞ ഭാഗം കണ്ട് സന്തോഷിക്കുന്നവർ വിജയിക്കും. എന്നാൽ നിറയാത്ത ഭാഗം കണ്ടുകൊണ്ടിരിക്കുന്നവർ, ലഭിക്കാത്തതിനെ ഓർത്തു വിലപിക്കും.

ദൈനംദിന ജീവിതത്തിൽ പാലിക്കാൻ വിദഗ്ദ്ധർ നിർദ്ദേശിച്ചിരിക്കുന്നത്:-

വാർദ്ധക്യത്തെ ആസ്വാദ്യകരമാക്കാൻ ഒരു കാര്യത്തിലും അനാവശ്യമായി ഇടപെടരുത്. ആദരവും പരിഗണനയും പ്രായഭേദമെന്യേ എല്ലാവരും അർഹിക്കുന്നുവെന്നറിയണം. കുറ്റപ്പെടുത്തലുകളും, താരതമ്യപ്പെടുത്തലും ഒട്ടും വേണ്ട. ഓരോരുത്തരും അവരവരുടെ കടമകൾ ചെയ്യണം. മാതാപിതാക്കളെ നോക്കേണ്ടത് മക്കളാണെന്ന ചിന്ത വേണ്ട. മക്കൾ അവരുടെ കടമ നിർവ്വഹിക്കട്ടെ. സ്വന്തമായി ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ സ്വയം ചെയ്യണം. സ്നേഹവും പരിലാളനയും എല്ലാവരിലേക്കും വ്യാപിപ്പിക്കണം. മക്കളുമായി നല്ല ബന്ധം പുലർത്തണം; അതുപോലെ അയൽക്കാരോടും. പ്രായമേറുന്തോറും മനസ്സിനെ ചെറുപ്പമാക്കി നിലനിർത്താൻ വിവിധ തലമുറകളിലുള്ളവരുമായി ആശയങ്ങൾ കൈമാറുകയും സ്വീകരിക്കുകയും വേണം. അങ്ങനെ കാലത്തിനൊപ്പം മാറിയാൽ 'നല്ല പ്രായം' ആസ്വദിക്കാം.

ആത്മാവിന്റെ പാതയിൽ നടക്കാൻ ദൈവം തന്ന വിശുദ്ധമായ സമയത്തിന്റെ പേരാണ് വാർദ്ധക്യം. ഇത്രയും നാൾ കൂടെ നടന്ന ദൈവം വാർദ്ധക്യത്തിൽ ഒരാളെ വിട്ടുപോകുമോ? "ജീവിതകാലം മുഴുവൻ ഞാൻ നിന്റെ ദൈവമായിരിക്കും. നിങ്ങൾക്കു നരബാധിക്കുമ്പോഴും........നിങ്ങളെ ചുമലിലേറ്റി രക്ഷിക്കും" (ഏശയ്യാ 46:4).

ഇനിയും പാടാം:-

ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവമെന്നെ നടത്തി
ഒന്നുമില്ലായ്മയിൽ നിന്നെന്നെ ഉയർത്തി
ഇത്രത്തോളം യഹോവ സഹായിച്ചു.

●

www.malankaralibrary.com



# കുമരികുങ്കനും പി. എൻ. പണിക്കരും

കേരളത്തിലെ ഗ്രന്ഥശാലകൾ അംഗങ്ങളായുള്ള പ്രസ്ഥാനമാണ് കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ. വിദ്യാഭ്യാസവും സാംസ്കാരികവുമായ പ്രവർത്തനങ്ങൾക്ക് ഈ സംഘടന നേതൃത്വം കൊടുക്കുന്നു.

തിരുവിതാംകൂറിലെ 47 ഗ്രന്ഥശാലകൾ ചേർന്നു രൂപം നൽകിയ അഖില തിരുവിതാംകൂർ ഗ്രന്ഥശാലാസംഘം ആണ് കേരളഗ്രന്ഥശാലാസംഘം ആയി മാറിയത്.

1948-ൽ കേരളഗ്രന്ഥശാലാസംഘത്തിന് സർക്കാർ അംഗീകാരം കൊടുത്തു. പി.എൻ പണിക്കരെ സെക്രട്ടറിയായി തിരഞ്ഞെടുത്തു. അതേ വർഷം തന്നെ ലൈബ്രറി കൗൺസിലിന്റെ ഗ്രന്ഥലോകം മാസിക പ്രസിദ്ധീകരിക്കുകയും ചെയ്തു.

കേരളഗ്രന്ഥശാലാസംഘം 1950ൽ തിരുകൊച്ചി ഗ്രന്ഥശാലാസംഘം ആയും കേരളസംസ്ഥാനരൂപീകരണത്തോടെ കേരളഗ്രന്ഥശാലാസംഘം ആയും രൂപം പ്രാപിച്ചു. 1977ൽ കേരള ഗ്രന്ഥശാലാസംഘം സർക്കാർ ഏറ്റെടുത്തു. 1989 ലെ പബ്ളിക്ക് ലൈബ്രറീസ് ആക്റ്റ് പ്രകാരം 1991-ൽ കേരളാസ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ആയി മാറി. 1995 ൽ 'വായിച്ചു വളരുക' എന്ന സന്ദേശം ഉയർത്തി സുവർണ്ണജൂബിലി ആഘോഷിച്ചു.

കേരളത്തിൽ 1992 മുതൽ പി.എൻ പണിക്കരുടെ ചരമദിനമായ ജൂൺ 19 വായനദിനമായി ആചരിക്കുന്നു. തുടർന്നുവരുന്ന ഒരാഴ്ച്ചക്കാലം വിദ്യാഭ്യാസവകുപ്പ് വായനവാരമായി ആഘോഷിക്കുന്നു. 2017-ൽ കേരളത്തിന്റെ വായനദിനമായ ജൂൺ 19 ദേശീയവായനദിനമായി അംഗീകരിക്കപ്പെട്ടു.

'വായിച്ചു വളരുക' എന്ന ലക്ഷ്യം വെച്ച് കേരളത്തിലെ ഗ്രന്ഥശാലാപ്രസ്ഥാനത്തിനു തുടക്കം കുറിച്ച ആളാണ് പുതുവയിൽ നാരായണപണിക്കർ എന്ന പി.എൻ പണിക്കർ.



മീരാകൃഷ്ണ

വായനയിലേക്കു കേരളീയരെ നയിക്കാൻ അക്ഷീണപരിശ്രമമാണ് പി.എൻ പണിക്കർ നടത്തിയത്. ഗ്രാമങ്ങൾതോറും കയറിയിറങ്ങി ഓരോ അംഗങ്ങളോടും പുസ്തകങ്ങളെപ്പറ്റിയും വായനയെപ്പറ്റിയും ഗ്രന്ഥശാലകളുടെ ആവ

www.malankaralibrary.com


ശ്യകതയെപ്പറ്റിയും പറഞ്ഞു ബോധവാന്മാരാക്കി. ഗ്രന്ഥശാലയ്ക്കുവേണ്ടി ഉള്ള സ്ഥലത്തിനായി വീടു വീടാന്തരം കയറിയിറങ്ങി.

അങ്ങനെയുള്ള യാത്രയ്ക്കിടയിൽ എടുത്തുപറയത്തക്ക ഒരു സംഭവമുണ്ടായി. ആലപ്പുഴയിൽ ഗ്രന്ഥശാലയ്ക്കുവേണ്ടി ഉള്ള ഭൂമിക്കുവേണ്ടി ചെന്നപ്പോൾ എല്ലാവരും കൊടുക്കുവാൻ മടിച്ചുനിന്നപ്പോൾ ഞാൻ സ്ഥലംകൊടുക്കാം എന്നുപറഞ്ഞ് ഉയർത്തിയ കൈ ചേറിൽ പുതഞ്ഞുനിന്ന ഒരുകൃഷിക്കാരന്റേതായിരുന്നു. കുമരികുങ്കൻ എന്നു പേരുള്ള അയാളുടെ ആകെയുള്ള 10 സെന്റിൽനിന്ന് ഗ്രന്ഥശാലയ്ക്കു സ്ഥലം കൊടുത്തു. ഏക്കറുകണക്കിനുസ്ഥലമുള്ളവർ അറച്ചുനിന്നപ്പോൾ വായനയുടെ മഹത്വം മനസ്സിലാക്കിയത് പാവപ്പെട്ട കർഷകതൊഴിലാളിയായിരുന്നു എന്നത് നമുക്ക് മനസ്സിലാക്കാം.

പി.എൻ പണിക്കർ നടത്തിയ അക്ഷീണപരിശ്രമത്തിന്റെ ഫലമായാണ് ഇന്നുകാണുന്ന ഗ്രന്ഥശാലകൾ ഉണ്ടായത്. ഇന്റർനെറ്റിന്റെയും മറ്റു ദൃശ്യമാധ്യമങ്ങളുടെയും ഈകാലത്ത് വായന കുറഞ്ഞിരിക്കുകയാണ്. വായനയിൽനിന്ന് ഭാവനയും ചിന്തയും ഉണ്ടാകും. ബൗദ്ധികമായ വ്യായാമമാണ് വായന എന്ന ബോധം നമുക്ക് ഉണ്ടാകണം.

'വായിച്ചുവളരുക' എന്ന സന്ദേശം കാതുകളിൽ എക്കാലവും മുഴങ്ങട്ടെ. ●

## ഉപകാരസ്മരണ

### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന



മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി**


# ഐക്യദീപം
## വരിക്കാരാകുക

പേര് : ..............................

വീട്ടുപേര് : ..............................

: ..............................

മേൽവിലാസം : ..............................

ഫോൺ : ..............................

വാർഷിക വരിസംഖ്യ : 200/-

**Bank Details :**
Chief Editor, Aikyadeepam
Union Bank, Tiruvalla - 689 101
**A/c No. 110110100023901**
**IFSC Code : UBIN0811017**

Contact Details :
Chief Editor, Aikyadeepam Monthly
St. John's Metropolitan Cathedral
Tiruvalla - 689 101. Phone : 0469 2600626
E-mail : aikyadeepamtvla@gmail.com

www.malankaralibrary.com



# മലയിടുക്കിൽ നിന്നൊരു തെളിനീരുറവ

സുഗന്ധ വ്യഞ്ജനങ്ങളുടെ പറുദീസയായ ഹൈറേഞ്ചിന്റെ മണ്ണിൽ നിന്നും വിശ്വാസ പരിശീലന മേഖലയ്ക്ക് ദൈവം ഒരുക്കിയ സ്വർഗ്ഗീയ വസന്തം.

തിരുവല്ല അതിരൂപത ബൈബിൾ കലോത്സവത്തിൽ തുടർച്ചയായ 10 വർഷങ്ങളിലും "ബെസ്റ്റ് പാരീഷ്" എന്ന പുരസ്കാരം ഇടവക ദൈവാലയത്തിന് ചാർത്തി കൊടുക്കുന്നതിൽ മുഖ്യ പങ്ക് വഹിച്ച മഹിളാരത്നം.

വിശ്വാസ തീക്ഷ്ണതയിൽ ജ്വലിച്ച് പുതിയ നിയമം സ്വന്തം കൈപ്പടയിൽ പകർത്തിയെഴുതിയ ഈശ്വരോപാസക.

കട്ടപ്പന മേഖല സണ്ടേസ്കൂൾ സെക്രട്ടറിയായി ഇടവകകളുടെ വിജയക്കുതിപ്പിന് തേര് തെളിച്ച പടനായിക.

ദീർഘമായ 33 വർഷങ്ങൾ മതബോധന അദ്ധ്യാപികയായും, അതിൽ 20 വർഷവും പ്രധാനാദ്ധ്യാപികയായും വിളങ്ങി നിൽക്കുന്ന അല്മായ പ്രേഷിത.

കട്ടപ്പന സെന്റ് പോൾസ് മലങ്കര സുറിയാനി കത്തോലിക്ക ഇടവകയുടെ മതബോധന അദ്ധ്യാപിക, ദൈവാശ്രയത്തിൽ ആഴപ്പെടുന്ന, കുരുന്ന് ഹൃദയങ്ങളിൽ ദൈവീക ചൈതന്യം ദർശിക്കുന്ന, എളിമയുടെയും നന്മയുടെയും കരുണയുടെയും മൂർത്തിഭാവമായ കുന്നേൽ വീട്ടിൽ ഷേർളി കുര്യൻ നാട്യങ്ങളില്ലാതെ അനുവാചകരിലേക്ക് ഇറങ്ങി വരുന്നു.



ബേബിച്ചൻ തെക്കേടത്ത്

കേരളത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ ജില്ലയായ ഇടുക്കിയുടെ പ്രധാന മുൻസിപ്പൽ പട്ടണമാണ് കട്ടപ്പന. 1940 കൾ വരെ കട്ടപ്പന ആദിവാസി മേഖലയായിരുന്നു. സമതലങ്ങളിൽ നിന്നും കുടിയേറ്റം ആരംഭിച്ചതോടെ ആദിവാസികൾ ഈ മേഖലയിൽ നിന്നും ഒഴിഞ്ഞു തുടങ്ങി. ജില്ലയുടെ 97 ശതമാനം പ്രദേശങ്ങളും കാടുകളും മലകളും കൊണ്ട് നിറഞ്ഞിരിക്കുകയാണ്. ദുസ്സഹമായ കാലാവസ്ഥയോടും വന്യജീവികളോടും രോഗങ്ങളോടും പൊരുതി അവർ കാർഷിക സംസ്കൃതി രചിച്ചു. ഇടുക്കി ജില്ലയുടെ 50 ശതമാനത്തിലധികവും സംരക്ഷിത വനഭൂമിയാണ്. മറയൂർ ചന്ദനക്കാടുകൾ ഈ ജില്ലയിലാണ്. സുഗന്ധദ്രവ്യങ്ങളുടെ കൃഷിക്ക് യോജിച്ച ഭൂപ്രകൃതിയാണ്. ഇന്ത്യയിലെ ഏറ്റവും വലിയ അണക്കെട്ടായ ഇടുക്കി അണക്കെട്ട് ഈ ജില്ലയിലാണ്. സമുദ്ര നിരപ്പിൽ നിന്നും 2000 മീറ്ററിലധികം ഉയരമുള്ള 14 കൊടു

www.malankaralibrary.com



**അപ്പച്ചന്റെ അടിയുറച്ച ഈശ്വരവിശ്വാസവും നിഷ്ഠയുള്ള പ്രാർത്ഥനാജീവിതവും കൊച്ച് ഷേർളിയുടെ ജീവിതത്തെ വളരെ യേറെ സ്വാധീനിച്ചു. സന്ധ്യാസമയം 7 മണി കഴിഞ്ഞാൽ മക്കളും കൊച്ചുമക്കളും ഉൾപ്പെടെ എല്ലാവരും വീട്ടിൽ ഒന്നിച്ചിരുന്ന് പ്രാർത്ഥിക്കണ മെന്ന് അപ്പച്ചന് നിർബന്ധം ഉണ്ട്. വേദപുസ്തകം ഉറക്കെ വായിക്കണം. ഷേർളിയുടെ 6 സഹോദരങ്ങളും അൾത്താര ശുശ്രൂഷകരായിരുന്നു. പഠനത്തിൽ മാത്രമല്ല ഡാൻസിലും പാട്ടിലും കലാപരിപാടികളിലും ഷേർളി മറ്റ് കുട്ടികളേക്കാൾ മുൻപന്തിയിലായിരുന്നു.**



മുടികൾ ഇവിടെയുണ്ട്.

ഹൈറേഞ്ചിന്റെ ഭൂമിശാസ്ത്രപരമായ പശ്ചാത്തലത്തിൽ അജപാലന ശുശ്രൂഷയുടെ ഏകോപനത്തിനും, ജനങ്ങളുടെ വിദ്യാഭ്യാസത്തിനും ഒരു മിഷൻ സ്ഥാപനം ആവശ്യമെന്ന് മനസ്സിലാക്കിയ അഭി. ഐസക് മാർ യൂഹാനോൻ തിരുമേനിയുടെ പ്രത്യേക അനുമതിയോടെ വണ്ടൻമേട് സെന്റ് മേരീസ് ഇടവക വികാരി ബഹു. സ്റ്റീഫൻ തോട്ടത്തിലച്ചന്റെ (അഭി. ഫിലിപ്പോസ് മാർ സ്തേഫാനോസ്) അക്ഷീണ പരിശ്രമത്താൽ കട്ടപ്പന പോർസ്യൂങ്കലാശ്രമത്തിൽ നിന്നും വാങ്ങിയ സ്ഥലത്ത് ഉണ്ടായിരുന്ന ചെറിയ കെട്ടിടത്തിൽ 1983 ജനുവരി 6 ന് ബഹു. സ്റ്റീഫനച്ചന്റേയും ബഹു. ഐസക് കിഴക്കേപറമ്പിലച്ചന്റേയും നേതൃത്വത്തിൽ ആദ്യപ്രാർത്ഥനാ സമ്മേളനം നടത്തി. കാലക്രമേണ വി. പൗലോസ് ശ്ലീഹായുടെ നാമത്തിൽ സ്ഥാപിതമായ ഈ ദൈവാലയത്തിന്റെ ഔപചാരികമായ കൂദാശ 1983 മെയ് മാസം 8-ാം തീയതി മലങ്കര സഭാദ്ധ്യക്ഷൻ ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവും തിരുവല്ല രൂപതാദ്ധ്യക്ഷൻ അഭി. ഐസക് മാർ യൂഹാനോൻ പിതാവും ചേർന്ന് നിർവഹിച്ചു. അതോടൊപ്പം ബഹു. സ്റ്റീഫൻ തോട്ടത്തിലച്ചന്റെ കഠിന പരിശ്രമത്താൽ സീറോ മലബാർ സഭയുടെ കട്ടപ്പന സെന്റ് ജോർജ് ഫൊറോനാ പള്ളിയുടെ വക 15 സെന്റ് സ്ഥലം വിലയ്ക്കു വാങ്ങി അവിടെ സെമിത്തേരിയും സ്ഥാപിച്ചു.

ആത്മീയ വളർച്ചയോടൊപ്പം വിശ്വാസികളുടെ ഭൗതിക വളർച്ചയും സഭ ലക്ഷ്യമിട്ട് യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകുന്നതിനായി 1992 ഫെബ്രുവരി 15-ാം തീയതി ജ്യോതിസ് പാസ്റ്ററൽ സെന്റർ എന്ന സ്ഥാപനം ഇടവകയോട് ചേർന്ന് കൂദാശ ചെയ്യപ്പെട്ടു. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വളർച്ചയുടെ മറ്റൊരു നാഴികക്കല്ലായ 2010 ൽ ആരംഭിച്ച അതിരൂപതയുടെ "ഹൈറേഞ്ച് മേഖല" യുടെ പ്രധാന കേന്ദ്രം സെന്റ് പോൾസ് ഇടവകയാണ്. ഹൈറേഞ്ച് മേഖലയുടെ സാമൂഹ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ഇടുക്കി മലങ്കര ജ്യോതി ഇന്റഗ്രൽ ഡവലപ്മെന്റ് സൊസൈറ്റിയും, വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് മലങ്കര സഹ്യജ്യോതി ട്രസ്റ്റും ജ്യോതിസ് കേന്ദ്രമായി പ്രവർത്തിക്കുന്നു. ബഥനി, സലേഷ്യൻ സിസ്റ്റേഴ്സിന്റെ കോൺവെന്റുകളും സ്കൂളുകളും കട്ടപ്പനയിൽ സ്ഥാപിതമായതോടെ ഇടവകയ്ക്ക് ഇവരുടെ സേവനങ്ങൾ എപ്പോഴും ലഭിച്ചുകൊണ്ടിരിക്കുന്നു. സെന്റ് പോൾസ് ഇടവകയുടെ അത്ഭുതപൂർവ്വമായ വളർച്ചയ്ക്ക് പിന്നിൽ അഭി. കൂറിലോസ് പിതാവ്, അഭി. സ്തേഫാനോസ് പിതാവ് ഉൾപ്പെടെ 25 ഓളം ശ്രേഷ്ഠരായ വികാരിമാരുടെ നിസ്വാർത്ഥമായ ശുശ്രൂഷ എടുത്ത് പറയേണ്ടതാണ്. 85 ഓളം കുടും

www.malankaralibrary.com



ബങ്ങൾ ഉൾപ്പെടുന്ന ഈ ഇടവകയുടെ ഇപ്പോഴത്തെ അമരക്കാരൻ യുവപ്രഭാവനായ ബഹു. ഔപ്പൻ പുത്തൻപറമ്പിലച്ചനാണ്.

കട്ടപ്പന മേട്ടുകുഴിയിൽ – തണുങ്ങുംപടിക്കൽ, ചിറത്തലക്കൽ കുടുംബത്തിൽ കർഷക ദമ്പതികളായ സി.വി. ഫിലിപ്പോസിന്റേയും ഏലിയാമ്മയുടെയും 10 മക്കളിൽ (6 ആണും 4 പെണ്ണും) ഏറ്റവും ഇളയ മകളായി 1971 ജൂലൈ മാസം 15-ാം തീയതിയാണ് ഷേർളി കുര്യന്റെ ജനനം. ഷേർളിക്ക് 3 വയസുള്ളപ്പോൾ ഓർത്തഡോക്സ് സഭാവിശ്വാസികളായ ഈ കുടുംബം കോട്ടയം ജില്ലയിലെ തോട്ടക്കാട് നിന്നും കട്ടപ്പന നരിയാംപാറയിലേയ്ക്ക് താമസം മാറ്റി.

അപ്പച്ചന്റെ അടിയുറച്ച ഈശ്വരവിശ്വാസവും നിഷ്ഠയുള്ള പ്രാർത്ഥനാജീവിതവും കൊച്ച് ഷേർളിയുടെ ജീവിതത്തെ വളരെയേറെ സ്വാധീനിച്ചു. സന്ധ്യാസമയം 7 മണി കഴിഞ്ഞാൽ മക്കളും കൊച്ചുമക്കളും ഉൾപ്പെടെ എല്ലാവരും വീട്ടിൽ ഒന്നിച്ചിരുന്ന് പ്രാർത്ഥിക്കണമെന്ന് അപ്പച്ചന് നിർബന്ധം ഉണ്ട്. വേദപുസ്തകം ഉറക്കെ വായിക്കണം. ഷേർളിയുടെ 6 സഹോദരങ്ങളും അൾത്താര ശുശ്രൂഷകരായിരുന്നു. പഠനത്തിൽ മാത്രമല്ല ഡാൻസിലും പാട്ടിലും കലാപരിപാടികളിലും ഷേർളി മറ്റ് കുട്ടികളേക്കാൾ മുൻപന്തിയിലായിരുന്നു. സണ്ടേസ്കൂൾ 10-ാം ക്ലാസിൽ റാങ്കോടെയാണ് ഈ കൊച്ചുമിടുക്കി പാസ്സായത്. ഭാരത് മാതാ കോളജിൽ നിന്നും പ്രീഡിഗ്രി പഠനത്തിനു ശേഷം N.T.T.C. പാസ്സായി 20 വർഷക്കാലം കട്ടപ്പന ഓക്സിലീയം സ്കൂളിൽ നേഴ്സറി ടീച്ചറായി ജോലി ചെയ്തിട്ടുണ്ട്. പ്രീഡിഗ്രി വിദ്യാഭ്യാസം കഴിഞ്ഞ് നിന്നിരുന്ന ഷേർളി 1989 മെയ് 15 ന് 18-ാമത്തെ വയസ്സിൽ വിവാഹിതയായി. കട്ടപ്പന മേട്ടുകുഴി കുന്നേൽ വീട്ടിൽ ശ്രീ. ബെന്നി ജോണിനെ വിവാഹം ചെയ്തു. ബെന്നി മലങ്കര സഭയുടെ ജ്യോതിസ് പാസ്റ്ററൽ സെന്ററിൽ 32 വർഷങ്ങളായി ജോലി ചെയ്യുന്നു. ഇവർക്ക് 3 മക്കൾ.

ആശംസകൾ



ഡൽഹി ഗുഡ്ഗാവ് രൂപതയുടെ മുഖ്യ വികാരി ജനറാൾ ആയി നിയമിക്കപ്പെട്ട ബഹു. വർഗീസ് വള്ളിക്കാട്ട് അച്ചന് തിരുവല്ല അതിഭദ്രാസനത്തിന്റെയും ഐക്യദീപത്തിന്റെയും പ്രാർത്ഥനാശംസകൾ.

ഇടവക ദൈവാലയമായ സെന്റ് പോൾസ് പള്ളിയിൽ നിന്നും 5 കി.മീ. അകലെയുള്ള മേട്ടുകുഴിയിലാണ് ടീച്ചറും കുടുംബവും താമസിക്കുന്നത്. ബെന്നിയുടെ അച്ചനും അമ്മയും ഇളയ മകൻ സ്റ്റെഫിന്റെ കൂടെ ചേറ്റുകുഴിയിലാണ് താമസം. ബെന്നിച്ചന്റെ അപ്പച്ചൻ ഉലഹന്നാൻ ജോൺ വർഷങ്ങളായി ഇടവക പള്ളിയുടെ ട്രസ്റ്റിയായിരുന്നിട്ടുണ്ട്.

ടീച്ചറിന്റെ വിവാഹം ആശിർവദിച്ച അന്നത്തെ വികാരി ബഹു. ഐസക്ക് കിഴക്കേപറമ്പിലച്ചൻ ആ വർഷം തന്നെ ഷേർളി ടീച്ചറെ സണ്ടേസ്കൂൾ പഠിപ്പിക്കാൻ നിയോഗിക്കുകയായിരുന്നു. ഒരു കുഞ്ഞ് ഉദരത്തിലായിരിക്കുമ്പോൾ തന്നെ ആ കുഞ്ഞിന് തമ്പുരാനെ കൊടുക്കാൻ നാം ശ്രദ്ധിക്കണം. തന്റെ മകൾ ഗർഭാവസ്ഥയിലായിരിക്കുന്ന കാലത്ത് ബൈബിൾ വയറിന് മുകളിൽ വെച്ച് രാത്രി ഉറങ്ങണമെന്ന് ഞാൻ മോളോട് പറയുമായിരുന്നു. അവൾ അങ്ങനെ തന്നെ ചെയ്തിരുന്നു. കുട്ടി ജനിച്ച് ഏതാണ്ട് ഒന്നര വയസ്സ് പ്രായമുള്ളപ്പോൾ ബൈബിളിലെ 73 പുസ്തകങ്ങളുടെയും പേരുകൾ സ്പഷ്ഠമായി പറയുമായിരുന്നു. ഒരു കുട്ടി കണ്ണു തുറന്ന് കാണുന്ന ആദ്യ ദൃശ്യവും ആദ്യപാഠവും അമ്മയാണ്. ഒരു സ്പർശനമായി, വാത്സല്യമായി അവനിലേക്ക് പകരുന്ന പാഠങ്ങൾ ജീവിതത്തിന്റെ തന്നെ അടിസ്ഥാനമായി മാറുകയാണ്.

ടീച്ചർ പറയുന്നു, സുവിശേഷം പ്രഘോഷിക്കാൻ ലഭിക്കുന്ന അവസരമാണ് സണ്ടേസ്കൂൾ അദ്ധ്യാപനം. മതാദ്ധ്യാപനവും കുട്ടികൾക്ക് വിദ്യാഭ്യാസം നൽകലാണ്. അദ്ധ്യാപകാചാര്യനായ മുൻ രാഷ്ട്രപതി എസ്. രാധാകൃഷ്ണൻ പറയുന്നു: “എല്ലാ വിദ്യാഭ്യാസത്തിന്റേയും ലക്ഷ്യം സ്വഭാവ രൂപീകരണമാണ്. സ്വഭാവരൂപീകരണം പ്രദാനം ചെയ്യാത്ത വിദ്യാഭ്യാസ പദ്ധതി ഉപയോഗശൂന്യവും ആപൽക്കരവുമാണ്”. അറിവ് കുട്ടിയുടെ ബുദ്ധിയെ വികസിപ്പിക്കുമ്പോൾ തിരിച്ചറിവുകൾ കുട്ടിക്ക് ജീവിക്കാനുള്ള കാഴ്ചപ്പാടും ബോദ്ധ്യങ്ങളും നൽകുന്നു. പ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോൾ, പരാജയത്തെ നേരിടുമ്പോൾ, ജീവിതത്തിൽ പ്രതിബദ്ധതയോടെ ശോഭിക്കാനുള്ള മാർഗ്ഗങ്ങൾ തുടങ്ങിയ തിരിച്ചറിവുകൾ ഉണ്ടാകണമെങ്കിൽ

www.malankaralibrary.com



എന്റെ ജീവിതം എപ്പോഴും സന്തോഷം നിറഞ്ഞതാണ്. നാമെല്ലാം അങ്ങനെ തന്നെ ആയിരിക്കണം. കർത്താവ് നമ്മുടെ പക്ഷത്തെങ്കിൽ നാമെന്തിന് ദുഃഖിക്കണം.

വികാരി ബഹു. ഈപ്പൻ പുത്തൻപറമ്പിലച്ചന്റെ നേതൃത്വപാടവവും വിട്ടുവീഴ്ചയില്ലാത്ത സമീപനവും സണ്ടേസ്കൂളിന്റെ വളർച്ചയെ പുതിയ പന്ഥാവിലേക്ക് നയിക്കുകയാണ്.

ക്രിസ്തുവിനേയും കൃഷിയേയും ഏറെ സ്നേഹിക്കുന്ന ഷേർളി ടീച്ചർ നല്ലൊരു കർഷക കൂടിയാണ്. ഏലവും കുരുമുളകുമാണ് പ്രധാന കൃഷി വിളകൾ. കൃഷിയിടങ്ങളിൽ നന്നായി അദ്ധ്വാനിക്കുന്ന ടീച്ചർ അതിന്റെ നേട്ടവും കൊയ്തെടുക്കുന്നു. പച്ചക്കറി കൃഷികളാൽ സമ്പന്നമാണ് ഈ അദ്ധ്യാപികയുടെ പുരയിടം. തക്കാളി, കാരറ്റ്, വഴുതന, മുളക്, കോവൽ, നിത്യവഴുതന, വെണ്ട, പാവൽ തുടങ്ങിയവ ഫലം ചൂടി നിൽക്കുന്ന കാഴ്ച നയനാനന്ദകരമാണ്. ആരെയും കൊതിപ്പിക്കുന്ന ഹൈറേഞ്ചിന്റെ വശ്യസൗന്ദര്യം ടീച്ചറിന്റെ വീട്ടുമുറ്റത്ത് നിന്നാസ്വദിക്കാൻ പറ്റും.

കൃഷിയെക്കുറിച്ചുള്ള സംസാരം ടീച്ചറെ വാചാലയാക്കി. കൊച്ചു കുട്ടികൾക്ക് കൊടുക്കുന്ന കരുതലും ശ്രദ്ധയും ഉണ്ടെങ്കിലെ ഏലം കൃഷിയിൽ നിന്നും നല്ല വിളവ് ലഭിക്കൂ. ജൂൺ-ജൂലൈ മാസത്തിൽ തടം ഒരുക്കി വളം ഇട്ട് ഏലച്ചെടികൾ നട്ടാൽ ശരിയായ വിളവ് ലഭിക്കണമെങ്കിൽ 3 വർഷം പിടിക്കും. പിന്നെ വർഷങ്ങളോളം വിളവ് തന്നുകൊണ്ടിരിക്കും. എല്ലാ ഫംഗൽ രോഗങ്ങളും ഇതിനേയും ബാധിക്കും. കൃത്യമായ ഇടവേളകളിൽ മരുന്നടിക്കലും വളപ്രയോഗവും നിർബന്ധമാണ്. പൊതുവെ ശീതകാലാവസ്ഥയുള്ള ഹൈറേഞ്ച് മേഖലയിൽ ഫെബ്രുവരി-മാർച്ച് മാസത്തെ കുംഭചൂട് കൃഷിയേയും ബാധിച്ചു. ഈ സമയം മുടങ്ങാതെ വെള്ളം നനയ്ക്കേണ്ടത് അത്യാവശ്യമാണ്. ഏലച്ചെടിയുടെ ചുവട്ടിൽ ഉണങ്ങിയ ശാഖകൾ വെട്ടിയൊരുക്കി നിർത്തും. മണ്ണിൽ ഈർപ്പം എപ്പോഴും നിലനിൽക്കണം. ഉണങ്ങിയ ഏലക്ക കിലോഗ്രാമിന് 2000/- രൂപയിൽ നിന്നും 1200/- ആയി കുറഞ്ഞു. കർഷകന് എപ്പോഴും കുമ്പിളിൽ തന്നെയാണ് കഞ്ഞി. കിണറ്റിൽ വെള്ളം സുലഭമാണ്. ഹോസിലൂടെ കുതിച്ച് പാഞ്ഞെത്തുന്ന വെള്ളം ഏലച്ചെടികളുടെ ചുവട്ടിലേക്ക് ശ്രദ്ധയോടെ വീഴ്ത്തി ടീച്ചർ പറയുന്നു: “കൃഷികളായാലും, കുട്ടികളായാലും വളരുന്ന പ്രായത്തിൽ നാം ശരിയായ ശ്രദ്ധയും പരിചരണവും കൊടുത്താൽ അവ നല്ല ഫലം പുറപ്പെടുവിക്കുക തന്നെ ചെയ്യും.” വെള്ളത്തുള്ളികൾ തെറിച്ച് വീണ ചെടിയിലകളും തലകുലുക്കി ഇതു തന്നെ സമ്മതിക്കുന്നു.

കുട്ടികളുടെ ഹൃദയത്തിൽ ഈശ്വരാവബോധം ആഴത്തിൽ പതിഞ്ഞിരിക്കണം. ഭവനങ്ങളിൽ കുടുംബപ്രാർത്ഥന നിർബന്ധമാക്കണം. വേദപുസ്തകം വായിപ്പിക്കണം. സണ്ടേസ്കൂൾ പഠനം കുട്ടികളിൽ ആത്മീയത വളർത്തുന്നതായിരിക്കണം. അതോടൊപ്പം സഭാചരിത്രം കുഞ്ഞുങ്ങൾക്ക് ഹൃദിസ്ഥമാകുന്ന രീതിയിൽ പഠിപ്പിക്കണം. ഞാൻ വളർന്ന ഓർത്തഡോക്സ് സഭയിൽ സഭാചരിത്രം പഠിപ്പിക്കുന്ന രീതി ഉണ്ടായിരുന്നു. അതുകൊണ്ട് ചരിത്രം പഠിപ്പിക്കാൻ എനിക്ക് നല്ല താല്പര്യമാണ്. എല്ലാവരും ചെയ്യുമോ എന്നെനിക്കറിയില്ല. ഞാൻ 10, 12 ക്ലാസുകളിലെ കുട്ടികൾക്ക് ടീച്ചിംഗ് നോട്ട് എഴുതിയാണ് പഠിപ്പിക്കുന്നത്. കുട്ടികളെ കൊണ്ട് ക്ലാസെടുപ്പിക്കും. അദ്ധ്യാപകരുടെ മാതൃകയും ജീവിതവീക്ഷണവും കുട്ടികളിലും പ്രതിഫലിക്കും.

ഏത് ഉദ്യമവും ആരംഭിക്കുന്നതിന് മുൻപ് നാം തിരുവചനം വായിച്ചിരിക്കണം. അത് അനുഗ്രഹമായി മാറും. തന്റെ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്ന വചനമാണ് “അങ്ങയുടെ വചനം എന്റെ പാദത്തിന് വിളക്കും പാതയിൽ പ്രകാശവുമാണ്” (സങ്കീ. 119:105).

ഇടവക തലത്തിൽ പ്രവർത്തിക്കുന്ന എം.സി.എ., മാതൃസമാജം, കുടുംബകൂട്ടായ്മ എന്നീ അത്മായ ഭക്തസംഘടനകളുടെ സജീവ പ്രവർത്തകയാണ്.

## അഭിനന്ദനങ്ങൾ



എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.എ. ഇംഗ്ലീഷിൽ പത്താം റാങ്ക് കരസ്ഥമാക്കിയ അനറ്റ് റെജിയ്ക്ക് ആശംസകൾ. കുമളി സഹ്യജ്യോതി കോളജ് വിദ്യാർത്ഥിയും കട്ടപ്പന ഇടവകാംഗവുമാണ്.

www.malankaralibrary.com



# പ്രാർത്ഥിക്കുമ്പോൾ ഒരു പ്രത്യേക ദിശയിലേക്ക് തിരിയേണ്ടത് ആവശ്യമാണോ?

**എന്തുകൊണ്ടാണ് പ്രാർത്ഥിക്കുമ്പോൾ നാം കിഴക്കോട്ട് തിരിഞ്ഞ് നിൽക്കുന്നത്? നമുക്ക് ഏതെങ്കിലും ദിശയിൽ പ്രാർത്ഥിക്കുവാൻ കഴിയില്ലേ? ദൈവം എല്ലായിടത്തും സന്നിഹിതനല്ലേ? നമ്മുടെ പ്രാർത്ഥന ദൈവത്തിന് കേൾക്കുവാൻ കഴിയുന്നതിനാൽ, പ്രാർത്ഥിക്കുമ്പോൾ നാം ഒരു പ്രത്യേക ദിശയിലേക്ക് തിരിയേണ്ടത് ശരിക്കും ആവശ്യമാണോ?**



## സുറിയാനി സഭാപാരമ്പര്യം

ഫാ. ഡോ. ജോസഫ്
കളരിപറമ്പിൽ

ദൈവം സർവ്വവ്യാപിയാണ്! നാം എവിടെ നിന്ന് പ്രാർത്ഥിച്ചാലും ദൈവത്തിന് നമ്മുടെ പ്രാർത്ഥന കേൾക്കുവാൻ കഴിയും. എന്നാൽ, കിഴക്കോട്ട് അഭിമുഖമായുള്ള പ്രാർത്ഥന സഭയുടെ ആദിമ കാലഘട്ടം മുതലുള്ള പാരമ്പര്യമാണ്. അപ്പസ്തോലിക ഭരണഘടനയിലും സഭാപിതാക്കന്മാരുടെ എഴുത്തുകളിലും പ്രാർത്ഥനയ്ക്കായി കിഴക്കോട്ട് അഭിമുഖീകരിക്കുന്നത് സംബന്ധിച്ച് പരാമർശങ്ങളുണ്ട്.

ഇന്ന് മുസ്ലീങ്ങൾ പ്രാർത്ഥനയ്ക്കായി മക്കയിലേക്ക് തിരിയുന്നതുപോലെ, പുരാതന ജൂതന്മാർ ജറുസലേമിലേക്ക് തിരിഞ്ഞതുപോലെ, ആദിമ ക്രിസ്ത്യാനികൾ കിഴക്ക് അഭിമുഖമായി പ്രാർത്ഥിച്ചു. നിരവധി മതങ്ങളിൽ സൂര്യനെ ആരാധിക്കുന്ന ആചാരവും കിഴക്ക് ദിക്കിന് പ്രത്യേക പ്രാധാന്യം നല്കിയിരുന്ന രീതിയും പുരാതനകാലം മുതലേ പ്രാബല്യത്തിലുണ്ടായിരുന്നു.

പല കാരണങ്ങൾ കിഴക്ക് അഭിമുഖമായി പ്രാർത്ഥിക്കുന്നതിന് ആധാരമായി ചൂണ്ടിക്കാണിക്കുന്നു. ഒന്നാമതായി, ഒരുപക്ഷേ ഏറ്റവും പ്രധാനമായി, നമ്മുടെ കർത്താവ് കിഴക്ക് നിന്ന് വിജയകരമായി തന്റെ രണ്ടാം വരവിനായി വരുമെന്ന് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. ക്രിസ്തു തന്നെ പറഞ്ഞു “കിഴക്കുനിന്നു പടിഞ്ഞാറോട്ടു പായുന്ന മിന്നൽപ്പിണർപോലെ

www.malankaralibrary.com



യായിരിക്കും മനുഷ്യപുത്രന്റെ ആഗമനം" (മത്തായി 24:27; അപ്പസ്തോലപ്രവൃത്തികൾ 1:11). രണ്ടാമതായി, ക്രിസ്തുവിനെ നീതിയുടെ സൂര്യനായി നാം തിരിച്ചറിയുന്നു (മലാക്കി 4:2). സൂര്യൻ കിഴക്ക് ഉദിക്കുന്നതിനാൽ, നീതിസൂര്യനായ ക്രിസ്തുവിനെ ആരാധിക്കേണ്ടത് കിഴക്കോട്ട് ആയിരിക്കണമെന്ന് ആദിമ ക്രിസ്ത്യാനികൾ വിശ്വസിച്ചു. മൂന്നാമതായി, ആദിമാതാപിതാക്കളുടെ വാസസ്ഥലമായിരുന്ന പറുദീസ, ഏദൻതോട്ടം കിഴക്കാണ് ദൈവം സ്ഥാപിച്ചത് (ഉല്പത്തി 2:8). ആദാമും ഹവ്വായും അവിടെ ദൈവവുമായി അനുഭവിച്ച പൂർണ്ണമായ കൂട്ടായ്മ, അതിലേക്കാണ് ക്രിസ്ത്യാനികളായ നാം ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നത്. കൂടാതെ, തിരുവെഴുത്തുകളിൽ കിഴക്ക് ദിക്കിനെക്കുറിച്ചുള്ള നിരവധി പരാമർശങ്ങൾ നാം കാണുന്നു. ക്രിസ്തുവിന്റെ നക്ഷത്രം കിഴക്ക് പ്രകാശിച്ചു (മത്തായി 2:2); കിഴക്കോട്ട് അഭിമുഖമായി എസെക്കിയേൽ പ്രവാചകൻ 'കർത്താവിന്റെ മഹത്വം' കണ്ടു (എസെക്കിയേൽ 43:4); കിഴക്കോട്ട് അഭിമുഖമായിട്ടാണ് യഹൂദർ ദൈവത്തെ ആരാധിച്ചിരുന്നത് (എസെക്കിയേൽ 46:12); സാക്ഷ്യകൂടാരത്തിലെ കാരുണ്യ ഇരിപ്പിടം കിഴക്കോട്ട് അഭിമുഖമായിട്ടാണ് സ്ഥാപിച്ചിരുന്നത് (ലേവ്യർ1:16); സോളമൻ നിർമ്മിച്ച ദൈവാലയത്തിൽ കർത്താവിന്റെ കവാടം കിഴക്കോട്ട് സ്ഥാപിച്ചു (എസെക്കിയേൽ 44: 1-3). ഇപ്രകാരം കിഴക്കിനെക്കുറിച്ചുള്ള നിരവധി പഴയനിയമ പരാമർശങ്ങളിൽ നിന്ന്, കിഴക്കിനെ അഭിമുഖീകരിച്ച് ആരാധന നടത്തുന്ന പാരമ്പര്യം ക്രിസ്ത്യാനികൾക്ക് ലഭിച്ചത് യഹൂദരിൽ നിന്നാണ്. ആദിമ ക്രിസ്ത്യൻ സഭയിലെ പല പിതാക്കന്മാരും പ്രാർത്ഥനയിലും ആരാധനയിലും കിഴക്കോട്ട് അഭിമുഖമായി നിൽക്കണം എന്ന് പഠിപ്പിക്കുന്നതിന്റെ കാരണങ്ങളിൽ ഒന്ന് യഹൂദപാരമ്പര്യത്തെ അടിസ്ഥാനമാക്കിയാണ്. അടിസ്ഥാനപരമായി, ഇത് കാണിക്കുന്നത് കിഴക്ക് അഭിമുഖീകരിച്ച് ആരാധിച്ചിരുന്നത് സഭയുടെ തുടക്കം മുതൽ ക്രിസ്ത്യൻ ആരാധനയുടെ ഒരു ഏകീകൃത ഭാഗമാണെന്നാണ്.

യേശു പറഞ്ഞു: "ഞാൻ ലോകത്തിന്റെ പ്രകാശമാണ്, എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും" (യോഹന്നാൻ 8:12). വെളിച്ചമാണ് ജീവന്റെ ഉറവിടം. നമ്മുടെ ഭൂമിയിൽ, എല്ലാ ജീവജാലങ്ങളും സൂര്യന്റെ പ്രകാശത്തെ ആശ്രയിച്ചിരിക്കുന്നു. എന്നാൽ നമ്മുടെ സൗരയൂഥത്തിലെ ഭൗതിക സൂര്യൻ സസ്യങ്ങളിലും മൃഗങ്ങളിലും മനുഷ്യരിലും ജീവശാസ്ത്രപരമായ ജീവൻ മാത്രമേ നിലനിർത്തുന്നുള്ളൂ. ഈ ജീവൻ ഒടുവിൽ മരിക്കും. ഒരു നക്ഷത്രമെന്ന നിലയിൽ സൂര്യനും ആത്യന്തികമായി മരിക്കും. ആത്മീയമണ്ഡലത്തിൽ, യേശു നിത്യസൂര്യനാണ്. ജീവശാസ്ത്രപരവും ആത്മീയവുമായ എല്ലാ ജീവജാലങ്ങളുടെയും ഉറവിടവും നിലനിൽപ്പും ക്രിസ്തുവാണ്. യേശുവാണ് "എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർത്ഥ വെളിച്ചം" (യോഹന്നാൻ 1:9). അതിനാൽ, ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ പ്രകാശം സ്വീകരിക്കുന്നതിനായി വിശ്വാസികൾ പ്രതീകാത്മകമായി ഉദയസൂര്യന്റെ ദിശയിലേക്ക് തിരിഞ്ഞ് ആരാധിക്കുവാൻ തുടങ്ങി. ക്രിസ്തുവിനെ 'പ്രഭാപൂർണനായ പ്രഭാതനക്ഷത്രം' എന്നും വിളിക്കുന്നു (വെളിപാട് 22:16).

ആദ്യകാല സഭയിൽ, കിഴക്കോട്ടുള്ള പ്രാർത്ഥന ഒരു അപ്പസ്തോലിക പാരമ്പര്യമായി കണക്കാക്കപ്പെട്ടിരുന്നു. ആദ്യ സഹസ്രാബ്ദത്തിലെ ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം, കിഴക്കിന് വളരെ വ്യതിരിക്തമായ ദൈവശാസ്ത്രപരവും ആരാധനാക്രമപരവുമായ പ്രാധാന്യമുണ്ടായിരുന്നു. ആദ്യകാല ഈജിപ്ഷ്യൻ ആരാധനക്രമങ്ങളിൽ, "കുർബാനയുടെ തുടക്കത്തിൽ കിഴക്കോട്ട് നോക്കുക" എന്ന നിർദ്ദേശം കാണുന്നു.

കിഴക്കോട്ട് അഭിമുഖമായി പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ക്രിസ്തീയ ജീവിതത്തിന്റെ നിർദ്ദേശങ്ങളടങ്ങിയ ഡിഡസ്കാലിയ (Didascalia Apostolorum) എന്ന ഗ്രന്ഥം പഠിപ്പിക്കുന്നു: "തീർച്ചയായും, നിങ്ങൾ കിഴക്ക് അഭിമുഖീകരിച്ച് പ്രാർത്ഥിക്കേണ്ടതുണ്ട്: 'സകല ആകാശവിതാനങ്ങൾക്കുമീതെ സ്വർഗ്ഗത്തിൽ കിഴക്കോട്ട് കയറുന്ന ദൈവത്തിന് മഹത്വം നൽകുക' എന്ന് എഴുതിയിരിക്കുന്നതുപോലെ, നിങ്ങൾ കിഴക്കോട്ട് പ്രാർത്ഥിക്കേണ്ടതുണ്ട്."

ആദിമസഭയുടെ കാലംമുതൽ, കിഴക്കോട്ടു കേന്ദ്രീകരിച്ചുള്ള ക്രിസ്ത്യൻ പ്രാർത്ഥനയുടെ പ്രാധാന്യത്തെക്കുറിച്ച് സഭാപിതാക്കന്മാരുടെ രചനകളിൽ സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് കാണുവാൻ സാധിക്കും. രക്തസാക്ഷിയായ വിശുദ്ധ ജസ്റ്റിൻ (AD 100-165) ഇപ്രകാരം പഠിപ്പിക്കുന്നു: "എന്തെന്നാൽ, അവന്റെ സത്യത്തിന്റെയും ജ്ഞാനത്തിന്റെയും വചനം സൂര്യന്റെ കിരണങ്ങളെക്കാൾ തീക്ഷ്ണവും കൂടുതൽ പ്രകാശം നൽകുന്നതുമാണ്, ഹൃദയത്തിന്റെയും മനസ്സിന്റെയും ആഴങ്ങളിലേക്ക് അത് ആഴ്ന്നിറങ്ങുന്നു. അതിനാൽ വിശുദ്ധ ഗ്രന്ഥം പറയുന്നു, 'അവന്റെ നാമം സൂര്യനു മീതെ ഉദിക്കും'."അലക്സാണ്ട്രിയയിലെ ക്ലെമന്റും (AD 150-215) കിഴക്കോട്ട് തിരിഞ്ഞു പ്രാർത്ഥിക്കണം എന്ന് നിർദ്ദേശിക്കുന്നു: "പ്രഭാതം ജനന ദിവസത്തിന്റെ പ്രതിച്ഛായ ആയതിനാലും ആ പ്രഭാതത്തിൽ ഇരുട്ടിൽനിന്ന് പ്രകാശിച്ചവെളിച്ചം വർദ്ധിക്കുന്നതിനാലും അന്ധകാരത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സത്യത്തെക്കുറിച്ചുള്ള അറിവിന്റെ ഒരു ദിവസം ഉദിച്ചു." സഭാപിതാവായ തെർതുല്യൻ (AD 155 -220) തന്റെ രചനയിൽ (Apologeticus) ആരാധനയിൽ കിഴക്കു ദിക്കിന് ഉള്ള പ്രാധാന്യം സൂചിപ്പിക്കുന്നുണ്ട്. ദൈവശാസ്ത്രജ്ഞനായ ഒരിജൻ (AD 185-253) പ്രാർത്ഥനയെക്കുറിച്ച് ഇപ്രകാരം നിർദ്ദേശിക്കു

www.malankaralibrary.com

ന്നു: 'പ്രാർത്ഥിക്കുമ്പോഴത്തെ ശരിയായ ദിശ കിഴക്കായിരിക്കണം'.

ഏദൻ കിഴക്കാണ് എന്ന പാരമ്പര്യത്തെ പരാമർശിച്ചുകൊണ്ട്, കേസറിയായിലെ ബേസിൽ (AD 330 –379) വിശദീകരിക്കുന്നു: "നമ്മുടെ പ്രാർത്ഥനയിൽ നാമെല്ലാവരും കിഴക്കോട്ട് നോക്കുന്നു, എന്നാൽ അങ്ങനെ ചെയ്യുന്നതിലൂടെ, ദൈവം കിഴക്ക് ഏദനിൽ നട്ടുപിടിപ്പിച്ച നമ്മുടെ സ്വന്തം പറുദീസയാണ് നാം അന്വേഷിക്കുന്നത്." 'പ്രാർത്ഥിക്കുവാൻ കിഴക്കോട്ട് അഭിമുഖീകരിക്കുക എന്നത് സഭയുടെ ഏറ്റവും പഴയ അലിഖിത നിയമങ്ങളിൽ ഒന്നാണ്." കർത്താവിനെ അഭിമുഖീകരിക്കുക എന്ന കൽപ്പനയോടെയാണ് വിശുദ്ധ അഗസ്റ്റിൻ (AD 354 – 430) തന്റെ പ്രസംഗങ്ങൾ അവസാനിപ്പിച്ചിരുന്നത്.

വിശ്വാസികൾ കിഴക്കോട്ട് തിരിഞ്ഞ് പ്രാർത്ഥിക്കണമെന്ന് ഡമാസ്കസിലെ വിശുദ്ധ ജോൺ (AD 675 –749) പഠിപ്പിച്ചു. കാരണം അത് ക്രിസ്ത്യാനികളെ അവർക്കായി ദൈവം ഉദ്ദേശിച്ചിരിക്കുന്ന പറുദീസയ്ക്കായി കൊതിക്കുവാനും അതിനായി പരിശ്രമിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഓർമ്മിപ്പിക്കുന്നു. അദ്ദേഹം ഇപ്രകാരം തുടർന്നു പഠിപ്പിക്കുന്നു: "ദൈവം ആത്മീയ വെളിച്ചമായതിനാൽ, തിരുവെഴുത്തുകളിൽ ക്രിസ്തുവിനെ നീതിയുടെയും പ്രഭാതത്തിന്റെയും സൂര്യൻ എന്ന് വിളിക്കുന്നു. കിഴക്ക് അവന് ആരാധന നൽകേണ്ട ദിശയാണ്. എന്തെന്നാൽ, എല്ലാനന്മകളും അവനിൽനിന്നാണ് ഉണ്ടാകുന്നത്. പാപം ചെയ്ത് ദൈവത്തിൽ നിന്ന് അകന്ന മനുഷ്യൻ അവന്റെ പഴയ പിതൃരാജ്യമായ കിഴക്കുള്ളതായ ഏദൻതോട്ടത്തെ അന്വേഷിക്കണം. മോശയുടെ കൂടാരത്തിന് കിഴക്കോട്ട് തിരശ്ശീലയും കാരുണ്യ ഇരിപ്പിടവും ഉണ്ടായിരുന്നു. സോളമന്റെ ദൈവാലയത്തിന്റെ കവാടം കിഴക്കായിരുന്നു. കൂടാതെ, ക്രിസ്തു, കുരിശിൽ തൂങ്ങിക്കിടക്കുമ്പോൾ, അവന്റെ മുഖം പടിഞ്ഞാറോട്ട് തിരിഞ്ഞിരുന്നു, അതിനാൽ അവനെ ക്രിസ്ത്യാനികൾ ആരാധിക്കുകയും അവനെ പിന്തുടരുകയും ചെയ്യണം. അവൻ വീണ്ടും സ്വർഗ്ഗത്തിലേക്ക് സ്വീകരിക്കപ്പെട്ടപ്പോൾ കിഴക്കോട്ട് അവൻ ജനിച്ചു, അങ്ങനെ അവന്റെ അപ്പസ്തോലന്മാർ അവനെ ആരാധിക്കുന്നു. അങ്ങനെ അവൻ സ്വർഗ്ഗത്തിലേക്ക് പോകുന്നത് അവർ കണ്ട അതേ ദിക്കിൽ നിന്ന് അവൻ വീണ്ടും വരും. കർത്താവ് തന്നെ അരുളിച്ചെയ്തതുപോലെ, മിന്നൽ കിഴക്ക് നിന്ന് പുറപ്പെട്ട് പടിഞ്ഞാറു വരെ പ്രകാശിക്കുന്നതുപോലെ മനുഷ്യപുത്രന്റെ വരവും അപ്രകാരം ആയിരിക്കും. അതിനാൽ, അവന്റെ വരവിനെ പ്രതീക്ഷിച്ച് നമ്മൾ കിഴക്കോട്ട് അവനെ ആരാധിക്കുന്നു."

എട്ടാംനൂറ്റാണ്ടിലെ ദൈവശാസ്ത്രജ്ഞനായ തിമോത്തി ഒന്നാമൻ (AD 740–823) ഇങ്ങനെ പ്രഖ്യാപിച്ചു: "ക്രിസ്തുമതത്തിന്റെ എല്ലാസവിശേഷതകളും ക്രിസ്തു നമ്മെ പഠിപ്പിച്ചു: മാമോദീസ, നിയമങ്ങൾ, പ്രാർത്ഥനകൾ, കിഴക്കുദിശകേന്ദ്രീകരിച്ചുള്ള ആരാധന, ദിവ്യബലി. ഇവയെല്ലാം അവൻ തന്റെ വ്യക്തിത്വത്തിൽ പരിശീലിക്കുകയും സ്വയം പരിശീലിക്കുവാൻ നമ്മെ പഠിപ്പിക്കുകയും ചെയ്തു." ഒമ്പതാം നൂറ്റാണ്ടിൽ യാക്കോബായ സുറിയാനിസഭയുടെദൈവശാസ്ത്രജ്ഞനായിരുന്ന മോശെബർ കെഫ (AD 813–903), കിഴക്കോട്ട് പ്രാർത്ഥിക്കുന്നത് സഭയുടെ രഹസ്യങ്ങളിലൊന്നാണ് എന്ന് പഠിപ്പിക്കുന്നു.

നിസിബിസിലെ അബ്ഡിഷോ (AD 1318) കിഴക്ക് അഭിമുഖീകരിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഇപ്രകാരം പഠിപ്പിക്കുന്നു: "കിഴക്കോട്ട് ആരാധിക്കുന്നത് അവസാനത്തെയും വരാനിരിക്കുന്ന ന്യായവിധിയെയും കുറിച്ചുള്ള ഓർമ്മകളെ നമ്മിൽ ഉണർത്തുന്നു, അത് തിന്മ ചെയ്യുന്നതിൽ നിന്ന് നമ്മെ തടയുന്നു. കൂടാതെ, കിഴക്കോട്ടുള്ള നമ്മുടെ ആരാധന പാപങ്ങൾ നിമിത്തം നാം പുറത്താക്കപ്പെട്ട നമ്മുടെ പഴയ ഭവനത്തെ, അതായത് കിഴക്ക് സ്ഥിതി ചെയ്യുന്ന പറുദീസായെ ഓർമ്മിപ്പിക്കുന്നു. കർത്താവ് സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ, അവന്റെ മുഖം പടിഞ്ഞാറോട്ട് തിരിഞ്ഞിരുന്നു, അവന്റെ മുമ്പിലുണ്ടായിരുന്ന ശിഷ്യന്മാർ, ക്രിസ്തു ആരോഹണം ചെയ്യുന്നതും നോക്കി, കിഴക്കോട്ട് അവനെ ആരാധിച്ചു."ഏഴാംനൂറ്റാണ്ടിൽ സുറിയാനി, അറബിഭാഷകളിൽ പ്രസി

## യൂദാശ്ലീഹായോടുള്ള പ്രാർത്ഥന



മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/ അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ ഞാൻ വാഗ്ദാനം ചെയ്യുന്നു.

**മെറിൻ**

www.malankaralibrary.com


ദ്ധീകരിച്ച മിക്കവാറും എല്ലാ ക്രിസ്ത്യൻ ലഘുലേഖകളും ക്രിസ്ത്യാനികൾ കിഴക്കോട്ട് നോക്കി പ്രാർത്ഥിച്ചതിന്റെ കാരണമായി വിശദീകരിച്ചത് ഏദൻതോട്ടം കിഴക്ക് ആയതിനാലും (ഉല്പത്തി 2:8), ക്രിസ്തു, തന്റെ രണ്ടാംവരവിൽ കിഴക്ക് നിന്ന് വരുമെന്നതിനാലുമാണ് (മത്തായി 24: 27). സുറിയാനി സഭാ പിതാക്കന്മാരായ മാർ അപ്രേമും സാറൂഗിലെ മാർ യാക്കോബും തങ്ങളുടെ രചനകളിൽ ഏദൻതോട്ടം കിഴക്ക് സ്ഥാപിച്ചതിന്റെ പ്രത്യേകത എടുത്തുപറയുന്നുണ്ട്.

സൂര്യൻ കിഴക്ക് ഉദിക്കുന്നു, സൂര്യൻ ക്രിസ്തുവിന്റെ പ്രതീകമാണ്. കിഴക്ക് ദൈവത്തിന്റെ പ്രതീകാത്മക വാസസ്ഥലമായി കണക്കാക്കപ്പെട്ടിരുന്നു. ക്രിസ്ത്യൻ സമൂഹം മുഴുവനും പ്രാർത്ഥനയ്ക്കായി ഒത്തുകൂടുമ്പോൾ ഒരു കേന്ദ്രബിന്ദു, ഒരു ദിശാബോധം ഉണ്ടായിരിക്കണം. പ്രാർത്ഥനയിൽ കിഴക്കോട്ട് തിരിയുന്ന സഭയുടെ ഈ വിശുദ്ധ ഗ്രന്ഥ-ക്രിസ്തുകേന്ദ്രീകൃത പാരമ്പര്യം സുറിയാനി സഭയുടെ സമ്പന്നമായ പൈതൃകത്തിന്റെ ഭാഗമാണ്.

മതപീഡനം നേരിട്ടിരുന്ന ആദ്യകാലക്രിസ്ത്യാനികൾ ആരാധനയ്ക്കായ് ഭവനങ്ങളിലായിരുന്നു ഒന്നിച്ചുകൂടിയിരുന്നത്. ആദിമസഭയെക്കുറിച്ചുള്ള ഗവേഷണപഠനങ്ങളിൽ നിന്നു ലഭ്യമായിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ ദീർഘചതുരാകൃതിയിൽ നിർമ്മിച്ചിട്ടുള്ള ആരാധനാലയങ്ങളിൽ പുരോഹിതരും വിശ്വാസികളും കിഴക്കഭിമുഖമായിട്ടായിരുന്നു ആരാധന നടത്തിയിരുന്നത്.

നാലാം നൂറ്റാണ്ട് മുതൽ ക്രിസ്ത്യൻ പള്ളികളുടെ നിർമ്മാണം വലിയ തോതിൽ ആരംഭിക്കുകയും പ്രാദേശിക ഭൂമിശാസ്ത്രം അനുവദിച്ചിടത്തെല്ലാം ദൈവാലയം കിഴക്ക്-പടിഞ്ഞാറ് ദിശയിൽ പണിയുകയും ചെയ്തു. ഇപ്രകാരം സാധ്യമല്ലാതിരുന്ന സ്ഥലങ്ങളിലെ പള്ളികളുടെ അൾത്താരയും അതിനുള്ളിലെ ബലിപീഠവും കർത്താവിന്റെ മഹത്വത്തിന്റെ പ്രതീകാത്മക സ്ഥലമായ ആരാധനാക്രമം കിഴക്കായി മനസ്സിലാക്കിയിരുന്നു. കുർബാനയുടെ അവസരത്തിൽ പുരോഹിതൻ ബലിപീഠത്തിന് അഭിമുഖമായി നിൽക്കുന്നത്, വിശ്വാസികളും പുരോഹിതനും ഒരുമിച്ച് ദൈവത്തിന് ബലിയർപ്പിക്കുന്നു എന്നതിനെ സൂചിപ്പിക്കുന്നു. ആഘോഷകൻ എന്ന നിലയിൽ, പുരോഹിതൻ അൾത്താരയുടെ മുന്നിൽ ദൈവത്തിന് അഭിമുഖമായി നിൽക്കുന്നു. ഒന്നുകിൽ സുവിശേഷം വായിക്കുമ്പോഴോ പ്രസംഗിക്കുമ്പോഴോ അല്ലെങ്കിൽ ആളുകളെ അനുഗ്രഹിക്കുമ്പോഴോ മാത്രമാണ് പുരോഹിതൻ ആളുകളെ അഭിമുഖീകരിക്കുന്നത്. പുരോഹിതനും വിശ്വാസികളും അവരുടെ പൊതുവായ "ദിശാബോധം" വഴി ഒരുമിച്ച് കർത്താവിനെ അഭിമുഖീകരിക്കുന്നു. ഉയിർത്തെഴുന്നേൽപ്പിന്റെയും യേശുവിനെ മുഖാമുഖം കണ്ടുമുട്ടുന്നതിന്റെയും പ്രത്യാശയോടെ പരേതരായ വിശ്വാസികളുടെ മൃതദേഹങ്ങൾ കിഴക്കോട്ടു ദർശനമായി വെയ്ക്കുന്നു.

സുറിയാനി പാരമ്പര്യത്തിൽ മാമോദീസായിൽ, ഒരു കുട്ടി സ്നാനമേൽക്കുമ്പോൾ, തലതൊട്ടപ്പനോ തലതൊട്ടമ്മയോ കുട്ടിയെ കരങ്ങളിലേന്തി പടിഞ്ഞാറോട്ട് അഭിമുഖീകരിച്ച് സാത്താനെ തള്ളിപ്പറയുന്നു. അതിനുശേഷം അവർ കിഴക്കോട്ട് തിരിഞ്ഞ് ദൈവത്തിലുള്ള വിശ്വാസമേറ്റു പറയുന്നു.

ദൈവാലയകൂദാശയിൽ ബലിപീഠം കൂദാശ ചെയ്തതിനുശേഷം അടുത്തതായി മദ്ബഹായുടെ കിഴക്കേഭിത്തിയാണ് മൂറോൻകൊണ്ട് അഭിഷേകം ചെയ്യുന്നത്. ഈ നടപടിക്രമം കിഴക്കിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നു.

പാശ്ചാത്യ സുറിയാനി ആരാധനയിൽ ദിനംപ്രതിയുള്ള പ്രഭാത പ്രാർത്ഥനയിൽ ക്രിസ്തുവിനെ ഉദിച്ചുയരുന്ന നീതിസൂര്യനായി അവതരിപ്പിക്കുന്ന നിരവധി പ്രാർത്ഥനാശകലങ്ങൾ കണ്ടെത്തുവാൻ സാധിക്കും:

പ്രഭയിൽ വാണീടും
പ്രഭയിൻ സുതനാം വെളിവേ നീ
അണയാത്തൊരു വെളിവി
ന്നർഹത ഞങ്ങൾക്കേകണം.

## ഉപകാരസ്മരണ

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴികാണിച്ചുതരുകയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്കു ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപിരിയുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തുപറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...........ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നു ദിവസം അടുപ്പിച്ചു ചൊല്ലുക. മൂന്നു ദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനു മുൻപ് താഴെപറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നല്കുക. 1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും. 2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയും അധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ഒരു വിശ്വാസി, കല്ലിശ്ശേരി**

www.malankaralibrary.com

ഉഷസ്സിങ്കൽ പ്രഭയീ
സൃഷ്ടിയെ മോദിപ്പിക്കുന്നു
എഴുന്നേറ്റെല്ലാരും
സ്തോത്രം സ്തുതിയിവ പാടുന്നു.
(തിങ്കൾ പ്രഭാതം)

ഉലകത്തിൻ പ്രഭയാം
ദൈവാത്മജ നിൻ മുൻ
ആഗതനെന്മേൽ കൃപ ചെയ്യേണം.
താതൻ തൻ കിരണമാം
മിശിഹാ ദേവാമുൻ
ആഗതനെന്മേൽ കൃപ ചെയ്യേണം.
സത്യ പ്രഭയാകും
യേശു ദേവാമുൻ
ആഗതനെന്മേൽ കൃപ ചെയ്യേണം.
(ചൊവ്വാ പ്രഭാതം)

സൃഷ്ടികൾതൻ പ്രഭയാം നിന്നെ വന്ദിക്കുന്നു
നശ്വരമീയുഷസ്സിൽ
കുരിശാൽ വീണ്ടൊരു ദൈവസുതാ നിൻ വലഭാഗേ
നിന്നിട്ടവരഴിയാത്തുഷസ്സിൽ നിൻ സ്തുതിപാടാൻ
വരമേകീടണമേ.

(വ്യാഴം പ്രഭാതം)

ദുഃഖവെള്ളിയാഴ്ച പ്രാർത്ഥനയിൽ യേശുവിനെ നീതിസൂര്യനായാണ് അവതരിപ്പിക്കുന്നത്: അന്ധകാരപുത്രന്മാർനീതിസൂര്യനെ വീശിപ്പിടിക്കുവാൻ പുറപ്പെട്ടു."

വേറൊരു ഗീതത്തിൽ നാം ഇപ്രകാരം പാടുന്നു:

"കുരിശിൽനിന്നും നീതിയുടെ സൂര്യൻ ഇറങ്ങിയപ്പോൾ
കൈക്കൊണ്ടു സഭ, അവനേറ്റ മുറിവിൽ ചുംബിച്ചു."

ഈ പ്രാർത്ഥനാഗീതങ്ങളെല്ലാം തന്നെ യേശുവിനെ പ്രഭാതത്തിൽ ഉദിച്ചുയരുന്ന നീതിസൂര്യനായാണ് പ്രകീർത്തിച്ചിരിക്കുന്നത്. ഇപ്രകാരം കിഴക്കഭിമുഖമായി നീതിസൂര്യനായ യേശുവിന് ആരാധനയർപ്പിക്കുന്ന പാരമ്പര്യം സഭയുടെ ആദികാലംമുതൽ നിലനിന്നിരുന്നതാണ്.

ആദിമ ക്രിസ്ത്യാനികൾ എല്ലാവരും പ്രാർത്ഥനയ്ക്കായി കിഴക്കോട്ട് തിരിഞ്ഞിരുന്നുവെന്ന് ആദ്യകാല ആരാധനാക്രമത്തെക്കുറിച്ചുള്ള തന്റെ പുസ്തകത്തിൽ ജോസഫ് യുംഗ് മാൻ പഠിപ്പിക്കുന്നു. ആരാധനാക്രമത്തിന്റെ ആത്മാവ് (The Spirit of Liturgy) എന്ന തന്റെ പുസ്തകത്തിൽ ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ പത്തൊമ്പതാം സങ്കീർത്തനത്തിലെ ഒരു ഭാഗം ക്രിസ്തുവിനെകുറിച്ചുള്ള ഗാനമായി വ്യാഖ്യാനിക്കുന്നു. "മണവറയിൽനിന്നുമണവാളനെന്നപോലെ സൂര്യൻ അതിൽനിന്നു പുറത്തുവരുന്നു; മല്ലനെപ്പോലെ പ്രസന്നതയോടെ അവൻ ഓട്ടം ആരംഭിക്കുന്നു. ആകാശത്തിന്റെ ഒരറ്റത്ത് അവൻ ഉദിക്കുന്നു; മറ്റേയറ്റത്ത് അവന്റെ അയനം പൂർത്തിയാകുന്നു, അവന്റെ ചൂടിൽനിന്ന് ഒളിക്കാൻ ഒന്നിനും കഴിയുകയില്ല" (സങ്കീർത്തനം 19: 5-6). ക്രിസ്തു എല്ലാ ദിവസവും പ്രകാശിക്കുന്ന നീതിയുടെ പുത്രനാണ്. അതിനാൽ, കിഴക്ക് അവന്റെ ആരാധനയ്ക്ക് നിശ്ചയിച്ചിരിക്കുന്ന ദിശയാണ് എന്ന് മാർപ്പാപ്പ പഠിപ്പിക്കുന്നു. ദൈവം എല്ലായിടത്തും സന്നിഹിതനാണെങ്കിലും സഭാപാരമ്പര്യം നമുക്ക് ചൂണ്ടിക്കാണിച്ചുതരുന്നത് കിഴക്കോട്ട് തിരിഞ്ഞ് നിന്ന് പ്രാർത്ഥിക്കണമെന്നാണ്.




9 – ാം ചരമവാർഷികം
26.06.2023

ബേബി വറുഗീസ്
തൊട്ടിയിൽ, വാളക്കുഴി

*പ്രാർത്ഥനാപുഷ്പങ്ങൾ അർപ്പിച്ചുകൊണ്ട്*
*സ്നേഹസ്മരണകളോടെ*

Loving Family, Relatives & Friends

www.malankaralibrary.com





## ജാലകം

# എന്തുനേടി എന്ന് ചോദിക്കുന്നവരോട്



മെർലിൻ റ്റി. മാത്യു

ചെറുപ്പകാലം മുതൽ നാം കേൾക്കുന്ന ഒരു കഥയാണ് വല്യമ്മ രണ്ടു കുടവുമായി വെള്ളം കോരാൻ പോകുന്നത്. ഒരു ഗ്രാമത്തിൽ ഒരു വല്യമ്മ താമസിക്കുന്നുണ്ടായിരുന്നു. ആ വല്യമ്മ മലയുടെ മുകളിൽ താമസിച്ചിരുന്നതുകൊണ്ട് കിണറ്റിൽ വെള്ളം ഇല്ലായിരുന്നു. എല്ലാദിവസവും താഴ്വാരത്തുള്ള ഒരു കിണറ്റിൽ നിന്നായിരുന്നു വല്യമ്മ വെള്ളം കോരുന്നത്. എന്നും തന്റെ രണ്ടു കുടവുമേന്തി വല്യമ്മ താഴ്വാരത്തേയ്ക്ക് വരുകയും വെള്ളം കോരിക്കൊണ്ട് മുകളിലേക്ക് പോകുകയും ചെയ്യും. ഒരു കുടം പൂർണ്ണ ആരോഗ്യമുള്ളതും മറ്റേ കുടം വിള്ളൽ വീണതുമായിരുന്നു. എന്നും തന്നെ ഈ വെള്ളവുമായി മുകളിലേക്ക് ചെന്നു കഴിയുമ്പോൾ വിള്ളൽ വീണ കുടത്തിൽ അരക്കുടം വെള്ളം മാത്രമാണ് ഉണ്ടാകാറുള്ളത്. പതിവായിട്ട് ഇത് കണ്ടപ്പോൾ പൂർണ്ണ ആരോഗ്യമുള്ള കുടം ഈ വിള്ളൽ വീണ കുടത്തോട് ചോദിച്ചു, നിനക്ക് നാണമില്ലേ? സ്വന്തം കുറവുകളെ നിനക്ക് മനസ്സിലാക്കാൻ സാധിക്കില്ലേ? കൊണ്ടുപോകുന്ന വല്യമ്മയ്ക്കോ ബോധമില്ല. നിനക്കെങ്കിലും ഇതിൽനിന്ന് ഒന്ന് മാറി നിന്നുകൂടേയെന്ന്. ഇത് കേട്ട് സങ്കടത്തോടെയിരിക്കുവായിരുന്നു ആ കുടം. എന്നാൽ പിറ്റേ ദിവസം വൈകുന്നേരം വീണ്ടും വല്യമ്മ ഈ രണ്ട് കുടവും എടുക്കാൻ ചെന്നപ്പോൾ സങ്കടത്തോടെ കരയുന്ന വിള്ളലുള്ള കുടത്തെ കണ്ടു. എന്തിനാണ് നീ കരയുന്നത് എന്ന് ചോദിച്ചപ്പോൾ എന്റെ കുറവുകളെ ഞാൻ അറിയുന്നു. വല്യമ്മ മറ്റൊരു കുടം വാങ്ങിക്കോളൂ. ഞാൻ വരുന്നില്ലായെന്ന് പറഞ്ഞു. വല്യമ്മ സ്നേഹ

www.malankaralibrary.com

ത്തോടെ ഈ കുടത്തെ ചേർത്ത് പിടിച്ചിട്ട് പറഞ്ഞു, നിന്നെ കുറവുകളോടുകൂടി സ്നേഹിക്കാൻ ഞാൻ തയ്യാറാണ്. കാരണം നീ എന്റെ കൂടെ വരൂ. ഞാൻ കാണിച്ചു തരാം. എന്നിട്ട് മുകളിൽ നിന്ന് താഴേക്ക് വന്നപ്പോൾ ഈ കുടങ്ങളെ രണ്ടും വല്യമ്മ കാട്ടിക്കൊടുക്കുകയാണ്. നിങ്ങൾ ഈ വഴിയുടെ ഇരുവശത്തേക്കും നോക്കുക, ഈ പൊട്ടിയ, വിണ്ടുകീറിയ കുടത്തിൽ നിന്നാണ് വെള്ളം ഈ രണ്ട് വഴിയോരങ്ങളിലും വീണുകൊണ്ടിരിക്കുന്നത്. ഈ വഴിയോരങ്ങളിൽ ഈ ചൂടുസമയത്തും വെള്ളം വീഴുന്നതുകൊണ്ടാണ് വഴിയോരം നിറയെ പൂക്കൾ ഉണ്ടായിരിക്കുന്നത്. നിങ്ങൾ കണ്ടിട്ടുണ്ടോ, മനസ്സിലാക്കിയിട്ടുണ്ടോ ഞാൻ കൈകൾ മാറി മാറിയാണ് കുടത്തെ പിടിക്കുന്നത്. കാരണം താഴ്‌വാരത്തിൽ നിന്ന് വെള്ളം കോരിക്കൊണ്ട് മുകളിലേക്ക് പോകുമ്പോൾ രണ്ട് വശത്തും ഈ വെള്ളം വീഴുന്നതുകൊണ്ട് രാവിലെയും വൈകുന്നേരവും കൈമാറി നിന്നെ ഞാൻ പിടിച്ച് വളരെ ശ്രദ്ധയോടുകൂടിയാണ് മുകളിൽ കൊണ്ടുപോകുന്നത്. അങ്ങനെ കേട്ടപ്പോൾ ആ പൊട്ടിയ കുടത്തിന് എന്തെന്നില്ലാത്ത സന്തോഷം തോന്നുകയും മറ്റേ കുടം അതിനെ അംഗീകരിക്കാൻ തയ്യാറാവുകയും ചെയ്തു.

പ്രിയമുള്ളവരെ, പലപ്പോഴും കുറവുകൾ പറഞ്ഞ്, കുറ്റങ്ങൾ പറഞ്ഞ് നമ്മുടെ കൂടെയുള്ളവർ നമ്മളെ മാറ്റിനിർത്താൻ ശ്രമിക്കാറില്ലേ? പലപ്പോഴും നമ്മോടൊപ്പം ജോലിക്ക് കയറിയവർ നമ്മളെക്കാൾ ഒരുപാട് മുന്നിലായപ്പോൾ പലപ്പോഴും അത് കണ്ട് ഉള്ളിൽ സങ്കടം തോന്നിയിട്ടില്ലേ? പലപ്പോഴും നമ്മുടെ മക്കൾ ചോദിച്ചിട്ടില്ലേ, ഇത്രയും നാൾ അദ്ധ്വാനിച്ചിട്ട് ഇത്രയും സമ്പാദിക്കാനെ നിങ്ങൾക്ക് സാധിച്ചിട്ടുള്ളോ? നമ്മൾ മക്കളോട് ചോദിക്കാറില്ലേ, ഇത്രയും പഠിച്ചിട്ട് നിനക്ക് ഇത്രയും ആകാനെ സാധിച്ചിട്ടുള്ളോ എന്ന്. പലപ്പോഴും വാക്കുകൾ കൊണ്ട് മറ്റുള്ളവരുടെ കുറവുകളെ ചൂണ്ടിക്കാണിക്കുമ്പോൾ കുറവുകളോടുകൂടി അവരെ സ്നേഹിക്കുവാനും കുറവുണ്ടെന്ന് നമുക്ക് തോന്നുമ്പോൾ നമ്മുടെ മനസ്സിന്റെ വലിയ വിശാലതകൾകൊണ്ട് മറ്റൊരു ഭാവത്തിൽ എത്ര തന്നെ കുറവുകൾ ഉണ്ടെങ്കിലും നല്ല മനസ്സുകൾക്ക് ഉടമയായി, മറ്റുള്ളവരെ സഹായിച്ചുകൊണ്ടും കുറവുകളോടുകൂടി നമ്മളെത്തന്നെ സ്നേഹിക്കാൻ നമ്മൾ ശീലിച്ചുകൊണ്ടും ഈ ഭൂമിയിൽ ജീവിച്ച് നമ്മൾ നടക്കുന്ന വഴിയോരങ്ങളും വഴിപാതകളുമെല്ലാം നല്ല പൂങ്കാവനമാക്കി തീർക്കുവാൻ ദൈവം എല്ലാവരെയും സഹായിക്കട്ടെ.

●




***കടിയംകുന്നിൽ കെ.വി. യോഹന്നാന്റെയും മോളമ്മയുടെയും മകളായ അഖില ലിയോയുടെയും ലിയോ ദേവസ്യയുടെയും മകളായ ജുവാന ലിയോയുടെ മാമ്മോദീസാ 2023 മെയ് 22-ാം തീയതി ചെത്തോങ്കര ക്രിസ്തുരാജാ ദൈവാലയത്തിൽ വച്ച് ബഹു. ഫാ. കോശി മണ്ണിലിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.***

www.malankaralibrary.com





# Fast Food ആരോഗ്യത്തിന് തടസമോ?






സി. ഡോ. ഐറിൻ എസ്.ഐ.സി. (ബഥനി ഹോമിയോ ക്ലിനിക്, വെച്ചൂച്ചിറ)

ഒരു ഹോട്ടൽ അല്ലെങ്കിൽ റസ്റ്റോറന്റ് പുതിയ ഭാഷയിൽ പറഞ്ഞാൽ ഫുഡ് കോർട്ട്, ഉപഭോക്താവിന് ഭക്ഷണം നൽകുന്ന സേവനത്തിന്റെ വേഗത ഇന്ന് വർദ്ധിച്ചിട്ടുണ്ട്. ഭക്ഷണം കഴിക്കാൻ തിടുക്കം കൂടുന്ന ഉപഭോക്താവിനുവേണ്ടി മുൻകൂറായി തന്നെ ഭക്ഷണം തയ്യാറാക്കി വച്ചിരിക്കുന്നു. വിശന്നു വലഞ്ഞിരിക്കുന്ന ഒരുവന്റെ മുൻപിലുള്ള വലിയ തീൻമേശയിലേക്ക് പുത്തൻ തളികയിൽ ആവി പറക്കുന്ന ഭക്ഷണം പെട്ടന്നാണ് എത്തിച്ചേരുന്നത്. ധൃതിയിൽ വരുന്ന ഒരുവന്റെ മുൻപിലേക്ക് പാഴ്സൽ രൂപത്തിലും ഭക്ഷണം വരും. ഇങ്ങനെ ഉപഭോക്താവിനു ഭക്ഷണം കിട്ടുന്ന വേഗത മുൻനിർത്തിയാണ് അതിനെ ഫാസ്റ്റ് ഫുഡ് എന്ന് വിളിക്കാൻ തുടങ്ങിയത്. ഭക്ഷണം നിർമ്മിക്കുന്ന കമ്പനിയുടെ ആളുകൾ തന്നെ ഉപഭോക്താവിന്റെ ഇരിപ്പിടത്തിലേക്ക് ഭക്ഷണം കൊണ്ടുവരുന്ന പുതുപുത്തൻ രീതി ഇന്ന് ആരംഭിച്ചിരിക്കുന്നു. വീണ്ടും വീണ്ടും ഉള്ള വിപണനത്തിനുവേണ്ടി വാണിജ്യ അടിസ്ഥാനത്തിൽ വൻ തോതിൽ നിർമ്മിക്കുന്ന ഭക്ഷണമാണ് ഫാസ്റ്റ് ഫുഡ്. ഒരു ഹോട്ടലിൽ നന്നായി ചൂടാക്കിയോ പാചകം ചെയ്തോ ഭക്ഷണത്തിന് വേണ്ട ചേരുവകൾ കരുതിയിരിക്കും. പെട്ടെന്ന് ലഭിക്കുന്ന ഓർഡർ അനുസരിച്ച് ഈ ചേരുവകൾ ചേർക്കുകയാണ് ചെയ്യുന്നത്. ഒരു ഷെഫ് പെട്ടെന്ന് ഒരുക്കുന്നതും ഒരു വേയ്റ്റർ പെട്ടെന്ന് വിളമ്പുന്നതും ഒരു ഉപഭോക്താവിന് പെട്ടെന്ന് കഴിക്കാവുന്ന ഭക്ഷണം തന്നെയാണ് ഫാസ്റ്റ് ഫുഡ്. എണ്ണിയാൽ തീരാത്ത അത്രയും ആളുകൾക്ക് വേണ്ടി പ്രത്യേകിച്ച് യാത്രക്കാർക്കോ തൊഴിലാളികൾക്കോ വേണ്ടി ഭക്ഷണം ഒരുക്കേണ്ടിവരുന്ന സാഹചര്യത്തെ നേരിടാൻ ഉള്ള തന്ത്രമായിട്ട് ആണ് ഫാസ്റ്റ് ഫുഡ് സംസ്കാരം രൂപപ്പെട്ടത്. എന്നാൽ ഇന്ന് ലോകമെങ്ങും പടർന്ന് പന്തലിച്ചിരിക്കുന്ന വലിയ തോതിലുള്ള വ്യവസായം ആയി ഇത് മാറിയിരിക്കുന്നു. നഗരവത്കരണത്തിന്റെ ഭാഗമായിട്ടാണ് ഫാസ്റ്റ് ഫുഡ് സംസ്കാരവും പിറവി കൊണ്ടത്. വേഗത കൂടിയ ജീവിതത്തിനിടയിൽ ഭക്ഷണം പാകം ചെയ്യുന്നതിന്റെ സമയം ഇല്ലായ്മയും ഭക്ഷണം

www.malankaralibrary.com

**കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ പ്രിയങ്കരങ്ങളായ പലതരത്തിലുള്ള ഫാസ്റ്റ് ഫുഡുകളും വിപണിയിൽ ഇന്ന് സുലഭം ആണ്. ചീസ് ബർഗർ, സാൻഡ്‌വിച്ച്, പിസ, ഫ്രഞ്ച് ഫ്രൈസ്, ഫ്രൈഡ് ചിക്കൻ എന്നിങ്ങനെ പലതും ഫാസ്റ്റ് ഫുഡ് ഇനങ്ങളിൽ വരും. ഉപഭോക്താവിന്റെ കണ്ണുകളെ ആകർഷിക്കുന്ന തരത്തിൽ നിറപകിട്ടോടെ അലങ്കരിച്ചാണ് ഇവയിൽ പലതും തളികയിൽ വിളമ്പുന്നത്. മനംമയക്കുന്ന മണം കൊണ്ട് ഉപഭോക്താവിന് ഇവ അപാരമായ ആനന്ദവും നൽകുന്നു.**

വേഗത്തിൽ ലഭിക്കേണ്ടതിന്റെ ആവശ്യകതയും ഫാസ്റ്റ് ഫുഡ് കൾച്ചറിലേക്ക് ആളുകളെ എത്തിക്കുകയായിരുന്നു. ഇടതടവില്ലാതെ വാഹനങ്ങൾ പായുന്ന ഹൈവേകളുടെ ഓരം പറ്റി പാർക്കിംഗ് സൗകര്യങ്ങളോടെ ഇരുന്ന് കഴിക്കുന്നതിനുവേണ്ടി പീഠങ്ങളോടെ ഹട്ടുകളും ഹബുകളും ഇന്ന് സജ്ജം ആണ്.  ഭക്ഷണത്തിന്റെ പൊതികൾ വാങ്ങിക്കുന്നതിന് മാത്രം സാധ്യമാകുന്ന തരത്തിലുള്ള ഔട്ട്ലെറ്റ് സംവിധാനങ്ങളും വഴിമധ്യേ കാണാനാവും. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ പ്രിയങ്കരങ്ങളായ പലതരത്തിലുള്ള ഫാസ്റ്റ് ഫുഡുകളും വിപണിയിൽ ഇന്ന് സുലഭം ആണ്. ചീസ് ബർഗർ, സാൻഡ്‌വിച്ച്, പിസ, ഫ്രഞ്ച് ഫ്രൈസ്, ഫ്രൈഡ് ചിക്കൻ എന്നിങ്ങനെ പലതും ഫാസ്റ്റ് ഫുഡ് ഇനങ്ങളിൽ വരും. ഉപഭോക്താവിന്റെ കണ്ണുകളെ ആകർഷിക്കുന്ന തരത്തിൽ നിറപ്പകിട്ടോടെ അലങ്കരിച്ചാണ് ഇവയിൽ പലതും തളികയിൽ വിളമ്പുന്നത്. മനംമയക്കുന്ന മണം കൊണ്ട് ഉപഭോക്താവിന് ഇവ അപാരമായ ആനന്ദവും നൽകുന്നു.

### ഫാസ്റ്റ് ഫുഡ് ആരോഗ്യത്തെയും സൗന്ദര്യത്തെയും ദോഷം ചെയ്യുന്നുണ്ടോ ?

ഉപ്പും പഞ്ചസാരയും ഫാസ്റ്റ് ഫുഡിൽ സമൃദ്ധമായി ഉണ്ട്. പൂരിത കൊഴുപ്പ് അഥവാ (Saturated Fat) അമിതമായ അളവിൽ അടങ്ങിയിട്ടുള്ള ഭക്ഷണം തന്നെയാണ് ഫാസ്റ്റ് ഫുഡ്. ഇത് കഴിക്കുന്നവരുടെ ശരീരത്തിന് ലഭിക്കുന്ന ഊർജ്ജത്തിന്റെ അളവ്/കലോറി അങ്ങേയറ്റം ഉയർന്നതായിരിക്കും, അതുകൊണ്ട് തന്നെ ഇന്ന് ഫാസ്റ്റ് ഫുഡിന്റെ അമിതമായ ഉപയോഗം പല ജീവിതശൈലി രോഗങ്ങൾക്കും കാരണമാകുന്നു. ഉയർന്ന ഷുഗർ, കൊളസ്ട്രോൾ, ഹൃദ്രോഗങ്ങൾ, കാൻസർ എന്നിങ്ങനെ പലതിനും ഇത് കാരണമാണ്. പൊണ്ണത്തടി അഥവാ obesity മുതൽ depression അല്ലെങ്കിൽ വിഷാദം വരെയുള്ള ശാരീരികവും മാനസികവുമായ പല ദുരവസ്ഥയിലേക്കും ഇത് നയിച്ചേക്കാം. പരമ്പരാഗതമായ ഭക്ഷണങ്ങളിൽ നിന്ന് ആധുനികമായ ഭക്ഷണങ്ങളിലേക്ക്



ജനങ്ങളുടെ അഭിരുചിയെ മാറ്റിയെന്ന വിമർശനം ആണ് ഫാസ്റ്റ് ഫുഡ് ഒന്നാമതായി നേരിടുന്നത്. ലോകത്തിന്റെ മുഴുവൻ ഭക്ഷണശീലത്തെ അഥവാ ഫുഡ് ഹാബിറ്റിനെയും ഫാസ്റ്റ് ഫുഡ് അട്ടിമറിച്ചു.

മനുഷ്യന്റെ ശരീരത്തിന് ആവശ്യമായ പോഷകങ്ങൾ അടങ്ങിയിട്ടില്ല എന്ന വിമർശനങ്ങളെ നേരിടാൻ വേണ്ടി ന്യൂട്രിഷന്റുകൾ സമൃദ്ധമായ ഫാസ്റ്റ് ഫുഡ് ലേബലുകൾ ഒട്ടിച്ച് ചില പുതിയ

www.malankaralibrary.com



ബ്രാൻഡുകൾ പിൻക്കാലത്ത് രംഗപ്രവേശനം ചെയ്തിരുന്നു. ഫാസ്റ്റ് ഫുഡ് പോലെ തന്നെ കഴിക്കുന്ന ആളുകൾക്ക് ഉയർന്ന ഊർജ്ജം അഥവാ കലോറീസ് സമ്മാനിക്കുന്ന ഭക്ഷണമാണ് ജങ്ക് ഫുഡ്. ഫാസ്റ്റ് ഫുഡിൽ നിന്ന് എന്നപോലെ ജങ്ക് ഫുഡിലും ഉയർന്ന തോതിൽ കൊഴുപ്പും പഞ്ചസാരയും ഉപ്പും അടങ്ങിയിട്ടുണ്ട്. അതുകൊണ്ട് തന്നെ ജങ്ക് ഫുഡിനെ HFSS എന്ന് ചുരുക്കി പറയുന്നു. (High in Fat, Salt, and Sugar) ദീർഘമായ പ്രക്രിയയിലൂടെ പാകപ്പെടുത്തുന്ന ഭക്ഷണമാണ് അഥവാ ഹൈ പ്രൊസ്സസിംഗ് ഫുഡ് ആണ് ജങ്ക്



ഫുഡ്. ഇത് വാസ്തവത്തിൽ വീണ്ടും പാചകം ചെയ്യേണ്ട വിധത്തിൽ എപ്പോൾ വേണമെങ്കിലും കഴിക്കാൻ വേണ്ടി തയ്യാറാക്കി വച്ചിരിക്കുന്ന ഭക്ഷണമാണ്. ദീർഘകാലം ഷെൽഫിൽ വച്ച് സൂക്ഷിക്കാനും ദീർഘദൂരം കൈയ്യിൽ കൊണ്ട് നടക്കുവാനും കഴിയുന്ന ഭക്ഷണം. ജങ്ക് ഫുഡുകളും പാക്കറ്റ് ഫുഡുകളും ഇതിനുള്ള ഉദാഹരണങ്ങളാണ്. ജങ്ക് ഫുഡ് കഴിച്ച് ശീലിച്ചവർ ഒറ്റയിരിപ്പിൽ തന്നെ അമിതമായ അളവിൽ രസിച്ച് കഴിക്കും.

ഇത് ദഹനനിയന്ത്രിത അവസ്ഥയിൽ പല താളപ്പിഴവുകൾക്കും കാരണമായി തീരാറുണ്ട്. സ്വന്തം വിശപ്പിനെ ജംഗ് ഫുഡ് കൊണ്ട് തന്നെ ശമിപ്പിക്കുന്നവർക്ക് പഴങ്ങളും പച്ചക്കറികളും പോലെയുള്ള ആരോഗ്യകരമായ ഭക്ഷണം രസിക്കില്ല. അതുകൊണ്ട് തന്നെ ജങ്ക് ഫുഡ് പതിവുകാർക്ക് പോഷണങ്ങളുടെ അഭാവം ഉണ്ടാക്കുന്നു. കാർബോഹൈഡ്രേറ്റും ഫാറ്റും സോൾട്ടും ഷുഗറും അവരുടെ ശരീരത്തിൽ അനാവശ്യമായി വന്ന് അടിഞ്ഞ് അനാരോഗ്യം സൃഷ്ടിക്കുന്നത് സ്ഥിരം കാഴ്ചയാണ്. ഫാസ്റ്റ് ഫുഡ് കഴിക്കുന്നവരെപ്പോലെതന്നെ ജങ്ക് ഫുഡ് കഴിക്കുന്നവർക്കും കൊളസ്ട്രോൾ, ഷുഗർ, അർബുദം, ഹൃദ്രോഗങ്ങൾ, പൊണ്ണത്തടി, വിഷാദം എന്നീ രോഗങ്ങൾ വരാം എന്ന് ഓർക്കുന്നത് നന്നായിരിക്കും. ബേക്കറി സാധനങ്ങൾ, മിഠായി ഇനങ്ങൾ, ഉപ്പുള്ള സ്നാക്സുകൾ, ഐസ്ക്രീമുകൾ, സോഫ്റ്റ് പാനീയങ്ങൾ എന്നിവയെല്ലാം ഉൾപ്പെടെ വാണിജ്യപരമായി തയ്യാറാക്കിയിട്ടുള്ള വിഭവങ്ങളുടെ കൂട്ടായ്മയാണ് ജങ്ക് ഫുഡ്. ഒരു കാര്യം ഓർക്കുക. എല്ലാം ഫാസ്റ്റ് ഫുഡ് ഇനങ്ങളും ജങ്ക് ഫുഡ് അല്ല എന്നുള്ളത് ആണ്. അങ്ങേയറ്റം പ്രോസ്സസ് ചെയ്തിരിക്കുന്ന ഭക്ഷണമേ ജങ്ക് ഫുഡ് ആയി പരിഗണിക്കുകയുള്ളു. ഭക്ഷണത്തിന്റെ ലോകത്ത് 1950 കളിൽ രൂപപ്പെട്ട ഒരു പ്രയോഗം ആണ് ജങ്ക് ഫുഡ്. എല്ലാ മനുഷ്യരിലും ജങ്ക് ഫുഡ് ന്യൂട്രിഷസിന്റെ അഭാവം ഉണ്ടാക്കാമെന്ന് വിസ്തരിച്ച് പ്രതിപാദിച്ചുകൊണ്ട് news എന്ന അമേരിക്കൻ പത്രത്തിൽ 1952 ൽ വന്ന ലേഖനത്തിന്റെ തലക്കെട്ടിൽ Junk food goes malnutrition എന്നായിരുന്നു. പ്രോട്ടീൻ സമൃദ്ധമായി അടങ്ങിയിട്ടുണ്ടെങ്കിൽ പോലും സാന്ദ്രീകരിച്ച കൊഴുപ്പിൽ പ്രോസ്സസ് ചെയ്ത് പാകപ്പെടുത്തിയ സാക്ഷാൽ മീൽ "Junk Food" ആണ്. എല്ലാ ഫാസ്റ്റ് ഫുഡും ജങ്ക് ഫുഡ് അല്ല. എന്നാൽ ജങ്ക് ഫുഡ് എല്ലാം തന്നെ ശരീരത്തിന് ദോഷകരം ആവാറുണ്ട്. ഫാസ്റ്റ് ഫുഡും അങ്ങനെ തന്നെ. എന്നാൽ എല്ലാ ഫാസ്റ്റ് ഫുഡും ശരീരത്തിന് ദോഷകരം ആകണമെന്നില്ല. ഉദാഹരണമായി ഫ്രൂട്ട്സ് സലാഡ് ഫാസ്റ്റ് ഫുഡ് ആണെങ്കിലും സമൃദ്ധമായി പോഷകങ്ങൾ അതിൽ അടങ്ങിയിട്ടുണ്ട്. പോഷകങ്ങൾ ആണ് നമ്മുടെ ശരീരത്തിന്റെ ആരോഗ്യം നിർണ്ണയിക്കുന്നത്. ശരീരത്തിന്റെ സൗന്ദര്യത്തെയും ഇതു തന്നെയാണ് നിശ്ചയിക്കുന്നത്. അതുകൊണ്ട് രുചി തരുന്ന ഭക്ഷണം മാത്രം കഴിക്കാതെ ശരീരത്തിന് കൂടുതൽ പോഷകങ്ങൾ തരുന്ന ഭക്ഷണങ്ങൾ കഴിക്കുവാൻ പരിശ്രമിക്കുക. ഇങ്ങനെ നാം നമ്മുടെ ഭക്ഷണത്തെ ക്രമീകരിക്കുമ്പോൾ രോഗങ്ങളിൽ നിന്നും നമുക്ക് വിമുക്തി നേടുവാൻ സാധിക്കും.

www.malankaralibrary.com

# ܩܪܝܢܐ ܕܠܫܢܐ ܣܘܪܝܝܐ

# സുറിയാനി ഭാഷാ പഠനം



ഫാ. ഡോ. രാജു പറക്കോട്ട്

## പാഠം 16
## തിരുനാളുകളും ശുശ്രൂഷകളും

പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിൽപ്പെട്ട ചില മാറാനായ പെരുനാളുകളുടെയും ആ പെരുനാളുകളിലെ പ്രത്യേക ശുശ്രൂഷകളുടെയും സുറിയാനി പേരുകളാണ് ഈ പാഠത്തിന്റെ ഉള്ളടക്കം.

**1. ക്രിസ്മസ് - തീജ്ജ്വാല ശുശ്രൂഷ.**

| | |
|---|---|
| ഈദൊ ദ് യൽദേ ദ്മോറാൻ (നമ്മുടെ കർത്താവിന്റെ ജനനപ്പെരുന്നാൾ) | ܥܐܕܐ ܕܝܠܕܗ ܕܡܪܢ |
| ഗവ്സൽത്തൊ (തീജ്ജ്വാല) (Flame) | ܓܘܙܠܬܐ |

2. **ദനഹാ - വെള്ളം വാഴ്ത്തൽ ശുശ്രൂഷ.**

| | |
|---|---|
| ഈദൊ ദ് ദാമോദെ ദ്മോറാൻ (ദെൻഹൊ) നമ്മുടെ കർത്താവിന്റെ മോദീസാപ്പെരുന്നാൾ | ܥܐܕܐ ܕܥܡܕܗ ܕܡܪܢ (ܕܢܚܐ) |
| ബൂറോക് മായൊ (വെള്ളം വാഴ്ത്തൽ) | ܒܘܪܟ ܡܝܐ |

**3. ഓശാന - വൃക്ഷശാഖകളുടെ വാഴ്ത്തൽ ശുശ്രൂഷ.**

| | |
|---|---|
| മാഅൽത്തേ ദ്മോറാൻ ലൂറിശ്ലേമ് (ഊശാനൊ) നമ്മുടെ കർത്താവിന്റെ ജറുസലേം പ്രവേശനം | ܡܥܠܬܗ ܕܡܪܢ ܠܐܘܪܫܠܡ (ܐܘܫܥܢܐ) |
| ബൂറോക് സൗകെ (ശാഖകളുടെ വാഴ്വ്) | ܒܘܪܟ ܣܘܟܐ |

www.malankaralibrary.com


**4. പെസഹാ വ്യാഴം - കാലുകഴുകൽ ശുശ്രൂഷ.**

| | |
|---|---|
| ഹമ്ശൊ ദ്റോസെ (രഹസ്യങ്ങളുടെ വ്യാഴം) | ܚܡܫܐ ܕܪ̈ܐܙܐ |
| ശീഗ്ത്തൊ കാദിശ്ത്തൊ (വിശുദ്ധക്ഷാളനം) | ܫܝܓܬܐ ܩܕܝܫܬܐ |

**5. ദുഃഖവെള്ളി - സ്ളീബാവന്ദന ശുശ്രൂഷ, കബറടക്ക ശുശ്രൂഷ.**

| | |
|---|---|
| അറുബ്തൊ ദസ്കീപ്പൂസൊ (ക്രൂശിക്കലിന്റെ വെള്ളി) | ܥܪܘܒܬܐ ܕܨܩܝܦܘܬܐ |
| സെഗ്ത്തൊ ദസ്ളീബൊ (സ്ളീബാവന്ദനം) ക്ബുർത്തൊ (കബറടക്കം) | ܣܓܕܬܐ ܕܨܠܝܒܐ ❖ ܩܒܘܪܬܐ ❖ |

**6. ഈസ്റ്റർ - പ്രദക്ഷിണം.**

| | |
|---|---|
| ഹാദ് ബ്ശാബൊ ദക്യൊംമ്തൊ (ഉയിർപ്പിന്റെ ഞായർ) | ܚܕ ܒܫܒܐ ܕܩܝܡܬܐ |
| ക്റുക്യൊ (പ്രദക്ഷിണം) (Procession) | ܙܘܚܐ |

**7. സ്വർഗ്ഗാരോഹണം - സ്ളീബാ ആഘോഷം**

| | |
|---|---|
| സൂലോക്കൊ (സ്വർഗ്ഗാരോഹണം) | ܣܘܠܩܐ |
| സൂയോഹൊ ദസ്ളീബൊ (സ്ളീബാആഘോഷം) | ܙܘܝܚܐ ܕܨܠܝܒܐ |

**8. പെന്തിക്കോസ്തി - മുട്ടുകുത്തൽ.**

| | |
|---|---|
| പെന്തിക്കൊസ്തി | ܦܢܛܩܘܣܛܝ |
| സ്യൊമ് ബുർകെ (മുട്ടുകുത്തൽ) | ܣܝܡ ܒܘܪ̈ܟܐ |

www.malankaralibrary.com

# ആരോഗ്യം



ആസ്ത്മ – എന്ന ഈ വാക്ക് ഇന്നും ഭയം നിറയ്ക്കുന്നതാണ്, പ്രത്യേകിച്ച് ഒരിക്കലെങ്കിലും ആസ്ത്മ യുടെ രൂക്ഷാവസ്ഥ നേരിട്ടവരിൽ. നമുക്കെല്ലാവർക്കും ദൈവം അനുഗ്രഹിച്ച് ഒരുപോലെ നല്കപ്പെട്ടിരിക്കുന്ന, ഒരു നിമിഷത്തെ നമ്മുടെ ശ്രദ്ധയെപ്പോലും ആവശ്യപ്പെടാതെ, നമ്മിലൂടെ പ്രവഹിക്കുന്ന ശ്വാസം, അത് നിഷേധിക്കപ്പെടുമ്പോൾ; ആ ഭീതി പറഞ്ഞറിയിക്കാനാവുന്നതല്ല.

ഇന്നും ആസ്ത്മാ രോഗാവസ്ഥയുടെ എല്ലാ ലക്ഷണങ്ങളും തികഞ്ഞവരിൽപോലും ഒരു വലിയ വിഭാഗം "ആസ്ത്മാരോഗി" എന്ന വിശേഷണത്തെ ഭയക്കുന്നു. കൃത്യമായ ചികിത്സ സ്വീകരിക്കാൻ മടിക്കുന്നു. രോഗം അംഗീകരിക്കാനുള്ള മടി, ചികിത്സയുടെ പാർശ്വഫലങ്ങളെക്കുറിച്ചുള്ള പേടി, ഒട്ടനേകം തെറ്റിദ്ധാരണകൾ എന്നിവ എല്ലാം ഇതിന് കാരണമാകുന്നു എന്നതിൽ തർക്കമില്ല. ചിലപ്പോളെങ്കിലും പ്രത്യേകിച്ചും സ്ത്രീകളിൽ, സാമൂഹിക നിരാകരണം എന്ന ഭയവും, ആസ്ത്മാ രോഗി എന്ന മുദ്രകുത്തലും കൃത്യമായ ചികിത്സയിൽ നിന്നും വിട്ടുനിൽക്കാൻ കാരണമാവാറില്ലേ?

സത്യത്തിൽ വ്യക്തികളിലും സമൂഹത്തിലും നിലനിൽക്കുന്ന ഈ ഭയം ആവശ്യമോ? അല്ല എന്ന് തന്നെ പറയാം. ഏറെ പുരാതനകാലം മുതൽക്ക് തന്നെ ആസ്ത്മാരോഗം നിലനിന്നിരുന്നതായി പരാമർശങ്ങളുണ്ട്. പാരമ്പര്യമായ അലർജിക്ക് പുറമെ പാരിസ്ഥിതികമായും, തൊഴിൽപരമായും വൈവിധ്യങ്ങളായ കാരണങ്ങളിൽ നിന്നും ഉത്ഭവിക്കുന്ന രോഗാവസ്ഥയാണിത്. ആസ്ത്മ ഒരു പകർച്ച വ്യാധി അല്ല.




**ഡോ. മിഥുൻ എം.**

എം. ബി. ബി. എസ്., എം. ഡി., ഡി. എൻ. ബി., എം. ഫിൽ

അസിസ്റ്റന്റ്പ്രൊഫസർ, ശ്വാസകോശ വിഭാഗം

പുഷ്പഗിരി മെഡിക്കൽ കോളേജ്, തിരുവല്ല


ശ്വാസനാളങ്ങളിലെ അസ്ഥിരമായ നീർക്കെട്ട് ഇടക്കിടെ ഉണ്ടാകാവുന്ന ശ്വാസതടസ്സം, ചുമ, കുറുകൽ, നെഞ്ചിറുക്കം എന്നിവയിലേക്ക് വഴിയൊരുക്കുന്നു. തണുപ്പ്, പൊടിപടലങ്ങൾ, പക്ഷികളുടെ തൂവൽ, മൃഗങ്ങളുടെ രോമം, ചില സൂക്ഷ്മജീവികൾ (House Dust Mite) തുടങ്ങിയ കാരണങ്ങളിൽ തുടങ്ങി രോഗാണു ബാധ, ജലദോഷം,, അസിഡിറ്റി, എന്തിനേറെ പറയുന്നു വികാരാധിക്യം, മാനസിക സമ്മർദ്ദം എന്നിവ പോലും ഒരു ആസ്ത്മ രൂക്ഷാവസ്ഥയിലേക്ക് (ആസ്ത്മ അറ്റാക്ക്) നയിക്കാം. ആസ്ത്മ രൂക്ഷാവസ്ഥ ചിലപ്പോൾ അപകടകരവും, മരണത്തിലേക്ക് വരെ എത്തിക്കാൻ കെൽപ്പുള്ളതുമാണ് എന്നത് നാം വിസ്മരിക്കരുത്.

ജനിതകമായ പല ഘടകങ്ങളിലും ഊന്നിയുള്ള രോഗാവസ്ഥ ആയതിനാൽ പൂർണമായി തുടച്ചു നീക്കുക എന്നത് പലപ്പോഴും സാധ്യമല്ല. എന്നാൽ ഈ രോഗാവസ്ഥയുടെ പല സൂക്ഷ്മവശങ്ങളുടെയും ആഴത്തിലേക്കുള്ള പഠനം ഇന്നത്തെ സാങ്കേതിക വിദ്യ സാധ്യമാക്കിയിരിക്കുന്നതിനാൽ ചികിത്സാ സാദ്ധ്യതകൾ ഏറെ പുരോഗമിച്ചിരിക്കുന്നു എന്നും ഇനിയും ഏറെ പുരോഗമിക്കും എന്നും നിസ്സംശയം പറയാം.

ഇന്ന് അത്യാപൽഘട്ടങ്ങളിൽ മാത്രം ഉപയോഗിച്ചു വരുന്ന മരുന്നുകൾ ഏതാനും ദശാബ്ദങ്ങൾക്കു മുൻപ് വരെ ആസ്ത്മ രൂക്ഷമാകുന്ന സാഹചര്യത്തിൽ ചികിത്സയ്ക്ക് ഉപയോഗിക്കേണ്ടി വന്നിരുന്നു. എന്നാൽ ആ കാലഘട്ടത്തിൽ നിന്നും ഏറെദൂരം സഞ്ചരിച്ചിട്ടും, അന്ന് നമ്മിൽ കയറിക്കൂടിയ ഭീതി ഇന്നും നമ്മെ വിട്ടുപോയിട്ടില്ല. 1950–60

www.malankaralibrary.com


# ആസ്ത്മ പരിചരണം വിജയത്തിലേക്ക് ഈ പടവുകളിലൂടെ

കാലഘട്ടത്തിൽ നിലവിൽ വന്ന ഇൻഹേലർ എന്ന ചികിത്സാ ഉപാധി, 1970 കളിൽ നിലവിൽ വന്ന ബീറ്റ അഗോണിസ്റ്റ് വിഭാഗത്തിൽപ്പെട്ട സാൽബ്യൂട്ടമോൾ (അസ്തലിൻ) എന്ന ശ്വാസനാള വികസന മരുന്ന് എന്നിവ ആസ്ത്മ ചികിത്സയിൽ ഒരു വലിയ മുന്നേറ്റം നൽകി. ഈ വിഭാഗ ചികിത്സയിലെ ദീർഘ പ്രവർത്തനമുള്ളതും (12 മണിക്കൂറോളം), ശ്വാസനാളങ്ങളിലേക്ക് നേരിട്ട് എത്തിക്കാവുന്നതുമായ ഫോർമോറ്ററോൾ, സാൽമെറ്ററോൾ എന്നിവയും 24 മണിക്കൂറോളം ദൈർഘ്യ പ്രവർത്തനമുള്ള ഇൻടകാറ്ററോൾ, വിലന്ററോൾ എന്നീ മരുന്നുകളും ഇന്ന് കൂടുതൽ പരിഗണിക്കപ്പെടുന്നു.

ആസ്ത്മാരോഗാവസ്ഥയുടെ പ്രധാന കാരണം ശ്വാസനാളങ്ങളിലെ നീർക്കെട്ട് ആണെന്നതിനാൽ പ്രധാന ചികിത്സ ഈ നീർക്കെട്ട് തടയാൻ പ്രാപ്തിയുള്ള സ്റ്റിറോയ്ക്ക് മരുന്നുകളാണ്. മറ്റു ശരീരഭാഗങ്ങളിൽ എത്തുന്നത് മൂലം ഉണ്ടാകാവുന്ന പാർശ്വഫലങ്ങൾ ന്യൂനീകരിച്ചു, മരുന്ന് ഏറ്റവും ചുരുങ്ങിയ അളവിൽ ശ്വാസനാളങ്ങളിലേക്ക് നേരിട്ട് എത്തിക്കുന്ന ഇൻഹേലർ ചികിത്സ തന്നെയാണ് ഇന്ന് ആസ്ത്മാചികിത്സയുടെ നട്ടെല്ല്.

ഇവയെ കൂടാതെ മസ്കാരിനിക്ക് ആന്റ്ഗോണിസ്റ്റ് വിഭാഗത്തിൽപ്പെട്ട ശ്വാസനാള വികസന മരുന്നായ റ്റയോട്രോപിയം, ഗ്ലൈക്കോപൈറോണിയം എന്നിവയും ഗൗരവതരമായ ആസ്ത്മയിൽ ഉപയോഗിച്ച് വരുന്നു. അലർജിക്കെതിരായ മരുന്നുകളും ആസ്ത്മാചികിത്സയിൽ ഉപയോഗിക്കാറുണ്ട്. കൂടുതൽ തീവ്രമായ അസ്ത്മ, ചിലവേറിയ ചികിത്സകളായ ഒമാലിസുമാബ്, മെപ്പൊലിസുമാബ്, റെസ്ലിസുമാബ്, ബെന്റാലിസുമാബ് എന്നീ ബിയോളജിക്സ് കൊണ്ട് തടഞ്ഞു നിർത്താനാവാറുണ്ട്. ബ്രോങ്കോസ്കോപ്പിലൂടെ ശ്വാസനാളങ്ങളിലേക്ക് അധിക താപമേകി ചികിത്സിക്കുന്ന ബ്രോങ്കിയൽ തെർമോപ്ലാസ്റ്റി ചികിത്സ ചില തരം ആസ്ത്മയിൽ ഫലപ്രദമാണ്.

വൈവിധ്യങ്ങളായ പല രൂപത്തിലും ഭാവത്തിലും തീവ്രതയിലും ആസ്ത്മ കാണപ്പെടാറുണ്ട്. അതുകൊണ്ട് തന്നെ ആസ്ത്മ ചികിത്സ എല്ലാവരിലും ഒരുപോലെയല്ല. സ്റ്റെപ്പ് വൈസ് അപ്പ്രോച്ച് എന്ന് നാമകരണം ചെയ്തിരിക്കുന്ന ആസ്ത്മ ചികിത്സാ രീതിയിൽ ആവശ്യം വരുമ്പോൾ മാത്രം ഉപയോഗിക്കാവുന്ന ഇൻഹേലറിൽ തുടങ്ങി, ദിവസേന ഉപയോഗിക്കേണ്ടി വരാവുന്ന ഇഞ്ചക്ഷനുകൾ എന്നിവ വരെ ആസ്ത്മ രൂക്ഷാവസ്ഥയെ പ്രതിരോധിക്കാൻ ഉപയോഗിക്കാം.

'പുകവലി, നിഷ്ക്രിയ പുകവലി എന്നിവയിൽ നിന്ന് വിട്ട് നിൽക്കുന്നത് അനിവാര്യമാണ്. അലർജി ഉണ്ടാകാവുന്ന അന്തരീക്ഷഘടകങ്ങൾ വളർത്തു മൃഗങ്ങൾ, പക്ഷികൾ എന്നിവയെ അകറ്റിനിർത്തുന്നതാണ് ഉത്തമം. വ്യായാമം ആസ്ത്മയുടെ തീവ്രത കുറയ്ക്കുന്നതായി കാണപ്പെടാറുണ്ട്. എന്നാൽ വ്യായാമം കാരണം രൂക്ഷാവസ്ഥയിലേക്ക് എത്താവുന്ന തരം ആസ്ത്മയാണ് എക്സസൈസ് ഇൻഡ്യൂസ്ഡ് ആസ്ത്മ. ഈ രോഗാവസ്ഥയിൽ വ്യായാമത്തിനു മുൻപായി ഇൻഹൈലർ നിർദ്ദേശിക്കാറുണ്ട്. ഒട്ടുമിക്ക വീടുകളിലും പ്രത്യേകിച്ച് ഈർപ്പമുള്ള സാഹചര്യങ്ങളിൽ കണ്ടുവരാറുള്ള ഹൗസ് ഡസ്റ്റ് മൈറ്റ് എന്ന സൂക്ഷ്മജീവി ആസ്ത്മ വർദ്ധിപ്പിക്കുന്നതിൽ പ്രത്യേക പങ്കുവഹിക്കുന്നു. ഈർപ്പാവസ്ഥ തടയുന്നതും ഇവ കൂടുതലായി കണ്ടുവരാറുള്ള പുതപ്പുകൾ, കാർപെറ്റുകൾ, കർട്ടനുകൾ, സോഫ്റ്റ് ടോയ്സ് എന്നിവ ആഴ്ചയിൽ ഒരിക്കൽ ചൂടുവെള്ളത്തിൽ കഴുകുന്നതും ഈ സൂക്ഷ്മജീവിയെ പ്രതിരോധിക്കാൻ സഹായിക്കും. ഇവയെ തടയാൻ ഉപയോഗിക്കാവുന്ന പ്രത്യേക ബെഡ് കവറിങ്ങുകളും ഇന്ന് വിപണിയിൽ ലഭ്യമാണ്. അസിഡിറ്റി, പുളിച്ചുതികട്ടൽ എന്നിവ ആസ്ത്മ വർദ്ധിപ്പിക്കുന്നതിന് ഒരു കാരണമായതിനാൽ എരിവും പുളിയും ഉള്ള ആഹാരങ്ങൾ കുറയ്ക്കുന്നതും ഉചിതമായിരിക്കും. പ്രതിരോധ കുത്തിവെപ്പുകൾ രോഗാണുബാധ മൂലമുള്ള ആസ്ത്മയുടെ രൂക്ഷാവസ്ഥയെ തടഞ്ഞു നിർത്തും'.

ശാസ്ത്രസാങ്കേതിക വളർച്ചയുടെ ഈ ഘട്ടത്തിലും കൃത്യമായ ആസ്ത്മ ചികിത്സ എല്ലാവരിലേക്കും എത്തിക്കാൻ നമുക്ക് ആവുന്നില്ല. ചുരുക്കമെങ്കിലും പ്രത്യേകിച്ച് വികസ്വര രാജ്യങ്ങളിൽ ഇന്നും കൃത്യമായ ചികിത്സയുടെ അഭാവത്തിൽ ആസ്ത്മ രോഗികൾ മരണപ്പെടുന്നുണ്ടെന്നത് ഏറെ വിഷമിപ്പിക്കുന്നു. ഈ ആശയങ്ങളെ മുൻനിർത്തി "ആസ്ത്മ പരിചരണം എല്ലാവർക്കും" എന്ന സന്ദേശവുമായി 2023, മെയ് 2 നാം ലോക ആസ്ത്മാദിനം ആചരിച്ചു.

ആസ്ത്മയെ ചെറുത്ത് നിന്ന് ഏതു മേഖലയിലും ഉന്നത വിജയം കൈവരിച്ച ഒട്ടനേകം മാർഗദർശികൾ നമുക്ക് മുന്നിലുണ്ട്. സധൈര്യം നമുക്ക് ആസ്ത്മയെ നേരിടാം .

www.malankaralibrary.com






# രണ്ട് ഭൃത്യന്മാർ

**ജീവിതയാത്രയിൽ ചിലർ നമ്മെ തെറ്റിദ്ധരിക്കുകയോ, കുറ്റപ്പെടുത്തുകയോ, ഒറ്റപ്പെടുത്തുകയോ, ഒറ്റിക്കൊടുക്കുകയോ ചെയ്തു എന്നു വരാം. എന്നാൽ ദിവ്യബലിയിൽ നിന്നും ശക്തി സ്വീകരിച്ച്, മനസ്സാക്ഷിയുടെ മന്ത്രണം അനുസരിച്ച് വിശുദ്ധിയിൽ ജീവിക്കുന്ന വിശ്വാസിക്ക് ജീവിതത്തിൽ യഥാർത്ഥ വിജയം ലഭിക്കും.**

പോർച്ചുഗൽ രാജ്യത്തിന്റെ രാജാവായിരുന്ന ഡയണീഷ്യസിന്റെ ഭാര്യയായിരുന്ന വി. എലിസബത്ത് രാജ്ഞി (എ.ഡി. 1271–എ.ഡി. 1336) വിശുദ്ധമായ ഒരു ജീവിതം നയിച്ചിരുന്നു. രാജകൊട്ടാരത്തിലെ സമ്പത്തും ആർഭാടവും പ്രൗഢിയും ഒന്നും രാജ്ഞിയെ ഒട്ടും ആകർഷിച്ചില്ല. പാവങ്ങളെ സ്നേഹിച്ചിരുന്ന രാജ്ഞി അനേകം സാധുക്കളെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്തിരുന്നു. രാജ്ഞിയുടെ പരസ്നേഹപ്രവർത്തനങ്ങൾക്ക് വേണ്ട സഹായം നൽകിയിരുന്നത് ഭക്തനും വിശുദ്ധനും ആയിരുന്ന ഒരു യുവ രാജസേവകനായിരുന്നു. രാജ്ഞിയെപ്പോലെ ആ രാജസേവകനും എല്ലാ ദിവസവും വി. കുർബാനയിൽ ഭക്തിപൂർവ്വം പങ്കെടുത്തിരുന്നു.

നല്ലവനായ ആ രാജസേവകനോട് കടുത്ത അസൂയയും ശത്രുതയും ഉള്ള ദുഷ്ടനായ ഒരു രാജസേവകൻ കൊട്ടാരത്തിൽ ഉണ്ടായിരുന്നു. ഈ ദുഷ്ടൻ രാജാവിന് പ്രിയപ്പെട്ടവനായിരുന്നു. കാരണം, അന്ന് രാജാവ് അശുദ്ധമായ ഒരു ജീവിതമാണ് നയിച്ചിരുന്നത്. ദുഷ്ടനായ സേവകൻ, നല്ലവനായ സേവകനെതിരെ തെറ്റായ ആരോപണങ്ങളും അപവാദങ്ങളും ഏഷണികളും രാജാവിന്റെ മുമ്പിൽ അവതരിപ്പിച്ചു. രാജ്ഞിയുമായി ആ സേവകന് അശുദ്ധമായ ബന്ധം ഉണ്ടെന്നും ദുഷ്ടനായ സേവകൻ രാജാവിനെ ധരിപ്പിച്ചു. രാജാവ് നല്ലവനായ രാജസേവകനെ രഹസ്യമായി വധിക്കുവാൻ തീരുമാനിച്ചു.

ആ രാജ്യത്ത് കക്കയും ചുണ്ണാമ്പുകല്ലും ശക്തമായി ചൂടാക്കി നീറ്റുകക്ക ഉണ്ടാക്കുന്ന ഒരു ചൂള ഉണ്ടായിരുന്നു. രാജാവിന്റെ വിശ്വസ്തനും ദുഷ്ടനുമായ ഒരാളായിരുന്നു ചൂളയുടെ അധികാരി. രാജാവിന് ദേഷ്യം വരുമ്പോൾ, താൽപ്പര്യമില്ലാത്ത ആളുകളെ രഹസ്യമായി ആ തീച്ചൂളയിലേക്ക് എറിഞ്ഞു കൊല്ലാൻ അയാൾ രാജാവിനെ സഹായിച്ചിരുന്നു.

രാജ്ഞിയെ വിശ്വസ്തതയോടെ സഹായിച്ചിരുന്ന നല്ലവനായ സേവകനെ ചൂളയിലേക്ക് എറിഞ്ഞു കൊല്ലാൻ രാജാവ് തീരുമാനിച്ചു. രാജാവ്, ചൂളയുടെ അധികാരിയോട് കൽപ്പിച്ചു, “നാളെ രാവിലെ ഞാൻ നിന്റെ അടുത്തേക്ക് ഒരു സേവകനെ അയയ്ക്കും. ‘രാജകല്പന നിറവേറ്റിയോ’ എന്ന രഹസ്യവാചകം നിന്നോടു ചോദിക്കുന്ന അയാളെ ഉടനെതന്നെ



പ്രൊഫ. ഡോ. ബാബു ഫിലിപ്പ്

www.malankaralibrary.com


പിടിച്ചുകെട്ടി, കത്തിയെരിയുന്ന തീച്ചൂളയിലേക്ക് വലിച്ചെറിഞ്ഞ് കൊല്ലണം."

ഭക്തനായ സേവകനെ രാജാവ് വിളിച്ചുവരുത്തി. അയാളോട് രാജാവ് കൽപ്പിച്ചു, "നീ നാളെ രാവിലെ തന്നെ ചൂളയുടെ അധികാരിയുടെ അടുത്തേക്ക് ഒരു സന്ദേശവുമായി പോകണം. "രാജകല്പന നിറവേറ്റിയോ?" എന്ന് നീ ചൂളയുടെ അധികാരിയോട് ചോദിക്കണം. അയാളുടെ മറുപടി എന്നെ നേരിട്ട് അറിയിക്കണം."

അടുത്ത ദിവസം അതിരാവിലെ രാജാവിന്റെ സന്ദേശവുമായി ചൂളയിലേക്കു പുറപ്പെട്ട ഭക്തനായ സേവകൻ, പോകുന്ന വഴി ഒരു ദൈവാലയത്തിൽ നിന്നുള്ള മണിനാദം കേട്ടു. അയാൾ ആ ദൈവാലയത്തിൽ പ്രവേശിച്ച്, അവിടെ അർപ്പിച്ചുകൊണ്ടിരുന്ന വി. കുർബാനയിൽ ഭക്തിപൂർവ്വം പങ്കെടുത്തു. അതിനുശേഷം അവിടെ മറ്റൊരു ദിവ്യബലി ആരംഭിച്ചു. അയാൾ ആ ബലിയിലും പങ്കെടുത്തു. അന്നും പതിവുപോലെ ദിവ്യബലിയിൽ പൂർണ്ണമായി സംബന്ധിക്കാൻ കഴിഞ്ഞതിന്റെ സംതൃപ്തിയിൽ സന്തോഷത്തോടെ അയാൾ ചൂളയിലേക്ക് ഉള്ള യാത്ര തുടർന്നു.

ചൂളയിലേക്കു പുറപ്പെട്ട സേവകന്റെ മരണവാർത്ത അറിയുവാനുള്ള ആകാംക്ഷയിൽ രാജാവ്, ഏഷണിക്കാരനായ സേവകനെ വിവരം അറിയാൻ ചൂളയിലേക്ക് അയച്ചു. ദുഷ്ടനായ സേവകൻ യാത്ര തുടങ്ങി. നല്ലവനായ സേവകൻ ദൈവാലയത്തിൽ ദിവ്യബലിയിൽ പങ്കെടുത്തുകൊണ്ടിരുന്നപ്പോൾ, അത് അറിയാതെ, ദുഷ്ടനായ സേവകൻ വേഗത്തിൽ മുമ്പോട്ടു നീങ്ങി.

ചൂളയുടെ അധികാരിയുടെ അടുത്ത് ആദ്യം എത്തിയത് ദുഷ്ടനായ സേവകൻ ആയിരുന്നു. അയാൾ ആവേശത്തോടെ ചോദിച്ചു, "രാജകല്പന നിറവേറ്റിയോ?" ദുഷ്ടനായ സേവകന്റെ നാവിൽ നിന്നും രാജാവ് അറിയിച്ച അതേ രഹസ്യവാചകം കേട്ട അധികാരി ആ ദുഷ്ടഭൃത്യനെ ഉടൻതന്നെ പിടികൂടി, കെട്ടിയിട്ട്, കത്തിയെരിയുന്ന തീച്ചൂളയിലേക്കു വലിച്ചെറിഞ്ഞു. ഒരു നിമിഷം കൊണ്ട് ആ ദുഷ്ട സേവകൻ കത്തിച്ചാമ്പലായി.

കുറേ സമയം കഴിഞ്ഞ് ദിവ്യബലിയിൽ പങ്കെടുത്ത ശേഷം ചൂളയിലെത്തിയ നല്ല സേവകൻ അധികാരിയോട് "രാജകല്പന നിറവേറ്റിയോ?" എന്ന് വിനയത്തോടെ ചോദിച്ചു. അതിനുള്ള മറുപടിയായി, "അതേ, പൂർണ്ണമായി നിറവേറ്റി. ഈ വിവരം നിങ്ങൾ രാജാവിനെ അറിയിച്ചുകൊള്ളൂ" എന്ന് ആ അധികാരി, നല്ല ഭൃത്യനോടു പറഞ്ഞു.

ആ സന്ദേശവുമായി മടങ്ങിയ സേവകൻ രാജാവിനെ സന്ദർശിച്ച് വിവരമറിയിച്ചു. താൻ വധിക്കാനാഗ്രഹിച്ച സേവകൻ ജീവനോടെ തിരിച്ചെത്തിയതു കണ്ട രാജാവ് ഞെട്ടിപ്പോയി. വിവരങ്ങൾ വിശദമായി മനസ്സിലാക്കിയ രാജാവ് പൂർണ്ണമായി മാനസാന്തരപ്പെട്ടു. ദിവ്യകാരുണ്യത്തിന്റെ അത്ഭുത ശക്തിയാൽ ആ നല്ല സേവകൻ മരണത്തിൽ നിന്നും രക്ഷപ്പെട്ടതറിഞ്ഞ രാജാവ്, രാജ്ഞിയെ അംഗീകരിച്ചു. രാജാവ് രാജ്ഞിയുടെ കൂടെ പ്രാർത്ഥനയിലും പരസ്നേഹപ്രവർത്തനങ്ങളിലും സജീവമായി പങ്കെടുത്തു തുടങ്ങി. രാജാവ്, ധന്യമായ ജീവിതത്തിനുശേഷം, സമാധാനത്തോടെ കാലം ചെയ്തു. രാജ്ഞി തുടർന്ന് സന്യാസജീവിതത്തിലൂടെ വിശുദ്ധപദം നേടി.

ജീവിതയാത്രയിൽ ചിലർ നമ്മെ തെറ്റിദ്ധരിക്കുകയോ, കുറ്റപ്പെടുത്തുകയോ, ഒറ്റപ്പെടുത്തുകയോ, ഒറ്റിക്കൊടുക്കുകയോ ചെയ്തു എന്നു വരാം. എന്നാൽ ദിവ്യബലിയിൽ നിന്നും ശക്തി സ്വീകരിച്ച്, മനസ്സാക്ഷിയുടെ മന്ത്രണം അനുസരിച്ച് വിശുദ്ധിയിൽ ജീവിക്കുന്ന വിശ്വാസിക്ക് ജീവിതത്തിൽ യഥാർത്ഥ വിജയം ലഭിക്കും.

●

കുടുംബ പ്രേഷിത കാര്യാലയം, ശാന്തിനിലയം
തിരുവല്ല അതിഭദ്രാസനം

വിവാഹ ഒരുക്ക സെമിനാർ
2023



ജൂലൈ
11, 12

ഓഗസ്റ്റ്
8, 9

സി. ഷീബ ഒ.എസ്.എസ്.
സെക്രട്ടറി, ഫാമിലി അപ്പോസ്തലേറ്റ്
9495124446
8078390259

ഫാ. തോമസ് തോപ്പിൽകളത്തിൽ
ഡയറക്ടർ, ഫാമിലി അപ്പോസ്തലേറ്റ്
9447271784
9497462813

www.malankaralibrary.com



# Malankara Matrimony



## MM - 149

തിരുവല്ല അതിരൂപതയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവാവ്, 29 വയസ്സ്, 178 c.m., B.Sc Nurse, കുവൈറ്റിൽ ജോലി ചെയ്യുന്നു. അനുയോജ്യരായ പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. കുവൈറ്റിൽ ജോലിയുള്ള നഴ്സുമാർക്ക് മുൻഗണന. (ജൂൺ 1 ന് അവധിയ്ക്ക് നാട്ടിൽ വരും).
Contact No. - 9598934156, 9400847511

## MM - 150

തിരുവല്ല അതിരൂപതയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവാവ്, 30 വയസ്സ്, 171 c.m., B.Com, ഷാർജയിൽ അക്കൗണ്ടന്റായി ജോലി ചെയ്യുന്നു. അനുയോജ്യരായ പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
Contact No. - 7558970308, 9497048308

## MM - 151

തിരുവല്ല അതിരൂപതയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവാവ്, 28 വയസ്സ്, 167 c.m., B.Tech (Mechanical), ബഹ്റൈനിൽ സേഫ്റ്റി ഓഫീസറായി ജോലി ചെയ്യുന്നു. അനുയോജ്യരായ പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
Contact No. - 9400585597, 9744286355

## MM - 152

തിരുവല്ല അതിരൂപതയിൽ റാന്നി മേഖലയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവാവ്, 31 വയസ്സ്, 178 c.m., B.Tech, കുവൈറ്റിൽ ജോലി ചെയ്യുന്നു. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
Contact No. - 8086139892, 9846358668

## MM - 153

തിരുവല്ല അതിരൂപതയിൽ റാന്നി മേഖലയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവതി, 25 വയസ്സ്, 167 c.m., M.Com, HDC, പ്രൈവറ്റ് ബാങ്കിൽ ജോലി ചെയ്യുന്നു. അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
Contact No. - 9947063358, 9207601038

## MM - 154

തിരുവല്ല അതിരൂപതയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവാവ്, 27 വയസ്സ്, 178 c.m., B.Tech, M.Tech, മെക്കാനിക്കൽ എഞ്ചിനിയറിംഗിൽ റിസർച്ച് ചെയ്യുന്നു. അനുയോജ്യരായ പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. Contact No. - 6282069702, 9846921576

## MM - 155

തിരുവല്ല അതിരൂപതയിൽപ്പെട്ട മലങ്കര കത്തോലിക്കാ യുവതി, 29 വയസ്സ്, 165 c.m., weight - 54 kg, B. Sc Nurse, ദുബയിൽ ജോലി ചെയ്യുന്നു. അനുയോജ്യരായ ആൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
Contact No. - 8330832547, 9188330547

www.malankaralibrary.com

# സണ്ടേസ്കൂൾ റാങ്ക് ജേതാക്കൾ 2022 – 2023

## STD V



ഏബൽ ജോർജ്
പുറമറ്റം
ഒന്നാം റാങ്ക്



ആൻ എൽസാ ഷാജി
തോട്ടഭാഗം
രണ്ടാം റാങ്ക്



ലിയോ ജോൺ
കളമ്പാല
മൂന്നാം റാങ്ക്


## STD VI



ജിയോന
സിജോ
മന്തിപ്പാറ
ഒന്നാം റാങ്ക്



ഏഞ്ചൽ ആൻ
ഏബ്രഹാം
തോട്ടഭാഗം
രണ്ടാം റാങ്ക്



മെൽവിൻ ജോൺ
വർഗീസ്
കത്തീഡ്രൽ
മൂന്നാം റാങ്ക്

## STD VII



ആരോൺ ഐ.
ജോസഫ്
ആനിക്കാട്
ഒന്നാം റാങ്ക്



എയ്ഡ ട്രീസ
പോൾ
ശാന്തിപുരം
രണ്ടാം റാങ്ക്



എൽക്കാ എൽസാ
വർഗ്ഗീസ്
ചുങ്കപ്പാറ
മൂന്നാം റാങ്ക്

## STD VIII



എയ്ഡൻ ജെ.
തോമ്പുംകുഴി
ഓതറ
ഒന്നാം റാങ്ക്



സേറ മറിയം
ജെയിംസ്
ചുങ്കപ്പാറ
രണ്ടാം റാങ്ക്



അബിയ മരിയ
ജോസഫ്
ചുങ്കപ്പാറ
മൂന്നാം റാങ്ക്

## STD IX



ഫേബ ആനി
ഗിൽറ്റൺ
പെരിങ്ങര
ഒന്നാം റാങ്ക്



ജിൻസാ വി.
നൈനാൻ
ചുങ്കപ്പാറ
രണ്ടാം റാങ്ക്



ജോബിത്ത് ജോൺ
കോശി
കുരിശുമുട്ടം
മൂന്നാം റാങ്ക്

## STD X



അനീറ്റ ബിനു
രാജാക്കണ്ടം
ഒന്നാം റാങ്ക്



അനിറ്റാ മരിയാ
ജോസഫ്
അണക്കര
രണ്ടാം റാങ്ക്



ജുവൽ എലിസബത്ത്
ഡാനിയൽ
കല്ലിശ്ശേരി
മൂന്നാം റാങ്ക്

## STD XI



ആൻഡ്രിയ മരിയ
മാത്യു
ചുങ്കപ്പാറ
ഒന്നാം റാങ്ക്



ഡോണ റോസി
ജോസ്
ചുങ്കപ്പാറ
രണ്ടാം റാങ്ക്



ജിഷാ ജേക്കബ്
മാന്നാർ ഈസ്റ്റ്
മൂന്നാം റാങ്ക്

## STD XII



അനിറ്റ മോൾ
വർഗ്ഗീസ്
കൂട്ടാർ
ഒന്നാം റാങ്ക്



മെറിൻ സൂസൻ
വർഗീസ്
കത്തീഡ്രൽ
രണ്ടാം റാങ്ക്



ജോഷ്മി ആന്റണി
കുമളി
മൂന്നാം റാങ്ക്

www.malankaralibrary.com



## മല്പാനോട് ചോദിക്കാം

12

# നീസാൻ മാസം ഗബ്രിയേൽ മംഗളമോതി കോനൂനിൽ

### എന്താണ് കോനൂൻ?

മാർച്ച് മാസം 25-ാം തീയതിയാണ് യേശുവിന്റെ ജനനത്തെപ്പറ്റി ഗബ്രിയേൽ മാലാഖയുടെ മറിയത്തിനുള്ള അറിയിപ്പ്. 9 മാസങ്ങൾക്കുശേഷം ഡിസംബർ 25-ാം തീയതി യേശുവിന്റെ ജനനം. ഈ സംഭവങ്ങൾ ശ്ഹീമോ നമസ്കാരം മെനഗാലം ഭാഗം ചൊവ്വ പ്രഭാതം രണ്ടാമത്തെ കോലോയിൽ ഇപ്രകാരം ചൊല്ലുന്നു.

നീസാൻ മാസം ഗബ്രിയേൽ
മംഗളമോതി കോനൂനിൽ
നിൻ ജനി ഞങ്ങൾ ദർശിച്ചു
താതനിൽ നിന്നുള്ളൊരു പൈതൽ
മറിയാമ്മിൻ സുന്ദരഫലവും
സൃഷ്ടി ഭുജിക്കും ജീവഫലം.

ܒܢܝܣܢ ܣܒܪ ܓܒܪܝܐܝܠ
ܒܟܢܘܢ ܚܙܝܢ ܡܘܠܕܟ
ܒܪܐ ܡܫܒܚܐ ܕܡܢ ܐܒܐ
ܦܐܪܐ ܪܓܝܓܐ ܕܡܢ ܡܪܝܡ
ܘܐܟܠܘ ܡܢܗ ܒܪܝܬܐ
ܘܚܝܘ ܒܗ ܚܝܐ ܠܥܠܡ ܀

നീസാൻ മാസം എന്നത് മാർച്ച് മാസത്തിലെ അവസാന കുറച്ചു ദിവസങ്ങളും ഏപ്രിൽ മാസത്തിലെ കൂടുതൽ ദിനങ്ങളും ഉൾക്കൊള്ളുന്ന സുറിയാനി മാസത്തിന്റെ പേരാണ്. കോനൂൻ എന്നത് ഡിസംബർ മാസത്തിനു തത്തുല്യമായ സുറിയാനി മാസത്തിന്റെ പേരായ കോനൂൻ ക്ദീമ് എന്നതിന്റെ ചുരുക്കരൂപമാണ്. ഈ പ്രാർത്ഥനാഭാഗത്തിന്റെ അർത്ഥം താഴെ പറയുംവിധമാണ്. മാർച്ചു മാസത്തിൽ ഗബ്രിയേലിന്റെ അറിയിപ്പുണ്ടായി. ഡിസംബർ മാസത്തിൽ പിതാവിൽ നിന്നുള്ള മഹത്വ ശിശുവേ നിന്റെ ജനനം ഞങ്ങൾ കണ്ടു. മറിയാമ്മിൽ നിന്നുള്ള ഈ മോഹനീയ ഫലം സൃഷ്ടികൾ ഭക്ഷിക്കുകയും അതിനാൽ നിത്യം ജീവിക്കുകയും ചെയ്തു.

ആരാധന, സഭ എന്നിവ സംബന്ധമായ ചോദ്യങ്ങളും സംശയങ്ങളും ഈ പംക്തിയിലേക്ക് എഴുതി ചോദിക്കാവുന്നതാണ്. ചോദ്യങ്ങൾ അയക്കേണ്ട വിലാസം:

**മല്പാനോടു ചോദിക്കാം**
**ഐക്യദീപം**
**സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ**
**തിരുവല്ല - 689 101. ഫോൺ: 9495217831**
**(ഫാ. ഡോ. രാജു പറക്കോട്ട്)**

www.malankaralibrary.com

## ആദരാഞ്ജലികൾ



**റവ. ഫാ. മാത്യു മണലേൽ (76)**

"ഭംഗ്യാ ദൈവസുതാ നിന്നെ
ശുശ്രൂഷിച്ചൊരു വൈദികരെ
നിന്നാഗമന മഹാനാളിൽ
ഓർത്തു മുഖപ്രഭയേകേണം"

## ആദരാഞ്ജലികൾ



**സി. ഫ്ളാവിയ എസ്.ഐ.സി.**

**തിരുമൂലപുരം**

# Remembrance - JUNE




Fr. Joseph Nilappana
01 June 1976




V. C. Geevarghese Corepiscopo
06 June 1991




Fr. Joseph Padinjarekara
11 June 1980



Fr. Chacko Muttathuparampil
22 June 1989



Fr. Philip Erattamakil
24 June 1979



Fr. Joseph Vadakkekara
24 June 2016



Fr. Thomas Pazhoor
30 June 1994

www.malankaralibrary.com

## അഭിനന്ദനങ്ങൾ



ലക്നൗവിൽ നടന്ന ഖേലോ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി മത്സരത്തിൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിക്ക് വേണ്ടി ട്രിപ്പിൾ ജംപിൽ സ്വർണം നേടിയ വാകത്താനം സെന്റ് തോമസ് മലങ്കര കത്തോലിക്കാ ഇടവകാംഗം **ആകാശ് എം. വർഗീസിന്** അഭിനന്ദനങ്ങൾ.

## അഭിനന്ദനങ്ങൾ



എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.എ. വിഷ്വൽ ആർട്സ് & ഇന്റീരിയർ ഡിസൈനിംഗിൽ **ഒൻപതാം റാങ്ക്** കരസ്ഥമാക്കിയ **ബ്രിറ്റോ കെ. ബെന്നിയ്ക്ക്** ആശംസകൾ. ചങ്ങനാശ്ശേരി മീഡിയ വില്ലേജിലെ വിദ്യാർത്ഥിയും വാളക്കുഴി സെന്റ് ജോസഫ്സ് ഇടവകാംഗവുമാണ്.

## ആശംസകൾ



കേരളാ കോൺഫറൻസ് ഓഫ് മേജർ സുപ്പീരിയേഴ്സ് (KCMS) പ്രസിഡന്റ് ആയി തെരഞ്ഞെടുക്കപ്പെട്ട ബഥനി സന്യാസിനി സമൂഹത്തിന്റെ മദർ ജനറൽ റവ. സി. ഡോ. ആർദ്ര SIC ക്ക് അനുമോദനങ്ങൾ. KCMS പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് ഒരു സന്യാസിനി നിയോഗിക്കപ്പെടുന്നത് ഇതാദ്യമായാണ്.

## ആശംസകൾ



തിരുവനന്തപുരം സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി വൈസ് റെക്ടറും ഡീൻ ഓഫ് സ്റ്റഡീസും ആയി നിയമിതനായ ബഹു. ഫാ. ഡോ. ജോളി കരിമ്പിലിന് അതിഭദ്രാസനത്തിന്റെ ആശംസകൾ.

www.malankaralibrary.com




നീരാട്ടുകാവ് സെന്റ് തോമസ് ഇടവകയിൽ കുറ്റിക്കാട്ടിൽ തോമസ് കെ.ജെ.യുടെയും ഓമന തോമസിന്റെയും മകൻ **റോബിൻ തോമസും** തിരുമൂലപുരം സെന്റ് മേരീസ് ഇടവകയിൽ കരപ്പനശ്ശേരിമലയിൽ മാത്യു ജോണിന്റെയും ജിജി മാത്യുവിന്റെയും മകൾ **ജിനു മാത്യുവും** തമ്മിലുള്ള വിവാഹം **2023 ഏപ്രിൽ 17 ന്** റാന്നി കണ്ണമ്പള്ളി സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് സഹോദരൻ ബഹു. ഫാ. ജോൺ കരപ്പനശ്ശേരിമലയിലിന്റെ മുഖ്യകാർമ്മികത്വത്തിൽ ആശീർവദിക്കപ്പെട്ടു.




വെച്ചൂച്ചിറ, പുത്തൻപുരയിൽ ബെൻസിയർ പി.ഡി.യുടെയും റേച്ചൽ ബെൻസിയറിന്റെയും മകൻ **ഏബ്രഹാം ഡി. ബെൻസിയറും** നിരണം മട്ടയ്ക്കൽ ഇളമ്പത്ത് കെ.സി. ചാക്കോയുടെയും അന്നമ്മ ചാക്കോയുടെയും മകൾ **അന്നു ചാക്കോയും** തമ്മിലുള്ള വിവാഹം **2023 മെയ് 31 ന്** വെച്ചൂച്ചിറ സെന്റ് കുറിയാക്കോസ് മലങ്കര സുറിയാനി ദൈവാലയത്തിൽ വച്ച് സഹോദരൻ ബഹു. ഫാ. മാത്യു പുത്തൻപുരയിലിന്റെ മുഖ്യകാർമ്മികത്വത്തിൽ ആശീർവദിക്കപ്പെട്ടു.

www.malankaralibrary.com

Date of Publication : 01-06--2023
Price Rs. 10/-

**AIKYADEEPAM MONTHLY**
Marygiri, Tiruvalla, Kerala
Ph: 0469-2600626

R.N.I 35982/80
JUNE 2023




www.pulimoottilonline.com pulimoottil.tvla
**KOLLAM I KOTTAYAM I PALA I THODUPUZHA I THRISSUR**

**M C ROAD, THIRUVALLA**
**PH: 0469 2602221, 97782 94521**

Printed and Published by Fr. Thomas Kodinattukunnel, Published from Marigiri, Archbishop's House, Tiruvalla, Kerala and Printed at Rashtra Deepika, Vadavathoor, Kerala. Chief Editor: Fr. Varghese Chamakalayil